POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم نَحۡمَدُہٗ وَنُصَلِّی عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

ലക്കം 46

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 നവംബർ 16/ഹി:ശം:1396 നുബുവ്വത്ത് 16/ഹി:ഖ: 1439 സഫർ 26

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 13-10-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ബറാഹീനെ അഹ്മദിയ്യായിൽ റബ്ബി ലാ തദർനീ ഫർദൻ വ്വ അൽത ഖയ്റുൽ വാരിഥീൻ എന്ന പ്രവചനമുണ്ട്. ഈ പ്രാർഥന 'അല്ലാഹു ആത്മീയമായി ബന്ധമുള്ള ഒരു ജമാഅത്ത് എന്നോടൊപ്പമാക്കും, അവർ എന്റെ കൈയിൽ പശ്ചാത്തപിച്ചുമടങ്ങും' എന്ന സംഭവിക്കാനിരിക്കുന്ന കാര്യത്തെ സംബന്ധിച്ചുള്ള പ്രവചനമായിരുന്നു. അല്ലാഹുവിന് നന്ദി. ഈ പ്രവചനം സുവ്യക്തമായ നിലയിൽ പുലർന്നു. സത്യസന്ധരും കൂറുള്ളവരുമായ എന്റെ ആയിരക്കണക്കിന് ശിഷ്യന്മാർ എത്തരത്തിലുള്ള പരിവർത്തനമാണ് തങ്ങളിലുണ്ടാക്കിയതെന്നാൽ, അതിലെ ഓരോ വ്യക്തിയും ഓരോ ദൃഷ്ടാന്തമാണെന്ന് സത്യം ചെയ്ത് എനിക്ക് പറയാൻ കഴിയും. ആദ്യം ഞാൻ തനിച്ചായിരുന്നു. എന്നോടൊപ്പം ഒരു ജമാഅത്തും ഉണ്ടായിരുന്നില്ല. ഇപ്പോൾ ആയിരക്കണക്കിനാളുകൾ എന്നോടൊപ്പം ഉണ്ടെന്നുള്ള കാര്യം ഒരു എതിരാളിക്കും മറച്ചുവെക്കാൻ സാധിക്കുകയില്ല.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഇന്നേക്ക് 25 വർഷം മുമ്പേ എല്ലാ രാജ്യങ്ങളിലും പ്രസിദ്ധീകരിച്ചുകഴിഞ്ഞ ബറാഹീനെ അഹ്മദിയ്യായിൽ- അതായത് എല്ലാ ഭാഗവും പഞ്ചാബിലും ഇന്ത്യയിലും അറേബ്യൻനാടുകളിലും ശാം(സിറിയ) ദേശത്തും കാബൂളിലും ബുഖാറ തുടങ്ങിയുള്ള എല്ലാ ഇസ്‌ലാമിക നാടുകളിലും എത്തിച്ചുകഴിഞ്ഞതാണ് -ഈയൊരു പ്രവചനമുണ്ട്. *റബ്ബി ലാ തദർനീ ഫർദൻ വ്വ അൽത ഖയ്റുൽ വാരിഥീൻ* അതായത് അല്ലാഹുവിന്റെ വഹ്‌യിൽ ഞാനിങ്ങനെ പ്രാർഥിച്ചിരുന്നു: എന്റെ അല്ലാഹുവേ! ഞാനിപ്പോൾ തനിച്ചായതുപോലെ നീ എന്നെ തനിച്ചുവിട്ടുകളയരുതേ. നിന്നെക്കാൾ ഉത്തമനായ അനന്തരാവകാശി ആരാണുള്ളത്. അതായത് ഇപ്പോൾ എനിക്ക് മക്കളുണ്ടെങ്കിലും പിതാവുണ്ടെങ്കിലും സഹോദരനുണ്ടെങ്കിലും ആത്മീയമായ നിലയിൽ ഞാനിപ്പോൾ തനിച്ചാണ്. ആത്മീയമായ നിലയിൽ എന്റെ അനന്തരാവകാശികളായിരിക്കുന്നവരെയാണ് നിന്നിൽനിന്ന് ഞാനാഗ്രഹിക്കുന്നത്. ഈ പ്രാർഥന 'അല്ലാഹു ആത്മീയമായി ബന്ധമുള്ള ഒരു ജമാഅത്ത് എന്നോടൊപ്പമാക്കും, അവർ എന്റെ കൈയിൽ പശ്ചാത്തപിച്ചുമടങ്ങും' എന്ന സംഭവിക്കാനിരിക്കുന്ന കാര്യത്തെ സംബന്ധിച്ചുള്ള പ്രവചനമായിരുന്നു. അല്ലാഹുവിന് നന്ദി. ഈ പ്രവചനം സുവ്യക്തമായ നിലയിൽ പുലർന്നു.

പഞ്ചാബിൽനിന്നും ഇന്ത്യയിൽനിന്നുമുള്ള ആയിരക്കണക്കിന് സത്യാത്മാക്കൾ എന്റെ കൈയിൽ ബയ്അത്തു ചെയ്തു. ഇപ്രകാരംതന്നെ കാബൂൾ അമീറിന്റെ നാട്ടിൽനിന്നും ധാരാളമാളുകൾ എന്റെ ബയ്അത്തിൽ പ്രവേശിച്ചു. ആയിരക്കണക്കിന് ആളുകൾ എന്റെ കൈയിൽ ബയ്അത്തിൽ പ്രവേശിച്ചു. ആയിരക്കണക്കിന് ആളുകൾ എന്റെ കൈയിൽ തങ്ങളുടെ പലവിധത്തിലുള്ള പാപങ്ങളിൽനിന്നും മാനസാന്തരപ്പെട്ടുവെന്നതുതന്നെ എന്നെ സംബന്ധിച്ചിടത്തോളം മതിയായ കർമമാണ്. ബയ്അത്തിനുശേഷം ദൈവത്തിന്റെ കൈകൾ കൊണ്ട് വൃത്തിയാക്കിയാലല്ലാതെ വൃത്തിയാകാത്ത മാറ്റങ്ങൾ ആയിരക്കണക്കിനാളുകളിൽ ഞാൻ കണ്ടു. എന്റെ ആയിരക്കണക്കിന് സത്യസന്ധരും കൂറുള്ളവരുമായ ശിഷ്യന്മാർ എത്തരത്തിലുള്ള പരിവർത്തനമാണ് തങ്ങളിലുണ്ടാക്കിയതെന്നാൽ, അതിലെ ഓരോ വ്യക്തിയും ഓരോ ദൃഷ്ടാന്തമാണെന്ന് സത്യം ചെയ്ത് എനിക്ക് പറയാൻ കഴിയും. അവരുടെ പ്രകൃതിയിൽ ആദ്യമേതന്നെ സന്മാർഗത്തിന്റേയും സൗഭാഗ്യതയുടേയും ഒരു ബീജം മറഞ്ഞിരിപ്പുണ്ടായിരുന്നുവെന്നത് ശരിയാണെങ്കിലും അവർ ബയ്അത്ത് ചെയ്യുന്നതുവരെ പരസ്യമായ നിലയിൽ അത് വെളിപ്പെട്ടിരുന്നില്ല. ചുരുക്കത്തിൽ അല്ലാഹുവിന്റെ സാക്ഷ്യത്തിൽനിന്ന് ഞാൻ തനിച്ചായിരുന്നുവെന്നും എന്നോടൊപ്പം ഒരു ജമാഅത്തും ഉണ്ടായിരുന്നില്ല എന്നതും സ്ഥാപിതമാണ്. ഇപ്പോൾ ആയിരക്കണക്കിനാളുകൾ എന്നോടൊപ്പം ഉണ്ടെന്നുള്ള കാര്യം ഒരു എതിരാളിക്കും മറച്ചുവെക്കാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ പ്രവചനങ്ങൾ ഇത്തരത്തിലുള്ളതാണ്. അതിനോടൊപ്പം സഹായവും ദൈവികതാങ്ങുമുണ്ടാകുന്നു. എന്നെ കളവാക്കാൻ ആർക്കാണു സാധിക്കുക. അല്ലാഹു ഈ പ്രവചനം ചെയ്യുകയും ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്തപ്പോൾ അല്ലാഹു പറഞ്ഞതുപോലെ ഞാൻ തനിച്ചായിരുന്നു. അല്ലാഹുവല്ലാതെ മറ്റാരും എന്നോടൊപ്പമുണ്ടായിരുന്നില്ല. ഞാൻ എന്റെ കുടുംബക്കാരുടെ ദൃഷ്ടിയിൽ നിസ്സാരനായിരുന്നു. കാരണം അവരുടെ വഴികൾ വേറെയായിരുന്നു; എന്റെ വഴികൾ വേറെ. ഖാദിയാനിലെ എല്ലാ ഹിന്ദുക്കളും കഠിനമായ വിരോധികളാണെങ്കിൽപോലും അക്കാലത്ത് ആരാലും അറിയപ്പെടാത്ത അവസ്ഥയിലായിരുന്നുവെന്ന് സാക്ഷി പറയാൻ നിർബന്ധിതരാകുന്നതാണ്. ഇത്രമാത്രം പ്രീതിയുടേയും സ്നേഹത്തിന്റേയും ജീവൻ വകവെക്കാതെയുള്ള പ്രയത്നത്തിന്റേയും ബന്ധമുള്ളവർ എന്നോടൊപ്പം വന്നുചേരുമെന്നുള്ളതിന് ഒരു അടയാളവുമുണ്ടായിരുന്നില്ല. പറയുക! ഈ പ്രവചനം കറാമത്തല്ലേ? മനുഷ്യന് ഇങ്ങനെ ചെയ്യാൻ കഴിയുമോ? കഴിയുമെങ്കിൽ ഇക്കാലത്തോ മുൻകാലത്തോ അങ്ങനെ നടന്നിരുന്നതായി തെളിയിച്ചുകാണിക്കുക. ഫഇൻല്ലം തഫ്അലൂ വലൻ തഫ്അലൂ ഫത്തഖുന്നാറല്ലത്തീ വഖൂദുഹന്നാസു വൽഹിജാറത്തു ഉഇദ്ദത്ത് ലിൽകാഫിരീൻ.

**ദൃഷ്ടാന്തം 92**: അബ്ദുൽ ഹഖ് ഗസ്നവിയുമായി അമൃതസറിൽ നടന്ന മുബാഹലയാണ് 92-ാമത്തെ ദൃഷ്ടാന്തം. അത് നടന്നിട്ട് 11 വർഷം കഴിഞ്ഞു. അതും അല്ലാഹുവിന്റെ ഒരു ദൃഷ്ടാന്തമാണ്. അബ്ദുൽഹഖ് മുബാഹലയ്ക്കുവേണ്ടി വളരെ നിർബന്ധിച്ചു. എനിക്കാണെങ്കിൽ അദ്ദേഹവുമായി മുബാഹല ചെയ്യുന്നതിൽ താമസവുമുണ്ടായിരുന്നു. കാരണം ആരുടെ ശിഷ്യനാണെന്നാണോ അയാൾ പറഞ്ഞിരുന്നത് അദ്ദേഹം എന്റെ അഭിപ്രായത്തിൽ സ്വാലിഹായ മനുഷ്യനായിരുന്നു; അതായത് മൗലവി അബ്ദുല്ലാഹ് സാഹിബ് മർഹൂം ഗസ്നവി. അദ്ദേഹം എന്റെ കാലത്ത് ജീവിച്ചിരുന്നെങ്കിൽ ഞാൻ വാദിച്ചതോടൊപ്പംഎന്നെ നിഷേധിക്കാതെ വിശ്വസിക്കുമായിരുന്നുവെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ, ആ സ്വാലിഹായ മനുഷ്യൻ എന്റെ വാദത്തിനു മുമ്പേ ഇഹലോകവാസം വെടിഞ്ഞു. വിശ്വാസാദർശത്തിൽ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ തെറ്റ് അത്ര ശിക്ഷാർഹമല്ലായിരുന്നു. കാരണം ഗവേഷണപരമായ തെറ്റ് മാപ്പാണ്. ക്ഷണത്തിനും ന്യായപൂർത്തിക്കും ശേഷമാണ് ശിക്ഷ തുടങ്ങുന്നത്. എന്നാൽ, അദ്ദേഹം മുത്തഖിയും പുണ്യവാനുമായിരുന്നു എന്നതിൽ സംശയമില്ല. സ്വാത്മപരിത്യാഗവും ഭൗതികതയോടുള്ള വിച്ഛേദവും അദ്ദേഹത്തിൽ അതിജയിച്ചിരുന്നു. സ്വാലിഹീംകളായ ദാസരിൽപെട്ടയാളായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഒരിക്കൽ സ്വപ്നത്തിൽ കണ്ടു. ഞാൻ അദ്ദേഹത്തോടു ചോദിച്ചു: ഞാൻ സ്വപ്നത്തിൽ എന്റെ കൈയിൽ ഒരു വാളുള്ളതായി കണ്ടു. അതിന്റെ പിടി എന്റെ കൈയിലാണ്. അതിന്റെ മുന ആകാശത്തുമാണ്. ഞാൻ വലത്തോട്ടും ഇടത്തോട്ടും ആ വാള് വീശുന്നു. ഓരോ വെട്ടിലും ആയിരക്കണക്കിന് എതിരാളികൾ മരിക്കുന്നു. അതിന്റെ വ്യാഖ്യാനമെന്താണ്? അപ്പോൾ അദ്ദേഹം പറഞ്ഞു: ഇത് ന്യായപൂർത്തിയുടെ വാളാണ്. ഈ ന്യായപൂർത്തീകരണം ഭൂമിയിൽനിന്ന് ആകാശംവരെ എത്തുന്നതായിരിക്കും. ആർക്കും അതിനെ തടയാൻ സാധിക്കുകയില്ല. ചിലപ്പോൾ ഇടതുഭാഗത്തേക്കും ചിലപ്പോൾ വലത്തുഭാഗത്തേക്കും വാള് വീശുന്നതായി കണ്ടതിന്റെ ഉദ്ദേശ്യം താങ്കൾക്ക് നല്കപ്പെടുന്ന രണ്ടുതരത്തിലുള്ള തെളിവുകളാണ്. ഒന്ന് ബുദ്ധിപരവും പ്രമാണപരവുമായ തെളിവുകൾ. രണ്ട് അല്ലാഹുവിന്റെ ചൂടുള്ള അടയാളങ്ങളുടെ തെളിവുകൾ. ഈ രണ്ടുമാർഗത്തിലും ലോകത്തിനുമേൽ ന്യായപൂർത്തി പൂർണമാകും. എതിരാളികൾ, ഈ തെളിവുകൾക്കു മുമ്പിൽ അവസാനം നിശബ്ദരായിപ്പോകും; അതായത് മരിച്ചുപോകും. പിന്നീട് പറഞ്ഞു: ഞാൻ ലോകത്തുണ്ടായിരുന്നപ്പോൾ അത്തരം ഒരു വ്യക്തി ജനിക്കുമെന്നുള്ള- അദ്ദേഹത്തിന്റെ വായിൽനിന്ന് പുറത്തുവന്ന വാക്കുകളാണിത്- പ്രതീക്ഷക്കാരനായിരുന്നു. *വ ലഅ്നത്തുല്ലാഹി അലൽകാദിബീൻ.*

അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ ഒരിക്കൽ ഖയ്റവി എന്ന സ്ഥലത്തും മറ്റൊരിക്കൽ അമൃതസറിലും അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി. ഞാൻ അദ്ദേഹത്തോടു പറഞ്ഞു. താങ്കൾ മുൽഹം (ഇൽഹാം ഉണ്ടാകുന്ന ആൾ) ആകുന്നു. നമ്മുടെ ഒരു ആഗ്രഹമുണ്ട്. അതിനുവേണ്ടി ദുആ ചെയ്യുക. ആ ഉദ്ദേശ്യമെന്താണെന്ന് ഞാൻ താങ്കളോടും പറയുകയില്ല. അദ്ദേഹം പറഞ്ഞു: ദർപൗശീദഃ ദാശ്ത്തൻ ബർക്കത്ത് അസ്ത് വ മൻ ഇൻശാഅല്ലാഹ് ദുആ ഖ്വാഹം കർദ് വ ഇൽഹാം അമർ

ശേഷം പേജ് 8ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മഹ്ദി മസീഹിന് ഖാത്തമുന്നബിയ്യീനോടുള്ള സ്നേഹം

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

**ഇന്നീ അമൂത്തു വലാ തമൂത്തു മഹബ്ബത്തീ**
**യുദ്റാ ബിദിക്രിക്ക ഫിത്തുറാബി നിദാഈ**

'ഞാൻ മരിച്ചുപോകുന്നതാണ്. പക്ഷേ, നിന്നോടുള്ള എന്റെ സ്നേഹം മരിക്കുകയില്ല. ഖബ്റിലെ മണ്ണിലും നിന്റെ സ്മരണയോടുകൂടി എന്റെ ശബ്ദം തിരിച്ചറിയപ്പെടുന്നതാണ്.'

അഹ്മദിയ്യാ ചരിത്രം ആഴത്തിൽ പഠിക്കുമ്പോൾ, സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തിൽ ഇസ്ലാമിന്റെ സാംസ്കാരികവും ധാർമികവും മതപരവുമായ അവസ്ഥ എല്ലാതരത്തിലും പരിതാപകരവും ശോചനീയവും വളരെ മോശവുമായിരുന്നുവെന്ന് മനസ്സിലാകുന്നു.

ഒരു കവി പറഞ്ഞതുപോലെ;

**യാറബ്ബ് യെ കയ്സെ മുസൽമാൻ ഹെ ജോ ദീൻ കി അള്മത്ത് ഭൂൽഗയേ**
**കലിമ തൊ സബാനീ യാദ് രഹാ കലിമ കി ഹഖീഖത്ത് ഭൂൽഗയേ**

രക്ഷിതാവേ! ഇവർ എങ്ങനെയുള്ള മുസ്ലീംകളാണ്. ഇവർ ദീനിന്റെ മഹത്ത്വം മറന്നുപോയിരിക്കുന്നു. കലിമ ഇവർക്ക് മനപാഠമാണ്. പക്ഷേ, കലിമയുടെ യാഥാർഥ്യം മറന്നുപോയിരിക്കുന്നു.

ജനഹൃദയങ്ങളിൽനിന്ന് റസൂൽ(സ)തിരുമേനിയോടുള്ള നാമം നിർമാർജനം ചെയ്യപ്പെട്ടിരുന്ന 125 വർഷം മുമ്പേ മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)ന് അല്ലാഹു ഇൽഹാം അറിയിച്ചു:

**'കുല്ലു ബർക്കത്തിൻ മിൻ മുഹമ്മദിൻ സ്വല്ലല്ലാഹു അലയ്ഹിവസല്ലം.'**

'എല്ലാ ബർക്കത്തുകളുടേയും ഉറവിടം ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ പരിശുദ്ധ അസ്തിത്വമാണ്. അതുകൊണ്ട് നീ അദ്ദേഹത്തെ പൂർണമായും സ്നേഹിക്കുക. അദ്ദേഹത്തിന്റെ സ്നേഹസാഗരത്തിൽനിന്ന് മദോന്മത്തനാകുകയും ലഹരിപ്രാപിക്കുന്നവനാകുകയും ചെയ്യുക.'

മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഈ ദൈവകല്പന എങ്ങനെ പൂർത്തിയാക്കിയെന്നാൽ, മലക്കുകൾപോലും അനിയന്ത്രിതമായി പറഞ്ഞുപോയി:

**'ഹാദാ റജുലുൻ യുഹിബ്ബു റസൂലല്ലാഹി'**

ദീനിന്റെ പുനരുദ്ധാരണത്തിന് റസൂൽ(സ)തിരുമേനിയുടെ ഏതൊരു പ്രേമഭാജനത്തെയാണോ ഞങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നത് ഈ മിർസാഗുലാം അഹ്മദ് ഖാദിയാനിയിൽ ഞങ്ങൾക്ക് അയാളെ ലഭിച്ചിരിക്കുന്നു.

അല്ലാഹു കഴിഞ്ഞാൽ മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)ന് ആരോടെങ്കിലും സ്നേഹവും അനുരക്തിയും ഉണ്ടായിരുന്നെങ്കിൽ അത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയോടായിരുന്നു.

**ബഅ്ദ് അസ് ഖുദാ ബഇശ്ഖെ മുഹമ്മദ് മുഖമ്മറം**
**ഗർ കുഫ്ർ ഈ ബവദ് ബഖുദാ സഖ്ത്ത് കാഫിറം**

അല്ലാഹുവിനുശേഷം ഞാൻ മുഹമ്മദു മുസ്തഫാ(സ)യോടുള്ള പ്രേമത്തിൽ മദോന്മത്തനായിരിക്കുന്നു. നബി(സ) തിരുമേനിയോടുള്ള ഈ പ്രേമം കുഫ്റാണെങ്കിൽ അല്ലാഹുവാണ! ഞാൻ കൊടും കാഫിറാകുന്നു.

നബി(സ)തിരുമേനിയോടുള്ള മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ പ്രേമവും സ്നേഹത്തിന്റെ വർണനയും താല്ക്കാലികമോ താൽക്ഷണികമോ കേവലം വികാരാവസ്ഥകളുടെ ഫലമോ ആയിരുന്നില്ല. മറിച്ച് ആ മഹാത്മാവിന്റെ മുമ്പിൽ അവിടത്തെ പ്രേമഭാജനമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെ കുറിച്ച് പ്രതിപാദനമുണ്ടാകുമ്പോഴൊക്കെ നയനങ്ങളിൽ നിന്ന് കണ്ണീർ ഇറ്റിറ്റ് കവിൾത്തടത്തിൽ വീഴുമായിരുന്നു.

ഖമറുൽ അമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പറയുന്നു: "ഞാൻ അല്ലാഹുവിനെ ഇവിടെയുള്ളവനും എല്ലാം കാണുന്നവനുമായി മനസ്സിലാക്കിക്കൊണ്ടു പറയുന്നു: നബി(സ)തിരുമേനിയെ കുറിച്ച് പറയുമ്പോൾ എന്നല്ല ആ മഹാത്മാവിന്റെ പേരു പറയുമ്പോൾപോലും മഹ്ദീമസീഹിന്റെ കണ്ണുകളിൽ കണ്ണീരിന്റെ തുള്ളി കാണാത്തൊരു അവസ്ഥ എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ആ മഹാത്മാവിന്റെ മനസ്സും ബുദ്ധിയും എന്നല്ല മുഴുവൻ ശരീരത്തിന്റേയും ഓരോ തരിയും തന്റെ യജമാനരായ ഹദ്റത്ത് സർവരെ കായിനാത്ത് ഫഖ്റെ മൗജൂദാത്ത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യോടുള്ള പ്രേമംകൊണ്ട് നിറഞ്ഞതായിരുന്നു.

ലോകത്ത് നമ്മുടെ പ്രിയപ്പെട്ടവരിൽ പ്രിയപ്പെട്ടവർ മരിച്ചുപോകാറുണ്ട്. കുറച്ചു ദിവസമോ കുറച്ചുമാസമോ അവരെ ഓർത്ത് നമ്മുടെ മനസ്സുകളിൽ നിസാരവേദന അനുഭവിക്കാറുമുണ്ട്. ഈ പ്രേമഭാജനം 1400 വർഷംമുമ്പേ കഴിഞ്ഞു കടന്നതാണ്. എന്നാൽ, ഇന്നും തന്റെ പ്രേമഭാജനത്തിന്റെ വേർപാട് ഓർത്ത് അതിയായ ദുഃഖഭാരത്താൽ ഒരാൾ വിങ്ങിപ്പൊട്ടുകയാണ്. ഒറ്റയ്ക്കിരുന്ന് തന്റെ പ്രേമഭാജനത്തിന്റെ മറ്റൊരു പ്രേമിയായ ഹദ്റത്ത് ഹസ്സാനുബ്നു ഥാബിത്(റ)ന്റെ ഈ കവിതാശകലം മൂളിക്കൊണ്ടിരിക്കുന്നു.

**കുൻതസ്സവാദ ലിനാളിരീ ഫഅ്മിയ അലയ്ക്കന്നാളിറു**
**മൻശാഅ ബഅ്ദക്ക ഫൽയമുത്ത് ഫഅലയ്ക്ക കുൻതു ഉഹാദിറു**

അല്ലയോ പ്രേമഭാജനമേ! നീ എന്റെ കണ്ണിന്റെ കൃഷ്ണമണിയായിരുന്നു. നിന്റെ മരണം കാരണത്താൽ അത് ഇന്ന് അന്ധയായിത്തീർന്നിരിക്കുന്നു. നിനക്കുശേഷം ആരുവേണമെങ്കിലും മരിച്ചോട്ടെ!ഞാൻ നിന്റെ മരണത്തെകുറിച്ചാണ് ഭയപ്പെട്ടിരുന്നത്. അത് ഇന്ന് സംഭവിച്ചിരിക്കുന്നു.

നിവേദകൻ പറയുന്നു: ഖാദിയാനിലെ മസ്ജിദ് മുബാറക്കിൽ മഹ്ദീമസീഹ്(അ) തനിച്ച് ഉലാത്തുമ്പോൾ അദ്ദേഹം പൊട്ടിക്കരയുന്നതു ഞാൻ കണ്ടു. പരിഭ്രമിച്ചുകൊണ്ട് കാര്യം തിരക്കിയപ്പോൾ പറഞ്ഞു: ഞാൻ ഇപ്പോൾ ഹസ്സാനുബ്നുഥാബിത്തിന്റെ ആ കവിതാശകലം ചൊല്ലുകയായിരുന്നു, അപ്പോൾ ഞാൻ ആഗ്രഹിച്ചുപോയി, ഹാ! ഈ കവിതാശകലം എന്റെ നാവിലൂടെ പുറപ്പെട്ടിരുന്നെങ്കിൽ!

അവിടന്ന് പറയുന്നു: "അല്ലാഹുവാണ! എന്റെ എല്ലാ മക്കളും മക്കളുടെ മക്കളും എന്റെ എല്ലാ സഹായികളും എന്നെ പിന്തുണയ്ക്കുന്നവരും എന്റെ കൺമുമ്പിൽ അറുകൊല ചെയ്യപ്പെട്ടാലും എന്റെ സ്വന്തം കൈയും കാലും വെട്ടിമുറിക്കപ്പെട്ടാലും നബി(സ)തിരുമേനിയുടെമേൽ അവിശുദ്ധ ആക്രമണം നടത്തുന്നതായിരിക്കും എന്നെ കൂടുതൽ വേദനിപ്പിക്കുന്നത്."(ആയിനയെ കമാലാത്തെ ഇസ്ലാം)

ബറാഹീനെ അഹ്മദിയ്യായുടെ മുഖവുരയിൽ അദ്ദേഹമെഴുതി: 'ആയിരക്കണക്കായ ആപത്തുകളുടേയും എണ്ണമറ്റ ശത്രുക്കളുടേയും ഭീഷണിപ്പെടുത്തുന്ന എതിരാളികളുടേയുംമുമ്പിൽ, ആദ്യം മുതൽ അവസാനംവരെ നബി(സ)തിരുമേനി തന്റെ പ്രവാചകവാദത്തിൽ ഉറച്ചു നില്ക്കുകയും സ്ഥൈര്യത്തോടെ നിലകൊള്ളുകയും ചെയ്തതിനെക്കുറിച്ച് ഒന്നോർത്തു നോക്കുവിൻ! അത്തരം പ്രയാസങ്ങളും കഷ്ടപ്പാടുകളും ഒന്നിനൊന്ന് ഓരോ ദിവസവും ഏറിക്കൊണ്ടിരുന്നിട്ടും സഹന പരീക്ഷണങ്ങളിലൂടെ കൊല്ലങ്ങളോളം അവിടന്ന് അതിനെ നേരിട്ടുപോന്നു. വിജയത്തെ സംബന്ധിച്ച് നിരാശപ്പെടാൻ അതുമാത്രം മതിയായിരുന്നു. പ്രവാചകവാദം ഉന്നയിച്ചതോടെ മുമ്പേ ലഭിച്ചിരുന്ന പിന്തുണയും നഷ്ടപ്പെട്ടു. ഈ ഒരു കാരണത്താൽ ലക്ഷക്കണക്കിന് ആളുകളുടെ വിയോജിപ്പ് അദ്ദേഹത്തിന് സമ്പാദിക്കേണ്ടി വന്നു. എണ്ണമറ്റ വിപത്തുകളെ ആ മഹാത്മാവ് ശിരസിലേറ്റി. സ്വദേശത്തുനിന്നും നിഷ്ക്കാസിതനാക്കപ്പെട്ടു. അദ്ദേഹത്തെ കൊല്ലാനായി ഗൂഢാലോചന നടത്തി. അദ്ദേഹത്തിന്റെ വീടും സ്വത്തുക്കളും നശിപ്പിക്കപ്പെട്ടു. വിഷംകൊടുത്തു കൊല്ലാൻ പലരും പല തവണ ശ്രമിച്ചുനോക്കി. അദ്ദേഹത്തിന്റെ ശുഭകാംക്ഷികളായിരുന്നവർ അദ്ദേഹത്തെ കുറിച്ച് ദുഷ്ടവിചാരം പുലർത്തി. സ്നേഹിതന്മാരെല്ലാം ശത്രുക്കളായി മാറി. ഒരു നീണ്ട കാലത്തോളം ആ കഷ്ടപ്പാടുകളെ അദ്ദേഹം ധീരതയോടെ നേരിട്ടുപോന്നു. കപടവാദിയും കറ്റുകെട്ടുകാരനുമായ ഒരാൾക്ക് നേരിടാനാവുന്ന സഹനപരീക്ഷണങ്ങളായിരുന്നില്ല, ദീർഘകാലം നീണ്ടുനിന്ന ആ കഷ്ടപ്പാടുകൾ.'(റൂഹാനീ ഖസായിൻ വാല്യം 1 പേജ് 108,109 ബറാഹീനെ അഹ്മദിയ്യ മുഖവുര പേജ് 116, 117 ഒന്നാം പതിപ്പ്)

ബറാഹീനെ അഹ്മദിയായിൽ നബി(സ)തിരുമേനിയുടെ മദ്ഹ് പറയുന്ന ദീർഘമായൊരു ഫാർസി കവിത അദ്ദേഹം എഴുതിയിട്ടുണ്ട്. പേജ് 17 മുതൽ 23 വരെ അത് നീളുന്നു. അതിലെ ഓരോ വരിയും നബി(സ)തിരുമേനിയോടുള്ള സ്നേഹവും പ്രേമവും അനുരക്തിയും തുടിക്കുന്നതാണ്. പറയുന്നു:

**ഖത്തമ് ശുദ് ബർ നഫ്സെ ഹർകമാൽ ലാ ജറമ് ശുദ് ഖത്തമ് ഹർ പേംഗമ്പരേ**

നബി(സ)തിരുമേനിയുടെ പരിപാവനമായ ആത്മാവിനുമേൽ എല്ലാ പരിപൂർണതകളും സമ്പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. എല്ലാ നന്മകളും മാനുഷികമായ എല്ലാ സൽസ്വഭാവങ്ങളും തികവുറ്റതായിക്കഴിഞ്ഞിരിക്കുന്നു. എല്ലാ സമ്പൂർണതയും അതിന്റെ ഉച്ചിയിലെത്തിയിരിക്കുന്നു. നബി(സ)തിരുമേനിയുടെ അസ്തിത്വത്തിൽ എല്ലാ പ്രവാചകന്മാരുടേയും പ്രവാചകത്വം സമ്മേളിച്ചിരിക്കുന്നു.




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

പാക്കിസ്താനിൽ ഇടയ്ക്കിടെ എന്തെങ്കിലുമൊക്കെ പറഞ്ഞ് അഹ്മദികൾക്കെതിരിൽ രാഷ്ട്രീയക്കാരും ഉലമാക്കളും തങ്ങളുടെ പക പുറത്തെടുക്കാറുണ്ട്. ജനങ്ങളെ തങ്ങളുടെ പിന്നാലെ നടത്തുന്നതിനും തങ്ങളുടെ ആളുകളാക്കുന്നതിനും പ്രശസ്തി കരസ്ഥമാക്കുന്നതിനുമുള്ള എളുപ്പവഴിയാണിതെന്ന് അവർ കരുതുന്നു. മുസ്ലിംകളുടെ വികാരങ്ങളെ പ്രകോപിപ്പിക്കുന്നതിന് ഉപയോഗിക്കാനുള്ള ഏറ്റവും വലിയ ആയുധം ഖത്തമുന്നുബുവ്വത്ത് എന്ന ആയുധമാണ്. ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ വിശ്വാസം നഷ്ടപ്പെടുകയോ ഏതെങ്കിലും രാഷ്ട്രീയക്കാരന്റെ ഇഷ്ടപ്പെട്ട ഗ്രാഫ് തകർന്നുകൊണ്ടിരിക്കുകയോ നിലവാരം കുറഞ്ഞുകൊണ്ടിരിക്കുകയോ നാമമാത്രമായ മതസംഘടനകൾ രാഷ്ട്രീയപരമായി പ്രശസ്തി ആഗ്രഹിക്കുകയോ മറ്റു സംഘടനകൾ മറ്റു രാഷ്ട്രീയപാർട്ടികളേയോ മറ്റു രാഷ്ട്രീയക്കാരേയോ ഇകഴ്ത്തിക്കാണിക്കാൻ ഇച്ഛിക്കുകയോ ചെയ്യുമ്പോൾ അഹ്മദികളുമായി അവർക്ക് ബന്ധമുണ്ടെന്ന് പറഞ്ഞ്, എത്ര വലിയ അക്രമമാണ് ഇവർ നടത്തുന്നത്. വിദേശശക്തികൾക്ക് വിധേയരായി ഈ ആളുകൾ ഖത്തമുന്നബുവ്വത്തിനെ നിഷേധിക്കുന്ന അഹ്മദികളെ main stream മുസ്ലിംകളിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുകയാണെന്ന് പറയുന്നു; അഹ്മദി അവരുടെ അഭിപ്രായത്തിൽ ഖത്തമുന്നുബുവ്വത്തിന്റെ നിഷേധികളായിരിക്കുമ്പോഴാണിത്!

---

കഴിഞ്ഞ ദിവസം പാക്കിസ്താന്റെ നാഷണൽ അസംബ്ലിയിൽ ഒരു ഭരണഘടനാഭേദഗതിയുടെ വാക്കുകളിൽ മാറ്റം വരുത്തുന്നതിന് -രാഷ്ട്രീയ പാർട്ടി, അല്ലെങ്കിൽ ഭരണകക്ഷി തങ്ങളുടെ നേട്ടത്തിനുവേണ്ടി ചെയ്തതും ഇതുതന്നെയാണെന്ന് നമുക്ക് കാണാൻ കഴിഞ്ഞു.

അഹ്മദിയ്യാ ജമാഅത്ത് ഒരു വിദേശശക്തികളോടും പാക്കിസ്താൻ അസംബ്ലിയുടെ ഭരണഘടന ഭേദഗതി ചെയ്യിച്ച് നിയമത്തിന്റേയും ഭരണഘടനയുടേയും ദൃഷ്ടിയിൽ ഞങ്ങളെ മുസ്ലിമാക്കാൻ ഒരിക്കലും പറഞ്ഞിട്ടില്ല. ഒരു പാക്കിസ്താൻ ഭരണകൂടത്തോടും ഇതുപറഞ്ഞ് യാചിച്ചിട്ടുമില്ല. ഞങ്ങൾക്ക് ഏതെങ്കിലും അസംബ്ലിയെക്കൊണ്ടോ, ഭരണകൂടത്തെക്കൊണ്ടോ മുസ്ലിം എന്ന് പറയിക്കുന്നതിനു ഏതെങ്കിലും സർട്ടിഫിക്കറ്റിന്റെ ആവശ്യവുമില്ല; ഒരു പ്രമാണത്തിന്റേയും ആവശ്യമില്ല. ഞങ്ങൾ ഞങ്ങളെ മുസ്ലീംകൾ എന്നു പറയുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങൾ മുസ്ലീംകളാണ്. ഞങ്ങളെ അല്ലാഹുവും അവന്റെ റസൂലും(സ) മുസ്ലീംകളെന്ന് പറഞ്ഞിരിക്കുന്നു. ഞങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് ചൊല്ലുന്നവരാണ്. ഞങ്ങൾ ഈമാൻ കാര്യങ്ങളിലും ഇസ്ലാം കാര്യങ്ങളിലുമെല്ലാം വിശ്വസിക്കുന്നവരാണ്. ഞങ്ങൾ വിശുദ്ധഖുർആനെ വിശ്വസിക്കുന്നവരാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞതുപോലെ നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് ദൃഢമായും വിശ്വസിക്കുന്നവരാണ്.

ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ) ഖാത്തമുന്നബിയ്യീനാണെന്ന കാര്യത്തിൽ ഞങ്ങൾ ദൃഢചിത്തരായി നിലകൊള്ളുന്നവരാണ്. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)തുറന്നും വ്യക്തമായും എഴുതിയിട്ടുണ്ട്. ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവരെ മതമില്ലാത്തവനും ഇസ്ലാമികവൃത്തത്തിൽനിന്ന് പുറത്തായവനുമാണെന്ന് താൻ മനസ്സിലാക്കുന്നുവെന്ന് പലയിടത്തും വിശദീകരിച്ചിട്ടുണ്ട്; അവൻ അഹ്മദിയുമല്ല, മുസ്ലിമുമല്ല. ഞങ്ങൾ നഊദുബില്ലാഹ്!നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കുന്നവരല്ലെന്നും ഖത്തമുന്നുബവ്വത്തിനെ നിഷേധിക്കുന്നവരാണെന്നും പറഞ്ഞ് ഞങ്ങൾക്കെതിരിൽ കലഹമുണ്ടാക്കുകയും ഞങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുകയും ചെയ്യുന്നു. ഇത് ഞങ്ങളുടെമേൽ ഉന്നയിക്കപ്പെടുന്ന അങ്ങേയറ്റം തരംതാണതും വൃത്തികെട്ടതുമായ ആക്ഷേപമാണ്.

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ലിഖിതങ്ങളുടേയും നിർദേശങ്ങളുടേയും അടിസ്ഥാനത്തിൽ നബി(സ)തിരുമേനിയുടെ സ്ഥാനമായ ഖാത്തമുന്നബിയ്യീനേയും ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യത്തേയും കുറിച്ച് വിജ്ഞാനപ്രദമായ ചർച്ച

ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളെ നഊദുബില്ലാഹ് വിശുദ്ധഖുർആനെക്കാൾ ശ്രേഷ്ഠമാണെന്ന് മനസ്സിലാക്കുന്നുവെങ്കിൽ ഞങ്ങൾ ഇന്ന് ചെലവ് ചെയ്തും സാമ്പത്തികത്യാഗം ചെയ്തും ലോകത്ത് വിശുദ്ധഖുർആനിന്റെ തർജമ പ്രസിദ്ധീകരിക്കുന്നതിനു പകരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെതന്നെ ഇൽഹാമുകൾ പ്രസിദ്ധീകരിക്കുമായിരുന്നു. ഇതുവരെ 75 ഭാഷകളിൽ വിശുദ്ധഖുർആനിന്റെ സമ്പൂർണ പരിഭാഷ പ്രസിദ്ധീകരിച്ചുകഴിഞ്ഞിരിക്കുന്നു. കുറച്ചു ഭാഷകളിൽ ഇപ്പോൾ പരിഭാഷ നടന്നുവരുന്നുമുണ്ട്. 111 ഭാഷകളിൽ വിശുദ്ധഖുർആനിന്റെ തിരഞ്ഞെടുത്ത വചനങ്ങളുടെ പരിഭാഷ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു. വൻ ഇസ്ലാമിക രാഷ്ട്രങ്ങൾ പറയട്ടെ, പണക്കാരായ മതസംഘടനകളും ഒന്നുപറയട്ടെ, അവർ എത്ര ഭാഷകളിൽ വിശുദ്ധഖുർആനിന്റെ തർജമ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന്!

ഖാത്തമുന്നബിയ്യീന്റെ യഥാർഥമായ അർഥവും ആത്മാവും നമ്മൾ അഹ്മദികളാണ് മനസ്സിലാക്കുന്നത്. നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണ് എന്നതിനെ സംബന്ധിച്ച് അല്ലാഹുവിന്റെ വിളംബരത്തിന്റെ പ്രചാരണവും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ അവരുടെ ഭാഷയിൽ അഹ്മദികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നിട്ടും ഇക്കൂട്ടർ അഹ്മദികൾ ഖത്തമുന്നുബുവ്വത്തിന്റെ നിഷേധികളാണെന്ന് ആക്ഷേപിക്കുന്നു.

ഇക്കാലത്തെ ഉലമാ പരസ്പരം ഒരാൾ മറ്റൊരാളുടെമേൽ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, മറ്റുള്ള മതങ്ങൾക്ക് അവരുടെ മുഖം കാണിച്ചുകൊടുത്ത് അവരുടെ ബലഹീനതകൾ പറഞ്ഞു മനസ്സിലാക്കി നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനം സ്ഥാപിച്ചു കാണിക്കാനുള്ള തന്റേടമില്ല. ഈ ജോലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിക്ഷണവും ജ്ഞാനവുംകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പക്ഷേ, എങ്കിലും അവരുടെ ദൃഷ്ടിയിൽ നമ്മൾ  കാഫിറും അവർ മുഅ്മിനുമാണ്.

---

പാക്കിസ്താൻ അസംബ്ലിയിൽ നിയമങ്ങൾ ഉണ്ടാക്കുന്നതിന്റെ പദങ്ങളെകുറിച്ച് അവർ പരസ്പരം ആലോചിച്ചു കാര്യങ്ങൾ തീരുമാനിച്ചിരുന്നതാണ്. തീരുമാനമെടുത്തതിനു ശേഷം കുറച്ചുദിവസംമുമ്പേ ഒരു അസംബ്ലി മെമ്പർ അനാവശ്യമായി പ്രകോപനപരമായ ഒരു പ്രസംഗം ചെയ്തു. ഇത് കേവലം അസംബ്ലി അംഗങ്ങളുടെ വികാരത്തെ വ്യാജമായി പ്രകോപിപ്പിക്കുന്നതിനു വേണ്ടിയായിരുന്നില്ല. പ്രത്യുത അതിനോടൊപ്പം പൊതുജനങ്ങളേയും പ്രകോപിപ്പിക്കുകയും രാജ്യത്ത് കുഴപ്പങ്ങളുണ്ടാക്കുകയും അഹ്മദികൾക്കെതിരെ ജനങ്ങളെയെല്ലാം അണിനിരത്തുകയും ചെയ്യുന്നതിനുള്ള ഒരു ശ്രമവുമായിരുന്നു. തന്നെ സ്വയം രാജ്യത്തിന്റെ വലിയ കൂറുള്ളവനായ ലീഡർ എന്ന നിലയിൽ സ്ഥാപിക്കാനുള്ള ശ്രമമായിരുന്നു അയാളുടേത്. അയാളുടെ രാഷ്ട്രീയജീവിതത്തിന് എന്തെങ്കിലും പുതുജീവിതം കിട്ടാനും!

---

ഖായിദെഅഅ്ളം യൂനിവേഴ്സിറ്റിയിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിന് ഡോക്ടർ അബ്ദുസ്സലാമിന്റെ പേരു കൊടുത്തത് തങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ലെന്ന് സ്വന്തമായ നിലയിൽ വലിയ മൈതാനങ്ങൾ 'കീഴടക്കുന്ന' ഈ അസംബ്ലി അംഗം പറഞ്ഞു. കാരണം ഡോക്ടർ അബ്ദുസ്സലാം കാഫിറാണ്. അദ്ദേഹം ഖത്തമുന്നുബ്ബുവ്വത്തിൽ വിശ്വസിക്കുന്നില്ല!!! ഈ പേർ വെച്ചത് ഇയാളുടെ സ്വന്തം പാർട്ടിയുടെ പ്രധാനമന്ത്രിയും പ്രസിഡണ്ടുമായിരുന്നുവെന്ന കാര്യം ഇയാൾ ഓർക്കേണ്ടതാണ്. എന്നല്ല, ഈ അസംബ്ലി അംഗത്തിന്റെ ഭാര്യാപിതാവുമാണ്! അന്ന് എന്തുകൊണ്ട് ഇയാൾ ഈ ആത്മീയരോഷം കാണിച്ചില്ല. എന്തുകൊണ്ട് ആത്മീയരോഷം പ്രകടിപ്പിച്ചില്ല. ഇപ്പോൾ ഇത് പ്രകടിപ്പിക്കാൻ കാരണം ഇയാളുടെ പാർട്ടിക്കെതിരിൽ അഴിമതി ആരോപണം ഉണ്ടായിരിക്കുന്നു എന്നതാണ്. അതിൽനിന്ന് രക്ഷപ്പെടാൻ അഹ്മദികൾക്കെതിരിൽ എന്തൊന്ന് വായിൽ വരുന്നുവോ അത് വിളിച്ചു പറയുന്നതാണ് എളുപ്പവഴി എന്ന് ഇയാൾ മനസ്സിലാക്കുന്നു.പിന്നീട് അഹ്മദികളെ സംബന്ധിച്ചുള്ള പ്രശ്നം അത് പേരിട്ടാലും വേണ്ടില്ല പേരിട്ടില്ലെങ്കിലും വേണ്ടില്ല ഞങ്ങൾക്കൊരു വ്യത്യാസം വരാനില്ല.

---

അസംബ്ലി അംഗം പറയുന്നത് അഹ്മദികളെ പട്ടാളത്തിൽ ചേർക്കാൻ പാടില്ലെന്നാണ്. പാക്കിസ്താന്റെ ഇന്നുവരെയുള്ള ചരിത്രം പറയുന്നത് എത്രയെത്ര അഹ്മദികൾ പട്ടാളത്തിൽ ചേർന്നിട്ടുണ്ടോ അവർ രാജ്യത്തിനുവേണ്ടി എല്ലാ ത്യാഗങ്ങളും ചെയ്തുവെന്നാണ്. സാധാരണയായി പട്ടാളക്കാരനോ ജൂനിയർ കമ്മീഷന്റെ ഓഫീസറോ ഏറ്റവും കൂടിയാൽ കേണൽ മേജറോ ആയിരിക്കും യുദ്ധ നടപടികളിൽ കൊല്ലപ്പെടുന്നത്. പക്ഷേ, അഹ്മദി, ജനറലിന്റെ റാങ്കിലെത്തിയിട്ടും അടുത്ത യുദ്ധത്തിൽ പോവുകയും ശഹീദാവുകയും ചെയ്തതാണ് നമ്മൾ കണ്ടത്.

---

ഇപ്രകാരംതന്നെ അഹ്മദികൾ സമുദായത്തെ സേവിക്കുന്നില്ലെന്നും അവർ സമുദായത്തോടു കൂറുള്ളവരല്ലെന്നും ആക്ഷേപിക്കുന്നുണ്ട്. എന്നാൽ, ഇന്ന് പാക്കിസ്താനിൽ അഹ്മദികൾ മാത്രമാണ് ഹുബ്ബുൽ വത്നി മിനൽ ഈമാനിൽ ദൃഢമായി വിശ്വസിക്കുന്നവരെന്നും അതനുസരിച്ച് പ്രവർത്തിക്കുന്നവരെന്നും തങ്ങളുടെ ജീവനും സമ്പത്തും ബലിയർപിക്കുന്നവരെന്നും ബലിയർപിച്ചുകൊണ്ടിരിക്കുന്നവരെന്നും എനിക്ക് പൂർണവിശ്വാസത്തോടെ പറയാൻ കഴിയും. അവർ രാഷ്ട്രീയ കച്ചവടം തിളക്കമാർന്നതാക്കുന്നതിനുവേണ്ടി വെറും പ്രസംഗിക്കുന്നവരല്ല. ഞങ്ങൾക്ക് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ല. ഞങ്ങൾ മതത്തിനു വേണ്ടി ജീവൻ നല്കുന്നവരാണ്. പക്ഷേ, മതത്തിന്റെ പേരിൽ രാഷ്ട്രീയത്തെ തിളക്കമാർന്നതാക്കുന്നവരും മതത്തിന്റെ പേരിൽ രക്തമൊഴുക്കുന്നവരുമല്ല. ഞങ്ങൾ നബി(സ)തിരമേനിയെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നുണ്ടെങ്കിൽ അത് മനസ്സുകൊണ്ടാണ് വിശ്വസിക്കുന്നത്. ആ മഹാത്മാവിനുവേണ്ടി എല്ലാ ബലികളും നല്കുന്നു; നല്കാൻ തയ്യാറുമാണ്; നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇൻശാഅല്ലാഹ് നല്കിക്കൊണ്ടിരിക്കുന്നതുമാണ്.

---

അഹ്മദികൾ വലിയ ത്യാഗങ്ങൾ ചെയ്തിട്ടുള്ളതും തുടക്കം മുതൽ ഇന്നുവരെ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമായ ഈ രാജ്യത്തെ അല്ലാഹു എപ്പോഴും സമാധാനത്തോടെ വെക്കുന്നതിനും അക്രമികളായ നേതാക്കന്മാരിൽനിന്നും സ്വാർഥ തൽപരരായ ഉലമാഇൽനിന്നും രക്ഷിക്കുന്നതിനും ലോകത്തെ സ്വതന്ത്രവും അന്തസാർന്നതുമായ രാജ്യങ്ങളിൽ പാക്കിസ്താനേയും പെടുത്തുന്നതിനും വേണ്ടി ദുആ ചെയ്യേണ്ടത് പാക്കിസ്താനീ അഹ്മദികളുടെ നിർബന്ധ കടമയാണ്.

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

2017 ഒക്ടോബർ13/1396 ഇഖാ 13
ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

*മാ കാന മുഹമ്മദുൻ അബാ അഹദിൻമ്മിൻർരിജാലിക്കും വലാക്കിൻർറസൂലല്ലാഹി വ ഖാത്തമന്നബിയ്യീൻ വ കാനല്ലാഹു ബി കുല്ലി ശയ്ഇൻ അലീമാ*

ഇതിന്റെ അർഥം ഇപ്രകാരമാണ്: മുഹമ്മദ്(സ)നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ റസൂലാകുന്നു. എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനുമാകുന്നു. അല്ലാഹു എല്ലാ കാര്യങ്ങളും നല്ലവണ്ണം അറിയുന്നവനാകുന്നു.(33:41)

പാക്കിസ്താനിൽ ഇടയ്ക്കിടെ എന്തെങ്കിലുമൊക്കെ പറഞ്ഞ് അഹ്മദികൾക്കെതിരിൽ രാഷ്ട്രീയക്കാരും ഉലമാക്കളും തങ്ങളുടെ പക പുറത്തെടുക്കാറുണ്ട്. ജനങ്ങളെ തങ്ങളുടെ പിന്നാലെ നടത്തുന്നതിനും തങ്ങളുടെ ആളുകളാക്കുന്നതിനും പ്രശസ്തി കരസ്ഥമാക്കുന്നതിനുമുള്ള എളുപ്പവഴിയാണിതെന്ന് അവർ കരുതുന്നു. മുസ്‌ലിംകളുടെ വികാരങ്ങളെ പ്രകോപിപ്പിക്കുന്നതിന് ഉപയോഗിക്കാനുള്ള ഏറ്റവും വലിയ ആയുധം ഖത്തമുന്നുബുവ്വത്ത് എന്ന ആയുധമാണ്. ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ വിശ്വാസം നഷ്ടപ്പെടുകയോ ഏതെങ്കിലും രാഷ്ട്രീയക്കാരന്റെ ഇഷ്ടപ്പെട്ട ഗ്രാഫ് തകർന്നുകൊണ്ടിരിക്കുകയോ നിലവാരം കുറഞ്ഞുകൊണ്ടിരിക്കുകയോ നാമമാത്രമായ മതസംഘടനകൾ രാഷ്ട്രീയപരമായി പ്രശസ്തി ആഗ്രഹിക്കുകയോ മറ്റു സംഘടനകൾ മറ്റു രാഷ്ട്രീയപാർട്ടികളേയോ മറ്റു രാഷ്ട്രീയക്കാരേയോ ഇകഴ്ത്തിക്കാണിക്കാൻ ഇച്ഛിക്കുകയോ ചെയ്യുമ്പോൾ അഹ്മദികളുമായി അവർക്ക് ബന്ധമുണ്ടെന്ന് പറഞ്ഞ്, എത്ര വലിയ അക്രമമാണ് ഇവർ നടത്തുന്നത്. വിദേശശക്തികൾക്ക് വിധേയരായി ഈ ആളുകൾ ഖത്തമുന്നബുവ്വത്തിനെ നിഷേധിക്കുന്ന അഹ്മദികളെ main stream മുസ്‌ലിംകളിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുകയാണെന്ന് പറയുന്നു; അഹ്മദി അവരുടെ അഭിപ്രായത്തിൽ ഖത്തമുന്നുബുവ്വത്തിന്റെ നിഷേധികളായിരിക്കുമ്പോഴാണിത്! ഇസ്‌ലാമിനുവേണ്ടി വേദനിക്കുന്നവരാണെന്ന് പറയുന്ന ഈ നാമധാരികൾ രിസാലത്തിന്റെ പവിത്രതയ്ക്ക് കോട്ടം തട്ടാൻ തങ്ങൾ അനുവദിക്കുകയില്ലെന്നും ഒരിക്കലും ഇത്തരം അക്രമം അനുവദിക്കുകയില്ലെന്നും പറയുന്നു. അഹ്മദികളെ മുസ്‌ലിം എന്നു പറയുന്നത് എത്രവലിയ അക്രമമാണ്! പിന്നീട് തങ്ങൾ അതിനുവേണ്ടി ജീവനും ബലിയർപ്പിക്കുമെന്ന് മറ്റു പാർട്ടികൾ പറയുമ്പോൾ ഭരണകക്ഷിയാണെങ്കിലുംവേണ്ടില്ല അവരുടെ പ്രതിനിധി അസംബ്ലിയിൽ എഴുന്നേറ്റുനിന്ന് അഹ്മദികൾക്ക് എന്തെങ്കിലും അവകാശം കിട്ടുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല, എന്നല്ല ഒരു പാക്കിസ്താനി പൗരനെന്ന നിലയിൽ അവർക്കു ലഭിക്കുന്ന അല്പസ്വല്പ അവകാശമാണെങ്കിലും അത് മൂന്നാംകിട പൗരനെന്ന നിലയിലുള്ളതാണെങ്കിലും വേണ്ടില്ല അതും തിരിച്ചുപിടിക്കണമെന്ന് പറഞ്ഞ് മുദ്രാവാക്യം വിളിക്കുകയും ചെയ്യുന്നു. ഓരോരുത്തർക്കും അവരുടെ രാഷ്ട്രീയ അജണ്ടയുണ്ട്. ഓരോരുത്തർക്കും തങ്ങളുടെ സ്വാർഥപരമായ നേട്ടങ്ങളുണ്ട്. പക്ഷേ, ഇതിലൊന്നും ബന്ധമില്ലെങ്കിൽത്തന്നെയും ഇതിൽ അഹ്മദികളെ ബലാൽക്കാരമായി വലിച്ചിഴയ്ക്കുകയാണ്. കാരണം ഇത് വളരെ എളുപ്പമുള്ള കാര്യമാണ്. ഭരണകർത്താക്കളല്ലാത്ത അസംബ്ലി അംഗങ്ങളും, ഭരണകർത്താക്കളായ അസംബ്ലി അംഗങ്ങളും ഘോരഘോരം അഹ്മദികൾക്കെതിരെ സംസാരിക്കുന്നു.

കഴിഞ്ഞ ദിവസം പാക്കിസ്താന്റെ നാഷണൽ അസംബ്ലിയിൽ ഒരു ഭരണഘടനാഭേദഗതിയുടെ വാക്കുകളിൽ മാറ്റം വരുത്തുന്നതിന്-രാഷ്ട്രീയ പാർട്ടി, അല്ലെങ്കിൽ ഭരണകക്ഷി തങ്ങളുടെ നേട്ടത്തിനുവേണ്ടി ചെയ്തതും ഇതുതന്നെയാണെന്ന് നമുക്ക് കാണാൻ കഴിഞ്ഞു. പാക്കിസ്താനിൽ കഴിഞ്ഞ ദിവസങ്ങളിൽ വലിയ കോലാഹലമുണ്ടാകുകയും മാധ്യമങ്ങൾ മുഖേന ഇതെല്ലാം ലോകത്തിന്റെ മുമ്പിൽ വന്നു കഴിയുകയും ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് അതിനെക്കുറിച്ച് കൂടുതൽ പറയേണ്ട ആവശ്യമില്ല.

അഹ്മദിയ്യാ ജമാഅത്ത് ഒരു വിദേശശക്തികളോടും പാക്കിസ്താൻ അസംബ്ലിയുടെ ഭരണഘടന ഭേദഗതി ചെയ്യിച്ച് നിയമത്തിന്റേയും ഭരണഘടനയുടേയും ദൃഷ്ടിയിൽ ഞങ്ങളെ മുസ്‌ലിമാക്കാൻ ഒരിക്കലും പറഞ്ഞിട്ടില്ല. ഒരു പാക്കിസ്താൻ ഭരണകൂടത്തോടും ഇതുപറഞ്ഞ് യാചിച്ചിട്ടുമില്ല. ഞങ്ങൾക്ക് ഏതെങ്കിലും അസംബ്ലിയെക്കൊണ്ടോ, ഭരണകൂടത്തെക്കൊണ്ടോ മുസ്‌ലിം എന്ന് പറയിക്കുന്നതിനു ഏതെങ്കിലും സർട്ടിഫിക്കറ്റിന്റെ ആവശ്യവുമില്ല; ഒരു പ്രമാണത്തിന്റേയും ആവശ്യമില്ല. ഞങ്ങൾ ഞങ്ങളെ മുസ്‌ലീംകൾ എന്നു പറയുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങൾ മുസ്‌ലീംകളാണ്. ഞങ്ങളെ അല്ലാഹുവും അവന്റെ റസൂലും(സ) മുസ്‌ലീംകളെന്ന് പറഞ്ഞിരിക്കുന്നു. ഞങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് ചൊല്ലുന്നവരാണ്. ഞങ്ങൾ ഈമാൻ കാര്യങ്ങളിലും ഇസ്‌ലാം കാര്യങ്ങളിലുമെല്ലാം വിശ്വസിക്കുന്നവരാണ്. ഞങ്ങൾ വിശുദ്ധഖുർആനെ വിശ്വസിക്കുന്നവരാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞതുപോലെ നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് ദൃഢമായും വിശ്വസിക്കുന്നവരാണ്. അതാണ് ഞാൻ ആരംഭത്തിൽ പാരായണം ചെയ്ത വിശുദ്ധവചനത്തിലുള്ളത്. ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ) ഖാത്തമുന്നബിയ്യീനാണെന്ന കാര്യത്തിൽ ഞങ്ങൾ ദൃഢചിത്തരായി നിലകൊള്ളുന്നവരാണ്. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ) തുറന്നും വ്യക്തമായും എഴുതിയിട്ടുണ്ട്. ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവരെ മതമില്ലാത്തവനും ഇസ്‌ലാമികവൃത്തത്തിൽനിന്ന് പുറത്തായവനുമാണെന്ന് താൻ മനസ്സിലാക്കുന്നുവെന്ന് പലയിടത്തും വിശദീകരിച്ചിട്ടുണ്ട്; അവൻ അഹ്മദിയുമല്ല, മുസ്‌ലിമുമല്ല. ഞങ്ങൾ നഊദുബില്ലാഹ്! നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കുന്നവരല്ലെന്നും ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവരാണെന്നും പറഞ്ഞ് ഞങ്ങൾക്കെതിരിൽ കലഹമുണ്ടാക്കുകയും ഞങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുകയും ചെയ്യുന്നു. ഇത് ഞങ്ങളുടെമേൽ ഉന്നയിക്കപ്പെടുന്ന അങ്ങേയറ്റം തരംതാണതും വൃത്തികെട്ടതുമായ ആക്ഷേപമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദിച്ചതുമുതൽ അഹ്മദിയ്യാ ജമാഅത്തിന്റേയും ഹദ്റത്ത് മ സീഹ് മൗഊദ്(അ)ന്റേയുമേൽ ഈ ആരോപണം ഉന്നയിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ ലക്ഷ്യം നേടേണ്ട സമയം വരുമ്പോൾ സന്ദർഭോചിതം ഞാൻ പറഞ്ഞതുപോലെ അവർക്ക് അഹ്മദിയ്യാ പ്രശ്നം പൊക്കിക്കൊണ്ടുവരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഒരിക്കൽ ഒരു ഖുത്ബയിൽ പറഞ്ഞു: ഞങ്ങളുടെമേൽ ഉന്നയിക്കുന്ന ഈ ആക്ഷേപം കളവാണെന്ന് സ്ഥാപിക്കുന്നതിന്, ഞങ്ങൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും വിശുദ്ധഖുർആനിൽ ദൃഢമായി വിശ്വസിക്കുകയും വിശുദ്ധഖുർആൻ നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് പറയുകയും ചെയ്യുന്നുവെന്ന് പറയുമ്പോൾ ഞങ്ങൾ എങ്ങനെ ഖത്തമുന്നുവുവ്വത്ത് നിഷേധികളാകാനാണ്? അപ്പോൾ അനഹ്മദി ഉലമ ഈ ആക്ഷേപം ഉന്നയിക്കുന്നു. അവർ പൊതുജനങ്ങളേയും ഇത് പഠിപ്പിച്ചിരിക്കുകയാണ്. ഇന്നും ഈ ആക്ഷേപം ഉന്നയിക്കുന്നു. എന്നല്ല പരസ്പരമുള്ള ബന്ധം കാരണത്താൽ മാധ്യമങ്ങൾ കാരണത്താൽ മറ്റു രാജ്യങ്ങളിലെ ഉലമായും ഈ പാക്കിസ്ഥാനിലെ നാമമാത്ര ഉലമായ്ക്ക് വിധേയരായിക്കൊണ്ട് പറയുന്നു, നൗഊദുബില്ലാഹ് അഹ്മദി വിശുദ്ധഖുർആനിൽ വിശ്വസിക്കാത്തവരും മിർസാ സാഹിബിന്റെ ഇൽഹാമുകളെ വിശുദ്ധഖുർആനേക്കാൾ ശ്രേഷ്ഠമായി മനസ്സിലാക്കുന്നവരുമാണെന്ന്!! (ഖുത്ബാത്തെ മഹ്മൂദ് ഖുത്ബ ജുമുഅ 1955 നവംബർ 4 വാള്യം 36 പേജ് 222-223)

യാഥാർഥ്യം അറിഞ്ഞ് ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേരുന്ന ധാരാളം അറബികളുണ്ട്. ഈ വിശ്വാസികൾ 'ജമാഅത്തിനെ കുറിച്ച് എന്താണ് അഭിപ്രായമെന്ന് തങ്ങൾ ഉലമാക്കളോട് ചോദിച്ചപ്പോൾ അഹ്മദികൾ ഖുർആനിൽ വിശ്വസിക്കുന്നവരല്ലെന്നും അവർ തങ്ങളുടേതായ ഒരു പ്രത്യേക ഖുർആൻ ഉണ്ടാക്കിയിരിക്കുകയാണെന്നും നബി(സ) തിരുമേനിയെ അവസാനത്തെ നബിയായി വിശ്വസിക്കുന്നില്ലെന്നും പ്രത്യുത മിർസാ സാഹിബിനെയാണ് അവസാനത്തെ നബിയായി വിശ്വസിക്കുന്നതെന്നും ഇവരുടെ ഹജ്ജ് വേറെയാണെന്നും ഇവർ ഹജ്ജ് ചെയ്യാറില്ലെന്നും ഇവരുടെ ഖിബ്‌ല വേറെയാണെന്നും കഅ്ബ മന്ദിരത്തിനോട് മുഖം തിരിച്ച് നമസ്കരിക്കാറില്ലെന്നുമൊക്കെയാണ് തങ്ങളോട് പറഞ്ഞിരുന്നതെന്നും തങ്ങൾ അന്വേഷിച്ചപ്പോഴാണ് ഈ നമമാത്ര ഉലമാക്കളുടെ തനിനിറം വ്യക്തമായതെന്നും പറയുന്നു. ഇത്തരം അനഹ്മദി മൗലവിമാർ തങ്ങളുടെ കളവുകൊണ്ട്, അഹ്മദികളുടെമേൽ വ്യാജമായ ആരോപണങ്ങൾ ഉന്നയിക്കുന്ന കാരണത്താൽ ധാരാളമാളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള മാർഗമായിത്തീരുന്നുണ്ട്. അതിനാൽ ഈ മൗലവിമാരും കളവു പറഞ്ഞ് ഒരു വിധത്തിൽ നമുക്കുവേണ്ടി തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളിൽ വിശുദ്ധഖുർആനെ അല്ലാഹുവിന്റെ ഗ്രന്ഥമെന്ന് പറയുകയും എല്ലാ നന്മയുടേയും അരുവിയായി അതിനെ മനസ്സിലാക്കുകയും നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് പറയുകയും ചെയ്യുമ്പോൾ വിശുദ്ധഖുർആനെ വിശ്വസിക്കാതിരിക്കാനും നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യിനായി അംഗീകരിക്കാതിരിക്കാനും ഞങ്ങൾക്ക് എങ്ങനെയാണ് സാധിക്കുക. വിശുദ്ധഖുർആനെക്കുറിച്ച് ആ മഹാത്മാവിനുണ്ടായ ഒരു ഇൽഹാമാണ് *അൽഖയ്റുകുല്ലുഹു ഫിൽഖുർആൻ* (അഞ്ചാമെ ആഥിം, റൂഹാനീ ഖസായിൻ വാള്യം 11 പേജ് 57) അതായത് എല്ലാ നന്മകളും വിശുദ്ധഖുർആനിലുണ്ട്. ഇപ്രകാരംതന്നെ അവിടന്ന് ഇങ്ങനേയും പറഞ്ഞു: 'ആരാണോ വിശുദ്ധഖുർആനെ ആദരിക്കുന്നത് അവർ ആകാശത്തും ആദരിക്കപ്പെടുന്നതാണ്.' (കശ്തിയെ നൂഹ് റൂഹാനീ ഖസായിൻ വാള്യം 19 പേജ് 13)

ഇതല്ലാതെ തന്റെ ഇൽഹാമുകളെ ആദരിക്കാൻ അവിടന്ന് ഒരിടത്തും പറഞ്ഞില്ല. വിശുദ്ധഖുർആനി

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ന്റെ സേവകൻ എന്ന നിലയ്ക്കുള്ളതാണ് ആ മഹാത്മാവിനുണ്ടായ ഇൽഹാമുകൾ. അവയ്ക്ക് വേറിട്ടതോ അനശ്വരമായ നിലയിലുള്ളതോ ആയ അവസ്ഥയില്ല. നന്മകളെന്തു അന്വേഷിക്കുകയാണെങ്കിലും, ഏതു സന്മാർഗം അന്വേഷിക്കുകയാണെങ്കിലും സമൂഹത്തിന്റെ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് നമ്മൾ ഹിദായത്ത് എടുക്കുകയാണെങ്കിലും അത് വിശുദ്ധഖുർആനിൽനിന്നുതന്നെയാണ് എടുക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ധാരാളം ഇൽഹാമുകൾ അവയെ വ്യക്തമാക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം തന്നെ ഹദ്റത്ത് നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീൻ ആണെന്നതിനെ കുറിച്ച് അസംഖ്യം രചനകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതായിട്ടുണ്ട്. ഇതിനു പുറമെ ഖാത്തമുന്നബിയ്യീൻ എന്ന പദങ്ങൾത്തന്നെ വരുന്ന ഇൽഹാമുമുണ്ട്. *സല്ലി അലാ മുഹമ്മദിൻ വ്വ ആലി മുഹമ്മദിൻ, സയ്യിദിൽ വുൽദി ആദമ വ ഖാത്തമുന്നബിയ്യീൻ* എന്നതാണ് ആ ഇൽഹാം. സ്വലാത്ത് ചൊല്ലുക. മുഹമ്മദ്(സ)ന്റെ മേലും മുഹമ്മദിന്റെ കുടുംബാദികളുടെമേലും. അദ്ദേഹം ആദം സന്തതികളുടെ നേതാവും ഖാത്തമുൽ അമ്പിയാ(സ)യുമാണ്."(ബറാഹീനെ അഹ്മദിയ്യാ ഭാഗം 4 റൂഹാനീ ഖസായിൻ വാല്യം 1 പേജ് 97 അടിക്കുറിപ്പ്)

ഈ ഇൽഹാം വിവിധ നേരങ്ങളിൽ രണ്ടുമൂന്ന് പ്രാവശ്യമുണ്ടായിട്ടുണ്ട്. *കുല്ലു ബറക്കത്തിൻ മിൻ മുഹമ്മദിൻ സല്ലല്ലാഹു അലയ്ഹിവസല്ലം.* എല്ലാ ഓരോ അനുഗ്രഹവും മുഹമ്മദ്(സ)ൽ നിന്നാണ്. (ഹഖീഖത്തുൽ വഹ്യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 73)

പിന്നീട് അവിടന്ന് തന്റെ ഗ്രന്ഥമായ തജല്ലിയാത്തെ ഇലാഹിയായിൽ എഴുതുന്നു: 'ഞാൻ നബി(സ) തിരുമേനിയുടെ ഉമ്മത്തിയായിരുന്നില്ലെങ്കിൽ, നബി(സ) തിരുമേനിയെ പിൻപറ്റിയില്ലായിരുന്നെങ്കിൽ, ലോകത്തുള്ള സകല പർവ്വതത്തിനും സമാനമായി എന്റെ കർമങ്ങളുണ്ടായാലും ഞാൻ അല്ലാഹുവിന്റെ ഭാഷണമോ സംസാരമോ പ്രാപിക്കുമായിരുന്നില്ല. ഇപ്പോൾ മുഹമ്മദീ നുബുവ്വത്തല്ലാത്ത എല്ലാ നുബുവ്വത്തുകളും അടഞ്ഞുപോയിരിക്കുന്നു."(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസായിൻ വാല്യം 20 പേജ് 411-412)

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയും നബി(സ) തിരുമേനിക്ക് വിധേയനാണ്. ആ മഹാത്മാവിന്റെ ഇൽഹാമുകളും വിശുദ്ധഖുർആന് വിധേയമായിട്ടുള്ളതാണ്. അതിന്റെ വിശദീകരണങ്ങളാണ്.

ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമുകളെ നഊദുബില്ലാഹ് വിശുദ്ധഖുർആനെക്കാൾ ശ്രേഷ്ഠമാണെന്ന് മനസ്സിലാക്കുന്നുവെങ്കിൽ ഞങ്ങൾ ഇന്ന് ചെലവ് ചെയ്തും സാമ്പത്തികത്യാഗം ചെയ്തും ലോകത്ത് വിശുദ്ധഖുർആനിന്റെ തർജമ പ്രസിദ്ധീകരിക്കുന്നതിനു പകരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെതന്നെ ഇൽഹാമുകൾ പ്രസിദ്ധീകരിക്കുമായിരുന്നു. ഇതുവരെ 75 ഭാഷകളിൽ വിശുദ്ധഖുർആനിന്റെ സമ്പൂർണ പരിഭാഷ പ്രസിദ്ധീകരിച്ചുകഴിഞ്ഞിരിക്കുന്നു. കുറച്ചു ഭാഷകളിൽ ഇപ്പോൾ പരിഭാഷ നടന്നുവരുന്നുമുണ്ട്. 111 ഭാഷകളിൽ വിശുദ്ധഖുർആനിന്റെ തിരഞ്ഞെടുത്ത വചനങ്ങളുടെ പരിഭാഷ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു.

വൻ ഇസ്‌ലാമിക രാഷ്ട്രങ്ങൾ പറയട്ടെ, പണക്കാരായ മതസംഘടനകളും ഒന്നുപറയട്ടെ, അവർ എത്ര ഭാഷകളിൽ വിശുദ്ധഖുർആനിന്റെ തർജമ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന്! ഖാത്തമുന്നബിയ്യീന്റെ യഥാർഥമായ അർഥവും ആത്മാവും നമ്മൾ അഹ്മദികളാണ് മനസ്സിലാക്കുന്നത്. നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണ് എന്നതിനെ സംബന്ധിച്ച് അല്ലാഹുവിന്റെ വിളംബരത്തിന്റെ പ്രചാരണവും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ അവരുടെ ഭാഷയിൽ അഹ്മദികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നിട്ടും ഇക്കൂട്ടർ അഹ്മദികൾ ഖത്തമുന്നുബുവ്വത്തിന്റെ നിഷേധികളാണെന്ന് ആക്ഷേപിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് ഖാത്തമുന്നബിയ്യീന്റെ യാഥാർഥ്യത്തെ കുറിച്ച് എങ്ങനെയുള്ള ഗ്രാഹ്യവും അറിവുമാണ് പ്രദാനം ചെയ്തിട്ടുള്ളതെന്നാൽ അതിന്റെ അയലത്തുപോലും ഖത്തമുന്നുബുവ്വത്തിന്റെ ധ്വജവാഹകരെന്ന് വാദിക്കുന്ന ഇവർക്ക് എത്താൻ കഴിയില്ല.

ഞങ്ങൾ റസൂൽകരീം(സ)നെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കാത്തവരാണോ? എന്ന കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് ഒരു മജ്‌ലിസിൽ പറയുന്നു: 'എന്റെമേലും എന്റെ ജമാഅത്തിന്റെമേലും ഞങ്ങൾ റസൂൽ(സ)നെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കാത്തവരാണെന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഇത് കൊടും കറ്റുകെട്ടാണ്. ഞങ്ങൾ ഏതൊരു ശക്തിയോടും ദൃഢജ്ഞാനത്തോടും തിരിച്ചറിവോടും ഉൾക്കാഴ്ചയോടുംകൂടി നബി(സ)തിരുമേനി ഖാത്തമുൽ അമ്പിയായാണെന്ന് വിശ്വസിക്കുന്നുവോ അതിന്റെ ലക്ഷത്തിലൊരു ഭാഗംപോലും മറ്റുള്ളവർ വിശ്വസിക്കുന്നില്ല. അവർക്ക് അത്തരം യോഗ്യത തന്നെയില്ല. അവർ ഖത്തമുന്നുബുവ്വത്തിലുള്ള ഖാത്തമുൽഅമ്പിയായിലെ യാഥാർഥ്യത്തേയും രഹസ്യത്തേയും മനസ്സിലാക്കുന്നില്ല. അവർ കേവലം പിതാവ്, പിതാമഹൻ തുടങ്ങിയവരിൽനിന്ന് ഒരു വാക്കു കേട്ടിരിക്കുന്നുവെന്നേയുള്ളൂ. എന്നാൽ, അതിന്റെ യാഥാർഥ്യത്തിൽ അജ്ഞരാണ്. ഖാത്തമുനുബുവ്വത്തെന്താണെന്ന് അവർക്കറിയില്ല. അതിൽ വിശ്വസിക്കുന്നതിന്റെ പൊരുളെന്താണെന്നും അറിയില്ല. എന്നാൽ, ഞങ്ങൾ പൂർണമായ ഉൾക്കാഴ്ചയോടുകൂടി-അത് അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്-നബി(സ)തിരുമേനിയെ ഖാത്തമുൽഅമ്പിയാ ആയി ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു ഞങ്ങളിൽ ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യത്തെ എത്രമാത്രം വ്യക്തമായ നിലയിൽ തുറന്നിരിക്കുന്നുവെന്നാൽ ഞങ്ങൾക്കു കുടിപ്പിക്കപ്പെട്ട ഈ ഈശ്വരീയ ജ്ഞാനത്തിന്റെ ശർബ്ബത്തുകൊണ്ട് ഒരു പ്രത്യേക രുചി പ്രാപിക്കുന്നു. ഈ അരുവിയിൽനിന്ന് വയറു നിറയെ കുടിച്ചിട്ടുള്ളവർക്കല്ലാതെ അതിനെ അളക്കാൻ ആർക്കും സാധിക്കുകയില്ല.' (മൽഫൂദാത്ത് വാല്യം 1 പേജ് 342 1985 ലണ്ടൻ പതിപ്പ്)

പിന്നീട് ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യത്തെ വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "നമുക്ക് അല്ലാഹു ഖാത്തമുൽമുഅ്മിനീനും ഖാത്തമുൽ ആരിഫീനും ഖാത്തമുന്നബിയ്യീനുമായ നബിയെ തന്നിരിക്കുന്നു. ഇപ്രകാരംതന്നെ ജാമിഉൽ കുതുബും ഖാത്തമുൽ കുതുബുമായ ഗ്രന്ഥവും അദ്ദേഹത്തിൽ ഇറക്കി. ഖാത്തമുന്നബിയ്യീനായ റസൂലുല്ലാഹിൽ(സ)നുബുവ്വത്ത് അവസാനിച്ചു. എന്നാൽ, കഴുത്തു ഞെരിച്ചു കൊല്ലന്നതുപോലെ അത് അവസാനിച്ചിട്ടില്ല. അത്തരം അവസാനം അഭിമാനാർഹമായിരിക്കുകയില്ല. പ്രത്യുത നബി(സ)തിരുമേനിയിൽ നുബുവ്വത്ത് അവസാനിച്ചിരിക്കുന്നു എന്നതിന്റെ ഉദ്ദേശ്യം സ്വാഭാവികമായ നിലയിൽ നബി(സ)തിരുമേനിയിൽ നുബുവ്വത്തിന്റെ സകല പൂർണതകളും അവസാനിച്ചിരിക്കുന്നു എന്നാണ്. അതായത് ആദംനബി(അ)മുതൽ മസീഹുബ്നുമർയംവരെയുള്ള നബിമാർക്കു നല്കപ്പെട്ട നുബുവ്വത്തിന്റെ വിവിധ തരത്തിലുള്ള സകല പൂർണതകളും നബി(സ)തിരുമേനിയിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. ഈ രീതിയിൽ സ്വാഭാവികമായി അവിടന്ന് ഖാത്തമുന്നബിയ്യീനായി. ഇപ്രകാരംതന്നെ മുൻശരീഅത്തുകളിൽ ഉണ്ടായിരുന്നതും വിവിധ ഗ്രന്ഥങ്ങളിൽ നടന്നുവന്നിരുന്നതുമായ ആ എല്ലാ അധ്യാപനങ്ങളും വസിയ്യത്തുകളും ദൈവജ്ഞാനങ്ങളും വിശുദ്ധ ഖുർആനിൽവന്ന് അവസാനിച്ചു. അങ്ങനെ വിശുദ്ധ ഖുർആൻ ഖാത്തമുൽ കുതുബായി.' (മൽഫൂദാത്ത് വാല്യം 1 പേജ് 341-342 1985 ലണ്ടൻ പതിപ്പ്)

ഇതാണ് ആ യാഥാർഥ്യം. നമ്മുടെ എതിരാളികൾ ഇത് അറിയുന്നില്ല. ഏതൊരു ആളുകളാണോ ഉലമാഇന്റെ വലയിൽ കുടുങ്ങിയിട്ടു അവരെ തങ്ങളുടെ പിടിത്തത്തിൽനിന്ന് വെളിയിൽ വരാൻതന്നെ അവർ വിടുന്നില്ല. ഈ യാഥാർഥ്യം അവരുടെ പിന്നാലെ നടക്കുന്നവർക്ക് മനസ്സിലായാൽ മതത്തെ കച്ചവടമാക്കി വെച്ചിട്ടുള്ളവരുടെ കച്ചവടം നടക്കുകയില്ല.

ഖാത്തമുന്നബിയ്യീൻ എന്നതിന്റെ അർഥം ഒരിടത്ത് അവിടന്ന് ഇങ്ങനെ വിവരിക്കുകയുണ്ടായി. അവിടന്ന് പറയുന്നു: ഖാത്തമുന്നുബുവ്വത്തിനെക്കുറിച്ച് ഞാൻ വീണ്ടും പറയാൻ ആഗ്രഹിക്കുകയാണ്. ഖാത്തമുന്നബിയ്യീൻ എന്നതിന്റെ വലിയ അർഥം നുബുവ്വത്തിന്റെ കാര്യങ്ങൾ ആദം(അ) മുതൽ തുടങ്ങി നബി(സ)തിരുമേനിയിൽ അവസാനിച്ചു എന്നാണ്. ഇത് പ്രത്യക്ഷമായ അർഥമാണ്. രണ്ടാമത്തെ അർഥം നുബുവ്വത്തിന്റെ സമ്പൂർണതയുടെ വൃത്തം നബി(സ)തിരുമേനിയിൽ അവസാനിച്ചു എന്നാണ്. ഇത് സത്യവും തികച്ചും സത്യവുമായ കാര്യമാണ്. വിശുദ്ധഖുർആൻ ദുർബലമായ കാര്യങ്ങളെ അവസാനിപ്പിക്കുകയും നുബുവ്വത്ത് അവസാനിക്കുകയും ചെയ്തു. (അതായത് മുൻകാല പ്രവാചകന്മാർക്ക് നല്കിയിരുന്ന എല്ലാ കാര്യങ്ങളും അതിന്റെ നിലവാരവും വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങൾക്കത്ര ഉയർന്നതായിരുന്നില്ല. ഈ അധ്യാപനം അവയെ തികവാർന്നതാക്കി. നബി(സ)നുമേൽ ശരീഅത്ത് ഇറക്കപ്പെട്ടു. ഇവിടെ നുബുവ്വത്ത് അവസാനിച്ചു. ഒരു മനുഷ്യനും വിശുദ്ധ ഖുർആൻ മുഖേന എത്തിയ നിലയെക്കാൾ കൂടുതൽ എത്താൻ സാധിക്കുക്കയില്ല. അത് നബി(സ) തിരുമേനിയുടെമേൽ ഇറങ്ങിയതാണ്. പറഞ്ഞു:) അതുകൊണ്ടാണ് *അൽയൗമ അക്മൽത്തുലക്കും ദീനക്കും*(5:4) എന്നതിന്റെ പ്രതീകം ഇസ്‌ലാം ആയിത്തീർന്നത്. ചുരുക്കത്തിൽ ഇത് നുബുവ്വത്തിന്റെ അടയാളങ്ങളാണ്. അതിന്റെ അവസ്ഥകളെക്കുറിച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. അടിസ്ഥാനതത്ത്വം വ്യക്തവും തെളിമയാർന്നതുമാണ്. അത് സ്ഥാപിതമായ സത്യസാക്ഷ്യങ്ങൾ എന്ന് പറയുന്നു. പറയുന്നു: ഇക്കാര്യങ്ങളിൽ ഇടപെടേണ്ട കാര്യം മുഅ്മിനീംകൾക്കില്ല. വിശ്വസിക്കൽ നിർബന്ധമാണ്. ഏതെങ്കിലും എതിരാളി ആക്ഷേപിക്കുകയാണെങ്കിൽ നമുക്ക് അയാളെ തടയാൻ കഴിയും. അയാൾ തടവറയിലല്ലെങ്കിൽ ആദ്യം നിങ്ങളുടെ ഭാഗികമായ പ്രശ്നങ്ങൾക്ക് തെളിവ് നല്കുക എന്ന് നമുക്ക് പറയാൻ കഴിയും. (അദ്ദേഹത്തിന്റെ പ്രശ്നങ്ങൾ എങ്ങനെയാണ് പരിഹരിക്കുക എന്നതിന് തെളിവ് നല്കുക)പറഞ്ഞു: ചുരുക്കത്തിൽ നബി(സ)ന്റെ നുബുവ്വത്തിന്റെ സീലിന്റെ അടയാളം നുബുവ്വത്തിൽനിന്നുള്ള ഒരു അടയാളമാണ്. (അതായത് അദ്ദേഹം ഖാത്തമുന്നബിയ്യീൻ ആകുന്നത് അവിടത്തെ അടയാളങ്ങളിൽ ഒരടയാളമാണ്. അതിൽ വിശ്വസിക്കുക എന്നത് എല്ലാ മുസ്‌ലിം മുഅ്മിനീംകൾക്കും നിർബന്ധമാണ്. (മൽഫൂദാത്ത്, വാല്യം 1, പേജ് 286-287, 1985 ലണ്ടൻ എഡിഷൻ)

ഇനി ആരെങ്കിലും ഖത്തമുന്നുബൂവ്വത്തിന്റെ നിഷേധിയാണെങ്കിൽ ഞാൻ മുമ്പേയും പറഞ്ഞുവന്നതുപോലെ അവിടന്ന് പറയുന്നു, പിന്നെ അയാൾ മുസ്‌ലിം തന്നെയല്ല. അയാൾ ഇസ്‌ലാമികവൃത്ത


"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)

ത്തിന് പുറത്താണ്. അപ്പോൾപിന്നെ ഖത്തമുന്നുബൂവ്വത്തിന്റെ സ്ഥാനവും ഇസ്‌ലാമിന്റെ ഉന്നതിയും മറ്റു മതങ്ങളുടെമേലുള്ള അതിന്റെ ശ്രേഷ്ഠതയും എന്താണ്? അത് സ്ഥാപിച്ചുകൊണ്ട് അവിടന്ന് പറയുന്നു: ഖത്തമുന്നുബൂവ്വത്തിനെ ഇങ്ങനെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. എവിടെയാണോ തെളിവുകളും ഈശ്വരീയജ്ഞാനവും സ്വാഭാവികമായ നിലയിൽ അവസാനിക്കുന്നത് ഖത്തമുന്നുബ്ബുവ്വത്തിന്റെ പേരുകൊണ്ട് വിളിക്കപ്പെടുന്ന പരിധി അതാണ്. അതിനുശേഷം നാസ്തികരെപോലെ വിമർശിക്കുന്നത് ഈമാനില്ലാത്തവരുടെ ജോലിയാണ്. പറഞ്ഞു: എല്ലാ ഓരോ കാര്യത്തിലും ബയ്യിനാത്ത് അഥവാ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങളുണ്ട്. അത് മനസ്സിലാക്കുന്നതിന് സമ്പൂർണമായ ഈശ്വരീയജ്ഞാനവും പ്രകാശമാനമായ ഉൾക്കാഴ്ചയും ഉണ്ടാകണം. (മനുഷ്യന് സമ്പൂർണമായ ഈശ്വരീയജ്ഞാനമുണ്ടാകണം. ദീനിന്റെ അറിവുണ്ടാകണം. അല്ലാഹുവിൽനിന്ന് പ്രകാശവും കിട്ടിയിട്ടുണ്ടെങ്കിൽ ഈ എല്ലാ കാര്യങ്ങളും മനസ്സിലാകുന്നതാണ്). പറഞ്ഞു: നബി(സ) തിരുമേനിയുടെ ആഗമനത്തോടെ ഈമാനിന്റേയും ഇർഫാനിന്റേയും സമ്പൂർത്തീകരണമുണ്ടായി. മറ്റു ജനതകൾക്ക് വെളിച്ചമെത്തി. മറ്റൊരു ജനതയ്ക്കും സ്പഷ്ടമായതും തെളിമയാർന്നതുമായ ന്യായപ്രമാണം കിട്ടിയില്ല. ഇനി കിട്ടിയിരുന്നുവെങ്കിൽ അറേബ്യയുടെമേൽ അവർ തങ്ങളുടെ ഒരു സ്വാധീനവും ഇടുമായിരുന്നില്ലേ? (ബാക്കിയുള്ള ജനതകൾക്ക് സമ്പൂർണശരീഅത്ത് കിട്ടിയതേയില്ല. വന്ന നബിമാരെല്ലാം അവരവരുടെ പ്രദേശത്തിനുവേണ്ടിയാണ് വന്നത്. അവിടന്ന് പറഞ്ഞു: അറബികൾക്ക് ദൈവത്തെക്കുറിച്ച് അല്ലെങ്കിൽ ദീനിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നുവെന്നതിനുള്ള തെളിവാണിത്. ആർക്കാണോ അറിവുണ്ടായിരുന്നത് ആർക്കാണോ ബന്ധമുണ്ടായിരുന്നത് അവരും വിശ്വസിച്ചതുമില്ല. കാരണം അത് സമ്പൂർണ ന്യായപ്രമാണമല്ലായിരുന്നു. സമ്പൂർണ വെളിച്ചവുമല്ലായിരുന്നു. മുൻകഴിഞ്ഞ മതങ്ങളിൽ പൂർണമായ വെളിച്ചമുണ്ടായിരുന്നുവെങ്കിൽ അത് അറബികളുടെ മേലും സ്വാധീനമുണ്ടാക്കണമായിരുന്നു) പറഞ്ഞു: അറേബ്യയിൽനിന്ന് ആ സൂര്യൻ ഉദിച്ചു. അത് എല്ലാ ജനതകൾക്കും പ്രകാശം പകർന്നു. എല്ലാ നാടിന്റേയുംമേൽ തന്റെ പ്രകാശമിട്ടു. (ഇത് നബി(സ) തിരുമേനിയുടെ സ്ഥാനമാണ്. അവിടന്ന് എല്ലാ ജനതയേയും പ്രശോഭിതമാക്കിയ ആ തിളക്കമാർന്ന സൂര്യനാണ്. എല്ലായിടത്തും എല്ലാ കോണിലും എല്ലാ നഗരത്തിലും അവിടത്തെ പ്രകാശമെത്തി. പറഞ്ഞു:) ഇത് വിശുദ്ധഖുർആന് മാത്രം ലഭിച്ചിട്ടുള്ള അഭിമാനമാണ്. അതിന് തൗഹീദിന്റേയും നുബുവ്വത്തിന്റേയും പ്രശ്നങ്ങളിൽ ലോകത്തുള്ള സകലമതത്തിന്റേയുംമേൽ വിജയം വരിക്കാൻ കഴിയുന്നതാണ് (വിശുദ്ധഖുർആനിൽ അല്ലാഹു വിവരിച്ചിട്ടുള്ള തൗഹീദിന്റേയും നുബുവ്വത്തിന്റേയും കാര്യങ്ങൾ മുമ്പേ ഒരു മതത്തിനും നല്കപ്പെട്ടിട്ടില്ലാത്ത തെളിവുകളാണ്. അതിനാൽ ഇതാണ് ഉദ്ദേശ്യം; ശരീഅത്ത് പൂർണമായി. നബി(സ) തിരുമേനി ഖാത്തമുൽഅമ്പിയാ എന്ന് പറയപ്പെട്ടു). പറഞ്ഞു: ഇത് അഭിമാനത്തിന്റെ സ്ഥാനമാണ്. ഇത്തരം ഗ്രന്ഥം മുസ്‌ലിംകൾക്ക് കിട്ടി. ആരാണോ ആക്രമണം നടത്തുന്നത് അധ്യാപനത്തിന്റേയും സന്മാർഗത്തിന്റേയും ഇസ്‌ലാമിന്റെ പേരിൽ ആക്ഷേപം ഉന്നയിക്കുന്നത് അവർ തികച്ചും മന്ദബുദ്ധിയോടും നെറികേടോടുംകൂടി സംസാരിക്കുന്നവരാണ്. (മൽഫൂദാത്ത് വാള്യം 1, പേജ് 283, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ അറേബ്യയിൽനിന്ന് പുറപ്പെട്ടത് ഇസ്‌ലാം തന്നെയാണ്. അത് ലോകത്തിന്റെ എല്ലാ കോണുകളിലും വ്യാപിച്ചു. ഇന്നുവരെ അതിന്റെ യഥാർഥ അധ്യാപനത്തോടുകൂടി ലോകത്തിന്റെ എല്ലാ കോണുകളിലും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ സർവശക്തിയോടും പ്രവർത്തനമാധ്യമങ്ങളോടുംകൂടി തൗഹീദിന്റേയും നബി(സ)തിരുമേനിയുടെ നുബുവ്വത്തിന്റേയും സ്ഥാനം ലോകത്തിന്റെ എല്ലാ കസബയിലും ഗ്രാമങ്ങളിലും ഇടവഴികളിലും വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ നമ്മളാണ് ഖത്തമുന്നുബ്ബുവ്വത്തിന്റേയും അവിടത്തെമേൽ ഇറങ്ങിയ ശരീഅത്തിന്റേയും ശരിയായ ഗ്രാഹ്യം ഉൾക്കൊള്ളുന്നവർ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയാണ് മറ്റു മതങ്ങൾക്ക് നബി(സ)തിരുമേനിയുടെ സ്ഥാനത്തെ കുറിച്ച് തുറന്നു പറഞ്ഞു കൊടുത്തിട്ടുള്ളത്. എന്നല്ല ഇങ്ങനേയും പറഞ്ഞു, 'മുൻകഴിഞ്ഞ എല്ലാ നബിമാരുടേയും അധ്യാപനങ്ങൾ എത്രമാത്രം തിരുത്തപ്പെട്ടിരിക്കുന്നുവെന്നാൽ, ആ നബിമാരുടെ സ്ഥാനത്തേയും സത്യാവസ്ഥയേയും കുറിച്ച് അവർ സത്യാത്മക്കളായിരുന്നോ അല്ലെ എന്നുപോലും അറിയാൻ കഴിയുന്നില്ല. മുമ്പേ കഴിഞ്ഞുപോയ നബിമാരുടെ യാഥാർഥ്യവും സത്യാവസ്ഥയും പറഞ്ഞുവെന്നതും നബി(സ)തിരുമേനിയുടെത്തന്നെ സ്ഥാനമാണ്.' അവിടന്ന് പറയുന്നു: 'ഒരു വശം മാത്രം പൂർണമാകുന്നതാകാതെ മാനുഷികശക്തിക്ക് പൂർണമായ ശിക്ഷണം നല്കുന്നതും ജാമ്യം നല്കുന്നതുമായ അധ്യാപനമേ പൂർണമാകുകയുള്ളു. ഇഞ്ചീലിന്റെ അധ്യാപനത്തെ നോക്കുക. അത് എന്താണ് പറയുന്നത്. അതിന്നെതിരിൽ മനുഷ്യന്റെ ശക്തികൾ എന്ത് അധ്യാപനമാണ് നല്കുന്നത്? മാനുഷികമായ ശക്തികളും പ്രകൃതിയും അല്ലാഹുവിന്റെ കർമപുസ്തകമാണ്. (മനുഷ്യനുള്ള കഴിവുകൾ അവന്റെ പ്രകൃതി, അത് അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ ഒരു കർമപരമായ പ്രകടനമാണ്.) അല്ലാഹുവിന്റെ ഗ്രന്ഥമെന്ന് പറയപ്പെടുന്ന അവന്റെ വാചികഗ്രന്ഥം അല്ലെങ്കിൽ അതിനെ ദൈവികാധ്യാപനമെന്ന് പറഞ്ഞുകൊള്ളുക അതിന്റെ നിർമാണത്തിനും അതിന്റെ രൂപീകരണത്തിനും വിരുദ്ധമാകുന്നതെങ്ങനെ?

(അല്ലാഹു തന്റെ വാചികഗ്രന്ഥത്തിൽ ഇറക്കിയ സന്മാർഗവും അധ്യാപനവുമാണ് വിശുദ്ധഖുർആൻ. അത് ദൈവഗ്രന്ഥമെന്ന് പറയുന്നു. മാനുഷിക അവസ്ഥകളായ പ്രകൃതിപരമായ അധ്യാപനം അതിന് വിരുദ്ധമാവുകയില്ല. കാരണം അവിടന്ന് പറഞ്ഞു: മനുഷ്യന്റെ പ്രകൃതിയും മാനുഷികമായ ശക്തികളുടെ അവസ്ഥയും ശക്തിയും അല്ലാഹുവിന്റെ കർമപുസ്തകമാണ്. ശരീഅത്ത് അവന്റെ വാചിക ഗ്രന്ഥമാണ്). പറഞ്ഞു: ഇപ്രകാരം നബി(സ) തിരുമേനി വന്നില്ലായിരുന്നെങ്കിൽ കഴിഞ്ഞുകടന്ന പ്രവാചകന്മാരുടെ സൽസ്വഭാവത്തിലും സന്മാർഗത്തിലും അമാനുഷികപ്രവർത്തനങ്ങളിലും പരിശുദ്ധശക്തിയിലും ആക്ഷേപം ഉണ്ടാകുമായിരുന്നു. എന്നാൽ, നബി(സ)തിരുമേനി വന്ന് അവയെല്ലാം പരിശുദ്ധമാക്കി. (മുമ്പേവന്ന എല്ലാ നബിമാരേ യും സാക്ഷ്യപ്പെടുത്തി) അതുകൊണ്ട് അവിടത്തെ നുബുവ്വത്തിന്റെ അടയാളങ്ങൾ സൂര്യനേക്കാൾ കൂടുതൽ പ്രകാശിക്കുന്നതായി, അത് അതിരറ്റതും അസംഖ്യവുമാണ്. അതുകൊണ്ട് അവിടത്തെ നുബുവ്വത്തിനെ അല്ലെങ്കിൽ അടയാളങ്ങളെ ആക്ഷേപിക്കുക എന്നത് സൂര്യൻ ഉദിച്ചുവരുമ്പോൾ ഇപ്പോൾ രാത്രിയാണെന്ന് പറയുന്ന അജ്ഞനായ അന്ധനെപോലെയാണ്.' ഞാൻ വീണ്ടും പറയുന്നു: നബി(സ) തിരുമേനി വന്നില്ലായിരുന്നെങ്കിൽ മറ്റു മതങ്ങൾ ഇപ്പോഴും ഇരുട്ടിൽത്തന്നെ ഇരിക്കുമായിരുന്നു. ഈമാൻ നശിപ്പിക്കപ്പെടുമായിരുന്നു. ഭൂമി ശാപം കൊണ്ടും ദൈവശിക്ഷകൊണ്ടും നശിച്ചുപോകുമായിരുന്നു. ദീപംപോലെ പ്രകാശിക്കുന്ന ഇസ്‌ലാം മറ്റുള്ളവരേയും ഇരുട്ടിൽനിന്ന് പുറത്തുകൊണ്ടുവന്നു. തൗറാത്ത് വായിച്ചുനോക്കുക! അതിൽനിന്ന് സ്വർഗത്തേയും നരകത്തേയും കുറിച്ച് വിവരം ലഭിക്കുക എന്നതുതന്നെ ദുഷ്കരമാണ്. ഇഞ്ചീൽ നോക്കുക! തൗഹീദിന്റെ അടയാളംപോലും അവിടെ കിട്ടുകയില്ല. ഇനി ഈ രണ്ടു ഗ്രന്ഥങ്ങളും അല്ലാഹുവിൽനിന്നുള്ളതാണോ അതോ മറ്റാരുടെയെങ്കിലും പക്കൽനിന്നുള്ളതാണോ എന്ന് നിങ്ങൾ പറയുക. അവയിൽനിന്ന് എന്ത് വെളിച്ചമാണ് കിട്ടാനുള്ളത്. മോക്ഷത്തിന് ആവശ്യമായ സത്യസന്ധമായ വെളിച്ചവും യഥാർഥമായ പ്രകാശവും ഇസ്‌ലാമിൽതന്നെയാണുള്ളത്. തൗഹീദുതന്നെ നോക്കുക. വിശുദ്ധ ഖുർആൻ എവിടെ തുറന്നാലും അത് ഒരു തുറന്ന വാളുപോലെ കാണാൻ കഴിയും. ശിർക്കിന്റെ വേര് മുറിക്കുന്നതും ഇപ്രകാരംതന്നെ നുബുവ്വത്തിന്റെ എല്ലാ വശങ്ങളും സുവ്യക്തവും പ്രശോഭിതവമായി കാണാൻ കഴിയുന്നതുമായ അതിനേക്കാളുപരി മറ്റൊന്നുംതന്നെയില്ല.(മൽഫൂദാത്ത്, വാള്യം 1, പേജ് 282–283, 1985, ലണ്ടൻ എഡിഷൻ)

ഇതാണ് ഖത്തമുന്നുബുവ്വത്തിന്റെ ഗ്രാഹ്യം ആ മഹാത്മാവ് നമുക്ക് നല്കിയത്.

ഇക്കാലത്തെ ഉലമാ പരസ്പരം ഒരാൾ മറ്റൊരാളുടെമേൽ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, മറ്റുള്ള മതങ്ങൾക്ക് അവരുടെ മുഖം കാണിച്ചുകൊടുത്ത് അവരുടെ ബലഹീനതകൾ പറഞ്ഞു മനസ്സിലാക്കി നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനം സ്ഥാപിച്ചു കാണിക്കാനുള്ള തന്റേടമില്ല. ഈ ജോലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിക്ഷണവും ജ്ഞാനവുംകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പക്ഷേ, എങ്കിലും അവരുടെ ദൃഷ്ടിയിൽ നമ്മൾ കാഫിറും അവർ മുഅ്മിനുമാണ്.

തന്റെ വാദത്തിന്റെ യാഥാർഥ്യം വിവരിച്ചും വ്യക്തമാക്കിയുംകൊണ്ട് ഒരു ഗ്രന്ഥത്തിൽ അവിടന്ന് പറയുന്നു: സ്വയം രിസാലത്തിന്റേയും നുബുവ്വത്തിന്റേയും വാദം ഉന്നയിക്കുന്ന, അത്തരം കറ്റുകെട്ടുകാരനായ ദുഷ്ടന് വിശുദ്ധഖുർആനിൽ വിശ്വസിക്കാൻ കഴിയുമോ? വിശുദ്ധഖുർആനിൽ വിശ്വസിക്കുന്ന അത്തരം ആ വ്യക്തി വലാക്കിർറസൂലല്ലാഹി വഖാത്തമന്നബിയ്യീൻ എന്ന ആയത്ത് അല്ലാഹുവിന്റെ കലാമാണെന്ന് വിശ്വസിക്കുമോ? ഞാനും നബി(സ)തിരുമേനിക്കുശേഷം റസൂലും നബിയുമാണെന്ന് അവന് പറയാൻ കഴിയുമോ? ഈ ഈ വിനീതൻ ഒരിക്കലും ഒരു നേരത്തും ഹഖീഖിയായ(അല്ലാഹുവിൽനിന്ന് നേരിട്ട് പ്രവാചകത്വം ലഭിച്ച പ്രവാചകനെയാണ് 'ഹഖീഖി നബി' എന്നു പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ച പ്രവാചകത്വം നേരിട്ടുള്ളതല്ല, നബി(സ) തിരുമേനിയുടെ വിധേയത്വത്തിൽ ലഭിച്ചതാണ്. ഇത്തരം ഒരു നുബുവ്വത്ത് മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഈ വിഷയമാണ് ഇവിടെ ആ മഹാത്മാവ് വിവരിക്കുന്നത്. വിവ:)നിലയിലുള്ള നുബുവ്വത്തോ രിസാലത്തോ വാദിച്ചിട്ടില്ലെന്നുള്ളത് നീതിമാനായ വ്യക്തി ഓർക്കേണ്ടതാണ്. ഹഖീഖിയല്ലാത്ത നിലയിൽ ഏതെങ്കിലും പദത്തെ ഉപയോഗിക്കുകയും നിഘണ്ടുവിലെ പൊതുവായ അർഥങ്ങളുടെ അടിസ്ഥാനത്തിൽ സംസാരങ്ങളിൽ കൊണ്ടുവരികയും ചെയ്യുക എന്നത് ആക്ഷേപാർഹമായ കുഫ്റല്ല. (പിന്നീട് അവനെ കാഫിറാക്കുകയില്ല)എന്നാൽ, ഞാൻ അതും ഇഷ്ടപ്പെടുന്നില്ല. അതിൽ പൊതുമുസ്‌ലിംകൾ വഞ്ചിതരാകാൻ സാധ്യതയുണ്ട്. പക്ഷേ, പ്രതാപവാനായ അല്ലാഹുവിൽനിന്ന് എനിക്ക് കിട്ടിയ ഭാഷണങ്ങളിൽ നുബുവ്വത്ത് രിസാലത്ത് എന്നീ പദങ്ങൾ അധികമായി വന്നിരിക്കുന്നു. അതുകൊണ്ട് ഞാൻ ദൈവനിയോഗിതനായകാരണത്താൽ അവ മറച്ചുവെക്കാൻ സാധിക്കുകയില്ല.' (അല്ലാഹു എന്നോട് പറഞ്ഞതിനാൽ എനിക്ക് മറച്ചുവെക്കാൻ കഴിയില്ല.) പക്ഷേ, ഞാൻ വീണ്ടും വീണ്ടും പറയുകയാണ്: 'ഈ ഇൽഹാമുകളിൽ എന്നെക്കുറിച്ച് വന്നിട്ടുള്ള മുർസൽ അല്ലെങ്കിൽ റസൂൽ, അല്ലെങ്കിൽ നബി എന്ന വാക്ക് അതിന്റെ ഹഖീഖിയായ അർഥങ്ങളിലല്ല ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. നബി(സ)തിരുമേനി ഖാത്തമുൽഅമ്പിയാ ആകുന്നു എന്ന അടിസ്ഥാനപരമായ യാഥാർഥ്യത്തിന് ഞാൻ ദൃക്സാക്ഷ്യം പറയുന്നു. അദ്ദേഹത്തിനുശേഷം ഒരു നബിയും(സ്വതന്ത്രനായ ഒരു നബിയും) വരികയില്ല. പഴയതോ പുതിയതോ ആയിട്ടുള്ള ഒരു നബിയും വരികയില്ല. *വമൻഖാല ബഅ്ദ റസൂലിനാ വസയ്യിദിനാ ഇന്നീ നബിയ്യുൻ ഔ റസൂലുൻ അലാ വജ്ഹിൽ ഹഖീഖത്തി വൽഇഫ്തിറായി വ തറക്കൽ ഖുർആന വ അഹ്കാമ* ശരീഅത്തിൽ ഗർറായി ഫഹുവ കാഫിറുൻ കദ്ദാബുൻ പറഞ്ഞു: നമ്മുടെ മതമിതാണ്. ഹഖീഖിയായ നിലയിൽ നുബുവ്വത്തിന്റെ വാദമുന്നയിക്കുകയും നബി(സ)തിരുമേനിയുടെ അനുഗൃഹീത മടിത്തട്ടിൽനിന്ന് സ്വയം തന്നെ വേർപെടുത്തുകയും ആ പരിശുദ്ധമായ അരുവിയിൽനിന്ന് അകന്ന് സ്വയമേവ അല്ലാഹുവിന്റെ നബിയാകാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവൻ മുൽഹിദും ദീനില്ലാത്തവനുമാണ്. അത്തരം വ്യക്തി തന്റെ ഏതെങ്കിലും പുതിയ കലിമ ഉണ്ടാക്കുകയും ആരാധനാകർമങ്ങളിൽ പുതിയ രീതി കൊണ്ടു വരികയും കല്പനകളിൽ കുറച്ച് മാറ്റങ്ങളും പരിവർത്തനങ്ങളും ഉണ്ടാക്കുകയും ചെയ്യുന്നതായിരിക്കും. അതു

കൊണ്ട് അവൻ മുസയ്‌ലിമത്തുൽഖദ്ദാമിന്റെ സഹോദരനും കാഫിറുമാണെന്നതിൽ ഒരു സംശയവുമില്ല. അവൻ വിശുദ്ധഖുർആനെ വിശ്വസിക്കുന്നവനാണെന്ന് അത്തരം വൃത്തികെട്ടവനെകുറിച്ച് എങ്ങനെ പറയാൻ കഴിയും? (അഞ്ചാമെആഥം, റൂഹാനിഖസായിൻ, വാള്യം 11, പേജ് 27–28, അടിക്കുറിപ്പ്)

അതിനാൽ നബി(സ) തിരുമേനിയുടെ ദാസത്വത്തിലും അവിടത്തെ ശരീഅത്തിലും നടന്നുകൊണ്ട് ആർക്കാണോ അല്ലാഹു ഈ ബഹുമതി നല്കുന്നത് അയാൾക്ക് ആദരവുകൾ ലഭിക്കുന്നതാണ്. മറ്റുള്ളവർക്ക് ലഭിക്കുകയില്ല. അവിടത്തെ ദാസത്വത്തിന് വെളിയിൽ പോയി മുസ്‌ലിമെന്ന് പറയാനും സാധിക്കുകയില്ല. വീണ്ടും കൂടുതൽ വിശദീകരിച്ചുകൊണ്ട് അവടന്ന് പറയുന്നു:

'നമ്മൾ മുസ്‌ലീംകളാണ്. നമ്മൾ അല്ലാഹുവിന്റെ ഗ്രന്ഥമായ ഫുർഖാനെ മജീദിൽ വിശ്വസിക്കുന്നു. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)അല്ലാഹുവിന്റെ റസൂലും നബിയുമാണെന്നും നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. അവിടന്ന് ഏറ്റവും നല്ല ദീനുമായി വന്നു. അവിടന്ന് ഖാത്തമുൽ അമ്പിയാ ആണെന്നും വിശ്വസിക്കുന്നു. ആ മഹാത്മാവിനുശേഷം ഒരു നബിയുമില്ല; എന്നാൽ, ആ മഹാത്മാവിൽനിന്ന് ശിക്ഷണം ലഭിച്ചവരൊഴികെ.' (ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ലഭിച്ച തർബിയ്യത്ത് പോലെ). നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദിന്റെ വെളിപെടലുണ്ടായി. അല്ലാഹു ഈ സമുദായത്തിന്റെ വലിയ്യുമാരെ തന്റെ ഭാഷണങ്ങളും സംസാരങ്ങളും കൊണ്ട് അനുഗ്രഹിച്ചു. അവരെ പ്രവാചകന്മാരുടെ വർണത്തിലാക്കി. പക്ഷേ, അവർ ഹഖീഖിയായ നിലയിൽ നബിയാവുകയില്ല. കാരണം വിശുദ്ധഖുർആൻ ശരീഅത്തിന്റെ എല്ലാ ആവശ്യങ്ങളേയും പൂർത്തിയാക്കിയിരിക്കുന്നു. ഖുർആനിന്റെ ജ്ഞാനം അദ്ദേഹത്തിന് പ്രദാനം ചെയ്യുന്നതാണ്. പക്ഷേ, അദ്ദേഹം വിശുദ്ധ ഖുർആനിൽ ഏതെങ്കിലും തരത്തിലുള്ള ഏറ്റക്കുറച്ചിലുകൾ വരുത്തുന്നില്ല. ആരാണോ വിശുദ്ധ ഖുർആനിൽ എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തത് അവൻ കുറ്റവാളിയായ ശയ്ത്വാനാണ്.

ഖത്തമുന്നുബുവ്വത്തുകൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത് എല്ലാ റസൂൽമാരെക്കാളും നബിമാരെക്കാളും ശ്രേഷ്ഠനായ നമ്മുടെ നബി(സ)തിരുമേനിയിൽ നുബുവ്വത്തിന്റെ എല്ലാ പൂർണതകളും അവസാനിച്ചിരിക്കുന്നുവെന്നാണ്. നബി(സ)തിരുമേനിക്കുശേഷം നുബുവ്വത്തിന്റെ സ്ഥാനത്തുവരുന്നത് അവിടത്തെ ഉമ്മത്തിൽനിന്നുള്ള വ്യക്തിയായിരിക്കുമെന്ന് നമ്മൾ വിശ്വസിക്കുന്നു. ആ വ്യക്തി അവിടത്തെ സമ്പൂർണ പിൻഗാമിയായിരിക്കും. ആ വ്യക്തി തന്റെ എല്ലാ അനുഗ്രഹങ്ങളും പ്രാപിച്ചത് നബി(സ)തിരുമേനിയുടെ ആത്മീയതയിൽനിന്നാണ്. അവിടത്തെ പ്രകാശത്തിൽനിന്ന് പ്രശോഭിതനായി. ഈ സ്ഥാനത്തെ കുറിച്ച് ലജ്ജിക്കേണ്ടതില്ല. ഇത് ലജ്ജിക്കേണ്ട സ്ഥലവുമല്ല. ഇത് വേറിട്ടൊരു നുബുവ്വത്തുമല്ല. അത്ഭുതപ്പെടേണ്ട സ്ഥാനവുമല്ല. എന്നല്ല ആ അഹ്മദ് മുജ്ത്തബ തന്നെയാണ് മറ്റൊരു ദർപണത്തിൽ വെളിപ്പെട്ടത്. അല്ലാഹു ദർപണത്തിൽ കാണിച്ച ആ വ്യക്തിയുടെ ചിത്രം കണ്ടിട്ട് ഒരാളും ലജ്ജിക്കുകയില്ല. കാരണം ശിഷ്യരുടേയും മക്കളുടേയുംമേൽ ആരും ലജ്ജിക്കാറില്ല. അതിനാൽ നബി(സ)തിരുമേനിയിൽനിന്ന് അനുഗ്രഹം പ്രാപിച്ചും നബി(സ)തിരുമേനിയിൽ വിലയം പ്രാപിച്ചും വരുന്നയാൾ യഥാർഥത്തിൽ പ്രസ്തുത വ്യക്തി തന്നെയാണ്. കാരണം അയാൾ പൂർണമായ വിലയാവസ്ഥയിലായിരിക്കും ഉണ്ടാകുക. അവിടത്തെ വർണത്തിൽ വിഭൂഷിതനും അവിടത്തെതന്നെ പുതപ്പ് പുതച്ച ആളുമായിരിക്കും. നബി(സ)തിരുമേനിയിൽനിന്നുതന്നെയാണ് അയാൾ തന്റെ ആത്മീയമായ അസ്തിത്വം കരസ്ഥമാക്കിയിട്ടുള്ളത്. നബി(സ)തിരുമേനിയുടെ അനുഗ്രഹത്തിൽനിന്നുതന്നെയാണ് അയാളുടെ അസ്തിത്വം പൂർണതയിലെത്തിയിട്ടുള്ളത്. നമ്മുടെ നബി(സ) തിരുമേനിയുടെ ബർക്കത്തുകളുടെമേൽ സാക്ഷ്യമായിട്ടുള്ള സത്യമാണിത്. തങ്ങളുടെ സമ്പൂർണ സ്നേഹവും പരിശുദ്ധിയുംകൊണ്ട് അവിടത്തെ അസ്തിത്വത്തിൽ വിലയം പ്രാപിച്ച ആ താബിഈംകളുടെ വസ്ത്രത്തിൽ ജനങ്ങൾ നബി(സ)തിരുമേനിയുടെ സൗന്ദര്യം കാണുന്നു. അവർക്കെതിരിൽ സംവാദം നടത്തുന്നത് വിവരമില്ലായ്മയാണ്. കാരണം ഇത് അവിടന്ന് സന്താനരഹിതനല്ലെന്നുള്ളതിന് അല്ലാഹുവിൽനിന്നുള്ള തെളിവാണ്. ചിന്തിക്കുന്നവർക്ക് ഇതിന്റെ വിശദീകരണം ആവശ്യമില്ല. നബി(സ)തിരുമേനി ശാരീരികമായ നിലയിൽ പുരുഷന്മാരിൽ ആരുടേയും പിതാവല്ല. പക്ഷേ, പ്രവാചകത്വത്തിന്റെ അനുഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ ആത്മീയതയിൽ സമ്പൂർണത കൈവരിച്ച ഓരോ വ്യക്തിയുടേയും പിതാവാണ്. അവിടന്ന് എല്ലാ നബിമാരിലും ശ്രേഷ്ഠനും സ്വീകരിക്കപ്പെട്ട എല്ലാവരുടേയും നേതാവുമാണ്. ഇപ്പോൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ നബി(സ)തിരുമേനിയുടെ മുദ്രയുടെ ചിത്രം പതിഞ്ഞിട്ടുള്ളവർക്കും അവിടത്തെ സുന്നത്തനുസരിച്ച് പൂർണമായും പ്രവർത്തിക്കുന്നവർക്കും മാത്രമേ പ്രവേശിക്കാൻ സാധിക്കുകയുള്ളു. നബി(സ)തിരുമേനിയുടെ നുബുവ്വത്ത് അംഗീകരിക്കാതെ, അവിടത്തെ ദീനിൽ ചുവടുറച്ചു നിൽക്കാതെ ഒരു കർമവും ഒരു ആരാധനയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകരിക്കപ്പെടുകയില്ല. നബി(സ)തിരുമേനിയിൽനിന്ന് വേർപെട്ടവനും തന്റെ കഴിവും ശക്തിയുമനുസരിച്ച് ആ മഹാത്മാവിനെ അനുധാവനം ചെയ്യാത്തവനും നശിച്ചിരിക്കുന്നു. നബി(സ)തിരുമേനിക്കുശേഷം ഇനി ഒരു ശരീഅത്തും വരികയില്ല. അവിടത്തെ ഗ്രന്ഥത്തേയോ അവിടത്തെ കല്പനകളേയോ അവിടത്തെ പരിശുദ്ധ ഗ്രന്ഥത്തേയോ മാറ്റിമറിക്കാനോ കാലഹരണപ്പെടുത്താനോ ആർക്കും സാധിക്കുകയുമില്ല. ഒരു മഴയ്ക്കും അവിടത്തെ തോരാമഴയെപോലെ ആകാനും സാധിക്കുകയില്ല. ആരാണോ വിശുദ്ധ ഖുർആനിൽനിന്നും അതായത് ആത്മീയമഴയിൽനിന്നും വിശുദ്ധ ഖുർആനിന്റെ അനുധാവനത്തിൽനിന്നും അണുകിട ദൂരത്തായത് അവൻ ഈമാനിന്റെ വൃത്തത്തിൽനിന്ന് പുറത്തായി. നബി(സ)തിരുമേനിയിൽനിന്ന് സ്ഥാപിതമായിട്ടുള്ള എല്ലാ കാര്യങ്ങളേയും പിൻപറ്റാത്തതുവരെ ഒരു മനുഷ്യനും ഒരിക്കലും വിജയം പ്രാപിക്കുകയില്ല. നബി(സ)തിരുമേനിയുടെ വസ്വിയ്യത്തുകളിൽനിന്ന് ചെറിയ വസ്വിയ്യത്തുപോലും ആരാണോ ഉപേക്ഷിച്ചത് അവൻ വഴിപിഴച്ചുപോയി. താൻ മനുഷ്യകുലോത്തമനായ മുഹമ്മദു മുസ്തഫാ(സ)യിൽനിന്ന് തർബിയ്യത്ത് കിട്ടിയവനാണെന്ന് വിശ്വസിക്കാതെയും അവിടത്തെ ജീവിതമാതൃക കൂടാതെയും ആരാണോ ഈ ഉമ്മത്തിൽ നുബുവ്വത്ത് വാദിച്ചത് അവന് ഒരു വിലയുമില്ല.

വിശുദ്ധ ഖുർആൻ എല്ലാ ശരീഅത്തുകളുടേയും അവസാനമാണെന്ന് മനസ്സിലാക്കാത്തവൻ നാശമടഞ്ഞു. അവൻ സത്യനിഷേധികളിലും കുറ്റവാളികളിലും ചെന്നുചേർന്നിരിക്കുന്നു. നബി(സ)തിരുമേനിയുടെ ഉമ്മത്തിൽപ്പെട്ടവനാണെന്നും എന്തൊന്നാണോ താൻ നേടിയത് അത് നബി(സ)തിരുമേനിയുടെ അനുഗ്രഹത്തിൽനിന്നാണെന്നും താൻ നബി(സ)തിരുമേനിയുടെ തോട്ടത്തിലെ ഒരു കനിയാണെന്നും അവിടത്തെതന്നെ തോരാമഴയുടെ ഒരു തുള്ളിയാണെന്നും അവിടത്തെതന്നെ പ്രകാശത്തിന്റെ ഒരു കിരണമാണെന്നും വിശ്വസിക്കാതെ ആരാണോ നുബുവ്വത്ത് വാദിച്ചത് അവൻ ശപിക്കപ്പെട്ടവനാണ്. അവനിലും അവന്റെ കൂട്ടുകാരിലും അവന്റെ അനുയായികളിലും അവനെ സഹായിക്കുന്നവരിലും അല്ലാഹുവിന്റെ ശാപമുണ്ട്. (ഈ ശാപം ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ മേലോ ജമാഅത്തിന്റെമേലോ അല്ല ചൊല്ലുന്നത്. ഇതിന്റെ ഉദ്ദേശ്യം, തനിക്ക് ഏറ്റവും കൂടുതൽ ആത്മീയകൃപ ലഭിച്ചിട്ടുള്ളത് നബി(സ)തിരുമേനിയിൽനിന്നാണെന്ന് ആ മഹാത്മാവ് മനസ്സിലാക്കുന്നു എന്നതാണ്. നബി(സ)തിരുമേനിയെ അനുധാവനം ചെയ്തതിലൂടെ ശരീഅത്ത് രഹിത നുബുവ്വത്ത് നല്കി അല്ലാഹു അദ്ദേഹത്തെ ബഹുമാനിച്ച സ്ഥാനത്ത് അദ്ദേഹമെത്തി).

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ആകാശത്തിൻകീഴിൽ മുഹമ്മദ് മുജ്ത്തബാ(സ) അല്ലാതെ നമുക്ക് ഒരു നബിയുമില്ല. വിശുദ്ധ ഖുർആനല്ലാതെ നമുക്കൊരു ഗ്രന്ഥവുമില്ല. ആരാണോ അതിനെ എതിർത്തത് തന്നെ നരകത്തിലേക്കാണ് അവൻ വലിച്ചുകൊണ്ടു പോയിരിക്കുന്നത്.(മവാഹിബുർറഹ് മാൻ റൂഹാനീ ഖസായിൻ വാള്യം പേജ് 19 285–287, അറബിയിൽനിന്നുള്ള ഉർദു തർജമ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തഫ്സീർ സൂറ അഹ്സാബ് ആയത്ത് 41 വാള്യം 3 പേജ് 699–701)

അവിടന്ന് നിരവധി സ്ഥലങ്ങളിൽ ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യത്തേയും അതിന്റെ സ്ഥാനത്തേയും തന്റെ സ്ഥാനത്തേയും പദവിയേയും കുറിച്ച് പറഞ്ഞിട്ടുണ്ട്. പറഞ്ഞു: 'മുസ്‌ലിംകൾ ദീനി ൽ ഉറച്ചു നില്ക്കുകയും നബി(സ) തിരുമേനിയുടെ യഥാർഥ അനുയായിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഞാൻ വരേണ്ടുന്ന ആവശ്യമെന്താണ്?' ഒരു സ്ഥലത്ത് അദ്ദേഹം പറയുന്നു: 'ഭൗതികമായ ഉദാഹരണങ്ങളെടുത്ത് ഖത്തമുന്നുബ്ബുവ്വത്തിന്റെ ഉദാഹരണം നമുക്ക് ഇങ്ങനെ പറയാവുന്നതാണ്. ചന്ദ്രൻ ഹിലാലിൽ(പിറവിചന്ദ്രൻ) നിന്ന് തുടങ്ങുന്നു. പതിനാലാം രാവിലെത്തി അത് പൂർണനിലാവായിത്തീരുന്നു. അപ്പോൾ അതിന് ബദ്ർ എന്നാണ് പറയുന്നത്. ഇതേ രീതിയിൽ നബി(സ) തിരുമേനിയിൽ നുബുവ്വത്തെത്തി അത് സമ്പൂർണമായി അവസാനിച്ചു. എന്നാൽ, നുബുവ്വത്ത് ബലാൽക്കാരമായി അവസാനിച്ചുവെന്നും നബി(സ)തിരുമേനിയ്ക്ക് യൂനുസ്ബിൻ മത്തായേക്കാൾ ശ്രേഷ്ഠത നല്കരുതെന്നും പറയുന്നവർ ഈ യാഥാർഥ്യം മനസ്സിലാക്കാത്തവരാണ്. നബി(സ)തിരുമേനിയുടെ ശ്രേഷ്ഠതകളേയും കഴിവുകളേയും കുറിച്ച് അവർക്ക് ഒരു അറിവുമില്ല. ഇത്തരം ബലഹീനമായ ഗ്രാഹ്യവും അറിവുകുറവുംകൊണ്ട് നാം ഖത്തമുന്നുബുവ്വത്തിനെ നിഷേധിച്ചെന്ന് നമ്മോടു പറയുന്നു(അവർക്ക് സ്വയം മനസ്സിലായില്ല, എന്നിട്ട് നമ്മളോട് പറയുന്നു നമ്മൾ ഖത്തമുന്നുബ്ബുവ്വത്ത് നിഷേധിക്കുന്നവരാണെന്ന്). പറഞ്ഞു: അവരെ ഓർത്ത് വിഷമിക്കുകയല്ലാതെ അത്തരം രോഗികളെക്കുറിച്ച് ഞാൻ എന്തു പറയാനാണ്? ഈ അവസ്ഥ അവർക്കുണ്ടായിരുന്നില്ലെങ്കിൽ! അവർ ഇസ്‌ലാമിന്റെ യാഥാർഥ്യത്തിൽനിന്ന് പൂർണമായും ദൂരത്തായിരുന്നില്ലെങ്കിൽ! (ഇസ്‌ലാമിന്റെ യാഥാർഥ്യത്തെക്കുറിച്ച് ഒരറിവുമില്ലാത്ത ഇക്കാലത്തുള്ള മുസ്‌ലിംകളുടെ ഇന്നു കാണുന്ന അവസ്ഥ അവർക്കുണ്ടായിരുന്നില്ലെങ്കിൽ! അതിൽനിന്ന് അവർ അകന്നില്ലായിരുന്നെങ്കിൽ! പറഞ്ഞു:) പിന്നെ ഞാൻ വേരണ്ട ആവശ്യമെന്താണ്? (അവരിൽ ഈമാൻ സലാമത്തായിട്ടുണ്ടെങ്കിൽ അവരുടെ ആത്മീയത ശരിയായതായിരുന്നെങ്കിൽ പറഞ്ഞു: പിന്നെ ഞാൻ വരേണ്ട ആവശ്യമെന്താണ്?) അവരുടെ ഈമാനിക അവസ്ഥകൾ വളരെ ബലഹീനമായിരിക്കുന്നു. അവർ ഇസ്‌ലാമിന്റെ പൊരുളും അതുപോലെ ഉദ്ദേശ്യവും അറിയാത്തവരാണ്. അല്ലെങ്കിൽ സത്യാത്മാക്കളോട് ശത്രുത പുലർത്താൻ ഒരു കാരണവുമില്ല. അതിന്റെ ഫലമായാണ് കാഫിർ ആക്കുന്നത്.' (മൽഫൂദാത്ത്, വാള്യം 1, പേജ് 342–343, 1985 ലണ്ടൻ പതിപ്പ്)

അതായത് ആരാണോ സത്യത്തിൽ നിലകൊള്ളുന്നത്, അല്ലാഹുവിനാൽ അയക്കപ്പെട്ടത്, നബി(സ) തിരുമേനിയുടെമേൽ പൂർണമായും വിശ്വാസം കൊള്ളുന്നത് അദ്ദേഹത്തോട് ശത്രുതയോടും വിരോധത്തോടുംകൂടി പെരുമാറുകയും അകാരണമായി വിദ്വേഷം വെച്ചുപുലർത്തുയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹു അയക്കപ്പെട്ട ആളോട് ശത്രുത കാണിക്കുക എന്നത് പിന്നീട് കാഫിർ ആക്കിത്തീർക്കുന്നു. അതിനാൽ ഇക്കൂട്ടർ എന്തിനാണ് നമ്മെ കാഫിർ എന്നു പറയുന്നത്? മുസ്‌ലിമിന്റെ കലിമ ചൊല്ലുന്ന ആളെ കാഫിർ എന്നു പറയുന്നത്, പറയുന്നവനെ ഇസ്‌ലാമികവൃത്തത്തിൽനിന്ന് പുറത്താക്കുന്നതാണ്. നബി(സ)തിരുമേനിയുടെ ഹദീഥും ഇക്കാര്യത്തിലുണ്ട്. (സുനൻ അബീദാവൂദ് കിത്താബുസ്സുന്ന, ബാബുദ്ദലീൽ അലാ സിയാദത്തിൽഈമാൻ വനുഖ്സാനുഹു, ഹദീഥ് 4687).

അതിനാൽ ഞങ്ങളെ കാഫിർ എന്നു പറയുന്ന ഇക്കൂട്ടർ ഈ ആക്ഷേപത്തിന് കീഴിൽ വരുന്നവരാണ്. അതുകൊണ്ട് സഹതാപത്തിന്റെ വികാരത്താൽ ഞങ്ങൾ ആ കലിമ ചൊല്ലുന്നവരോട് പറയുന്നത്, നിങ്ങളുടെ അവസ്ഥകളോടു നിങ്ങൾ കരുണ കാണിക്കുക എന്നാണ്. അല്ലാഹു എന്താണ് ആഗ്രഹിക്കുന്നതെന്നും എന്താണ് പറയുന്നതെന്നും നോക്കുകയും മനസ്സിലാക്കുകയും ചെയ്യുക. ഹദ്റത്ത്

മസീഹ് മൗഊദ്(അ)ന്റെ ഈ കുറച്ച് ലിഖിതങ്ങൾ ഞാൻ സമർപ്പിക്കുകയുണ്ടായി. അഹോ കഷ്ടം! ഈ മാന്യപ്രകൃതിക്കാരായ മുസ്‌ലിംകൾക്ക് ഇത് സന്മാർഗത്തിന് നിമിത്തമായിരുന്നെങ്കിൽ! അവർ ഞങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുന്നതിനു പകരം സ്വന്തം അവസ്ഥകളിലേക്ക് നോക്കിയിരുന്നെങ്കിൽ!

പാക്കിസ്താൻ അസംബ്ലിയിൽ നിയമങ്ങൾ ഉണ്ടാക്കുന്നതിന്റെ പദങ്ങളെകുറിച്ച് അവർ പരസ്പരം ആലോചിച്ചു കാര്യങ്ങൾ തീരുമാനിച്ചിരുന്നതാണ്. തീരുമാനമെടുത്തതിനു ശേഷം കുറച്ചുദിവസംമുമ്പേ ഒരു അസംബ്ലി മെമ്പർ അനാവശ്യമായി പ്രകോപനപരമായ ഒരു പ്രസംഗം ചെയ്തു. ഇത് കേവലം അസംബ്ലി അംഗങ്ങളുടെ വികാരത്തെ വ്യാജമായി പ്രകോപിപ്പിക്കുന്നതിനു വേണ്ടിയായിരുന്നില്ല. പ്രത്യുത അതിനോടൊപ്പം പൊതുജനങ്ങളേയും പ്രകോപിപ്പിക്കുകയും രാജ്യത്ത് കുഴപ്പങ്ങളുണ്ടാക്കുകയും അഹ്മദികൾക്കെതിരെ ജനങ്ങളെയെല്ലാം അണിനിരത്തുകയും ചെയ്യുന്നതിനുള്ള ഒരു ശ്രമവുമായിരുന്നു. തന്നെ സ്വയം രാജ്യത്തിന്റെ വലിയ കൂറുള്ളവനായ ലീഡർ എന്ന നിലയിൽ സ്ഥാപിക്കാനുള്ള ശ്രമമായിരുന്നു അയാളുടേത്. അയാളുടെ രാഷ്ട്രീയജീവിതത്തിന് എന്തെങ്കിലും പുതുജീവിതം കിട്ടാനും! പക്ഷേ, അതിൽ അവിടെത്തെ ചില ബുദ്ധിയുള്ള രാഷ്ട്രീയക്കാരും മാധ്യമപ്രവർത്തകരും മാന്യതയുള്ളവരും അനിഷ്ടകരം പ്രകടിപ്പിച്ചിരുന്നു. അതിനാൽ, പാക്കിസ്ഥാനിൽ മാന്യന്മാരുടെ ഒരു വിഭാഗമുണ്ടെന്നും അവർ തെറ്റായ കാര്യങ്ങൾക്കെതിരെ ശബ്ദമുയർത്താൻ തുടങ്ങിയിരിക്കുന്നുവെന്നും അവർ അവിടെ സത്യം വിളിച്ചുപറയുന്നുവെന്നും നിങ്ങൾ പറയുന്ന ഈ ആക്ഷേപങ്ങളിലുള്ള യാഥാർഥ്യമെന്താണെന്ന് ചോദിക്കുന്നുവെന്നുമുള്ളത് നമുക്ക് പ്രതീക്ഷ നല്കുന്നുണ്ട്.

ഖായിദെഅഅ്‌ളം യൂനിവേഴ്സിറ്റിയിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിന് ഡോക്ടർ അബ്ദുസ്സലാമിന്റെ പേരു കൊടുത്തത് തങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ലെന്ന് സ്വന്തമായ നിലയിൽ വലിയ മൈതാനങ്ങൾ 'കീഴടക്കുന്ന' ഈ അസംബ്ലി അംഗം പറഞ്ഞു. കാരണം ഡോക്ടർ അബ്ദുസ്സലാം കാഫിറാണ്. അദ്ദേഹം ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കുന്നില്ല!!!

ഈ പേർ വെച്ചത് ഇയാളുടെ സ്വന്തം പാർട്ടിയുടെ പ്രധാനമന്ത്രിയും പ്രസിഡണ്ടുമായിരുന്നുവെന്ന കാര്യം ഇയാൾ ഓർക്കേണ്ടതാണ്. എന്നല്ല, ഈ അസംബ്ലി അംഗത്തിന്റെ ഭാര്യാപിതാവുമാണ്! അന്ന് എന്തുകൊണ്ട് ഇയാൾ ഈ ആത്മീയരോഷം കാണിച്ചില്ല. എന്തുകൊണ്ട് ആത്മീയരോഷം പ്രകടിപ്പിച്ചില്ല. ഇപ്പോൾ ഇത് പ്രകടിപ്പിക്കാൻ കാരണം ഇയാളുടെ പാർട്ടിക്കെതിരിൽ അഴിമതി ആരോപണം ഉണ്ടായിരിക്കുന്നു എന്നതാണ്. അതിൽനിന്ന് രക്ഷപ്പെടാൻ അഹ്മദികൾക്കെതിരിൽ എന്തൊന്ന് വായിൽ വരുന്നുവോ അത് വിളിച്ചു പറയുന്നതാണ് എളുപ്പവഴി എന്ന് ഇയാൾ മനസ്സിലാക്കുന്നു.

പിന്നീട് അഹ്മദികളെ സംബന്ധിച്ചുള്ള പ്രശ്നം അത് പേരിട്ടാലും വേണ്ടില്ല പേരിട്ടില്ലെങ്കിലും വേണ്ടില്ല ഞങ്ങൾക്കൊരു വ്യത്യാസം വരാനില്ല. എന്നല്ല ഈ ഡിപ്പാർട്ട്മെന്റിന് ആ പേരിട്ട ദിവസം തന്നെ പരേതനായ ഡോക്ടർ സലാമിന്റെ അടുത്ത ബന്ധുക്കൾ, സലാം സാഹിബിന്റെ ആൺമക്കൾ, അദ്ദേഹത്തിന്റെ എല്ലാ മക്കളും പാക്കിസ്താൻ പ്രധാനമന്ത്രിക്ക് കത്തെഴുതിയിരുന്നു. അതിന് മറുപടി വന്നില്ല. ഞങ്ങൾ അത്ഭുതപ്പെടുകയാണ്. ഡോക്ടർ സാഹിബിന്റെ മരണത്തിന് 20 വർഷത്തിനുശേഷം പാക്കിസ്താൻ ഭരണകൂടത്തിന് പാക്കിസ്താന്റെ പേരുകേട്ട ഈ ശാസ്ത്രജ്ഞന്റെ പേരിൽ ഏതെങ്കിലും ഡിപ്പാർട്ട്മെന്റിന് പേരിടണമെന്ന ചിന്തയുണ്ടായി!! സലാം സാഹിബിന്റെ മകൻ ഇങ്ങനെയും എഴുതി: എന്റെ പിതാവിനെ പാക്കിസ്താൻ ഭരണഘടന അമുസ്‌ലിമായി നിശ്ചയിച്ചിരിക്കുകയാണ്. അതിൽ അദ്ദേഹത്തിന് സങ്കടവുമുണ്ടായിരുന്നു. എന്നിട്ടും അദ്ദേഹം തന്റെ പാക്കിസ്താൻ പൗരത്വം ഉപേക്ഷിച്ചില്ല. അദ്ദേഹത്തിന് ബ്രിട്ടൻ, ഇറ്റലി, എന്നല്ല ഇന്ത്യയിൽനിന്നുവരെ പൗരത്വം നല്കാമെന്ന് പറഞ്ഞിരുന്നതാണ്. എന്നാൽ, താൻ എന്നെന്നും പാക്കിസ്താനോടു കൂറുള്ളവനായിരുന്നുവെന്നും എന്നെന്നും കൂറുള്ളവനായിരിക്കുമെന്നുമാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ ഉയർച്ചയ്ക്കുവേണ്ടി എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നു പറയുകയും പ്രവർത്തിച്ചു കാണിക്കുകയും ചെയ്തു. എന്തായാലും പറഞ്ഞതിന്റെ ചുരുക്കം ഡോ. സലാം സാഹിബിന്റെ കുട്ടികൾ ആ നേരത്ത് പാക്കിസ്താൻ പ്രധാനമന്ത്രിക്ക്, തങ്ങൾ മുസ്‌ലിംകളാണെന്നും തങ്ങൾക്ക് അഹ്മദിയ്യാജമാഅത്തിനോട് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ബന്ധമുണ്ടെന്നും തങ്ങൾ മസീഹ് മൗഊദിൽ വിശ്വസിക്കുന്നുവെന്നും അതിനാൽ ഡോക്ടർ സലാമിന്റെ മക്കളായ തങ്ങൾ ഭരണകൂടത്തിന്റെ ഈ തീരുമാനത്തിൽ സന്തോഷം പ്രകടിപ്പിക്കുന്നതിനു പകരം തങ്ങളുടെ അവകാശം പാക്കിസ്താൻ നിറവേറ്റാത്തതുകൊണ്ട് തങ്ങൾക്ക് അതിനോടു യോജിപ്പില്ലെന്നും എന്തൊന്നാണോ നി ങ്ങൾ പറയുന്നത് അത് തങ്ങൾക്ക് മനസ്സിലാകുന്നില്ലെന്നും അതുകൊണ്ട് തങ്ങൾ disassociate ചെയ്യുന്നുവെന്നും എഴുതിയിരുന്നു. ഇതായിരുന്നു ഡോക്ടർ അബ്ദുസ്സലാം സാഹിബിന്റെ കുട്ടികളുടെ പ്രതികരണം!

പാക്കിസ്താൻ അസംബ്ലി ഈ നാമം മാറ്റാനാഗ്രഹിക്കുന്നെങ്കിൽ സന്തോഷത്തോടുകൂടി മാറ്റിക്കൊള്ളുക. സലാമിന്റെ കുടുംബത്തിനോ അഹ്മദിയ്യാജമാഅത്തിനോ അതുകൊണ്ട് ഒരു വ്യത്യാസവും വരാനില്ല.

പിന്നീട് അസംബ്ലി അംഗം പറയുന്നത് അഹ്മദികളെ പട്ടാളത്തിൽ ചേർക്കാൻ പാടില്ലെന്നാണ്. പാക്കിസ്താന്റെ ഇന്നുവരെയുള്ള ചരിത്രം പറയുന്നത് എത്രയെത്ര അഹ്മദികൾ പട്ടാളത്തിൽ ചേർന്നിട്ടുണ്ടോ അവർ രാജ്യത്തിനുവേണ്ടി എല്ലാ ത്യാഗങ്ങളും ചെയ്തുവെന്നാണ്. സാധാരണയായി പട്ടാളക്കാരനോ ജൂനിയർ കമ്മീഷന്റെ ഓഫീസറോ ഏറ്റവും കൂടിയാൽ കേണൽ മേജറോ ആയിരിക്കും യുദ്ധനടപടികളിൽ കൊല്ലപ്പെടുന്നത്. പക്ഷേ, അഹ്മദി, ജനറലിന്റെ റാങ്കിലെത്തിയിട്ടും അടുത്ത യുദ്ധത്തിൽ പോവുകയും ശഹീദാവുകയും ചെയ്തതാണ് നമ്മൾ കണ്ടത്. ആ സംഭവം ഇന്നും പാക്കിസ്താനിലെ മാധ്യമങ്ങൾ ചർച്ചയ്ക്ക് കൊണ്ടുവരുന്നു. യാഥാർഥ്യങ്ങൾ മുമ്പിൽ വരുന്നു. നിങ്ങൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ചോദിക്കുന്നു. മാധ്യമങ്ങൾ വീണ്ടും ജനറൽ അഖ്തറിന്റേയും ജനറൽ അലിയുടേയും പേര് പറയുന്നു. മാധ്യമങ്ങളിൽ ശഹീദാക്കപ്പെട്ട ജനറൽ ഇഫ്തിഖാറിന്റെ പേരും പറയുന്നു.

അസംബ്ലിയിൽ ഘോരഘോരം പ്രസംഗിച്ച ഈ അംഗം പട്ടാളത്തിൽ ക്യാപ്റ്റന്റെ സ്ഥാനംവരെ എത്തിയ ആളാണ്. പിന്നീട് പ്രധാനമന്ത്രിയുടെ മകളുടെ ഭർത്താവായപ്പോൾ പട്ടാളത്തിൽനിന്ന് രാജിവെച്ചു. അതുകഴിഞ്ഞ് പണത്തിന്റെ പിന്നാലെകൂടി. രാഷ്ട്രീയത്തിൽ വന്നു. രാജ്യത്തോടുള്ള സ്നേഹവികാരമുണ്ടായിരുന്നെങ്കിൽ അയാൾ പട്ടാളത്തിലിരിക്കണമായിരുന്നു. രാജ്യത്തിനുവേണ്ടി ത്യാഗം ചെയ്യണമായിരുന്നു.

ഇപ്രകാരംതന്നെ അഹ്മദികൾ സമുദായത്തെ സേവിക്കുന്നില്ലന്നും അവർ സമുദായത്തോടു കൂറുള്ളവരല്ലെന്നും ആക്ഷേപിക്കുന്നുണ്ട്. എന്നാൽ, ഇന്ന് പാക്കിസ്താനിൽ അഹ്മദികൾ മാത്രമാണ് ഹുബ്ബുൽ വത്നി മിനൽ ഈമാനിൽ ദൃഢമായി വിശ്വസിക്കുന്നവരെന്നും അതനുസരിച്ച് പ്രവർത്തിക്കുന്നവരെന്നും തങ്ങളുടെ ജീവനും സമ്പത്തും ബലിയർപ്പിക്കുന്നവരെന്നും ബലിയർപ്പിച്ചുകൊണ്ടിരിക്കുന്നവരെന്നും എനിക്ക് പൂർണവിശ്വാസത്തോടെ പറയാൻ കഴിയും. അവർ രാഷ്ട്രീയ കച്ചവടം തിളക്കമാർന്നതാക്കുന്നതിനുവേണ്ടി വെറും പ്രസംഗിക്കുന്നവരല്ല. ഞങ്ങൾക്ക് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ല. ഞങ്ങൾ മതത്തിനുവേണ്ടി ജീവൻ നല്കുന്നവരാണ്. പക്ഷേ, മതത്തിന്റെ പേരിൽ രാഷ്ട്രീയത്തെ തിളക്കമാർന്നതാക്കുന്നവരും മതത്തിന്റെ പേരിൽ രക്തമൊഴുക്കുന്നവരുമല്ല. ഞങ്ങൾ നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കുന്നുണ്ടെങ്കിൽ അത് മനസ്സുകൊണ്ടാണ് വിശ്വസിക്കുന്നത്. ആ മഹാത്മാവിനുവേണ്ടി എല്ലാ ബലികളും നല്കുന്നു; നല്കാൻ തയ്യാറുമാണ്; നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇൻ ശാ അല്ലാഹ് നല്കിക്കൊണ്ടിരിക്കുന്നതുമാണ്. അഹ്മദികൾ വലിയ ത്യാഗങ്ങൾ ചെയ്തിട്ടുള്ളതും തുടക്കം മുതൽ ഇന്നുവരെ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമായ ഈ രാജ്യത്തെ അല്ലാഹു എപ്പോഴും സമാധാനത്തോടെ വെക്കുന്നതിനും അക്രമികളായ നേതാക്കന്മാരിൽനിന്നും സ്വാർഥതൽപരരായ ഉലമാഇൽനിന്നും രക്ഷിക്കുന്നതിനും ലോകത്തെ സ്വതന്ത്രവും അന്തസാർന്നതുമായ രാജ്യങ്ങളിൽ പാക്കിസ്താനേയും പെടുത്തുന്നതിനുംവേണ്ടി ദുആ ചെയ്യേണ്ടത് പാക്കിസ്താനീ അഹ്മദികളുടെ നിർബന്ധ കടമയാണ്.

◆

**പേജ് 1ൽ നിന്ന്**

ഇഖ്തിയാരീ നീസ്ത്. മുഹമ്മദ് അലയ്ഹ്സ്വലാത്തുവസ്സലാമിന്റെ ദീൻ നിത്യേന അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു അതിനെ സഹായിക്കുന്നവനാകണം എന്നതായിരുന്നു എന്റെ ആഗ്രഹം. അതിനുശേഷം ഞാൻ ഖാദിയാനിൽ വന്നു കുറച്ചു ദിവസങ്ങൾക്കുശേഷം പോസ്റ്റു മുഖേന അദ്ദേഹത്തിന്റെ കത്ത് എനിക്കു കിട്ടി. അതിൽ എഴുതിയിരുന്നു. ഈൻ ആജിസ് ബറായെ ശുമാ ദുആ കർദ് ബവദ് അൽഖാശിദ് വൻസ്വർനാ അലൽഖൗമിൽ കാഫിരീൻ. ഫഖീർ റാ കം ഇത്ഫാഖ് മേ ഉഫ്ത്തദ് കെ ബദീൻ ജൽദീ അൽഖാശ്വദ് ഈൻ അസ് ഇഖ്ലാസ് ശുമാ ബീനം.

ചുരുക്കത്തിൽ അബ്ദുൽ ഹഖിന്റെ വളരെ നിർബന്ധത്തിനുശേഷം 'ഞാൻ കലിമ ചൊല്ലുന്ന ഒരു മുസ്‌ലിമിന്നെതിരിലും മുബാഹല നടത്താനാഗ്രഹിക്കുന്നില്ലെന്ന്' അദ്ദേഹത്തിനെഴുതി. 'ഞങ്ങൾ താങ്കളുടെമേൽ കുഫ്ർ ഫത്‌വ നല്കിയതുകൊണ്ട് ഇപ്പോൾ ഞങ്ങൾ നിങ്ങളുടെ പക്കൽ കാഫിറാണ്. പിന്നെ മുബാഹല നടത്താൻ എന്താണ് കുഴപ്പം?' എന്നായിരുന്നു അയാൾ മറുപടിയിൽ എഴുതിയത്. ചുരുക്കത്തിൽ അയാളുടെ കടുംപിടിത്തത്തിനുശേഷം ഞാൻ മുബാഹലയ്ക്കുവേണ്ടി അമൃതസറിൽവന്നു; എനിക്കാണെങ്കിൽ പരേതനായ അബ്ദുല്ലാഹ് സാഹിബിനോടു ഹൃദയംഗമമായ സ്നേഹമുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെ എന്റെ ഈ സ്ഥാനത്തിനുള്ള താങ്ങായി മനസ്സിലാക്കിയിരുന്നു; ഈസായ്ക്കു മുമ്പേ യഹ്‌യാ വെളിപ്പെട്ടതുപോലെ. അതുകൊണ്ട് അബ്ദുൽ ഹഖിനെതിരെ ശാപപ്രാർഥന എന്റെ മനസ്സ് ഇഷ്ടപ്പെട്ടിരുന്നില്ല. എന്റെ പക്കൽ അയാൾ കരുണാർഹനായിരുന്നു. കാരണം ആരെയാണ് ചീത്തപറയുന്നതെന്ന് അയാൾക്കറിയില്ലായിരുന്നു. അയാൾ ഇസ്‌ലാമിനുവേണ്ടി ഒരു ആത്മീയരോഷം കാണിക്കുകയായിരുന്നു. ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ടുള്ള അല്ലാഹുവിന്റെ തീരുമാനം എന്താണെന്ന് അയാൾക്കറിയില്ലായിരുന്നു.

എന്തായാലും മുബാഹലയിൽ എന്തൊന്നാണോ ആഗ്രഹിച്ചിരുന്നത് അത് അയാൾ പറഞ്ഞു. എന്നാൽ, എന്റെതന്നെ ആത്മാവായിരുന്നു എന്റെ ദുആയുടെ മടക്കസ്ഥാനം. ഞാൻ ദൈവസവിധത്തിൽ കേണപേക്ഷിച്ചിരുന്നത്, 'ഞാൻ കള്ളവാദിയാണെങ്കിൽ കള്ളവാദികളെപോലെ എന്നെ ശിക്ഷിക്കേണമേ എന്നും ഞാൻ സത്യവാദിയാണെങ്കിൽ അല്ലാഹുവേ നീ എന്നെ സഹായിക്കുകയും വിജയം നല്കുകയും ചെയ്യേണമേ' എന്നുമായിരുന്നു. ഈ മുബാഹല ഉണ്ടായിട്ട് 11 വർഷം കടന്നുപോയി. അതിനുശേഷം അല്ലാഹു എനിക്കു നല്കിയ സഹായവും വിജയവും ഈ ലഘുലേഖയിൽ വിവരിക്കാൻ സാധിക്കുകയില്ല. മുബാഹല ചെയ്യപ്പെട്ടപ്പോൾ എന്നോടൊപ്പം കുറച്ചാളുകളെ ഉണ്ടായിരുന്നുള്ളൂ എന്നത് ആരിൽനിന്നും മറഞ്ഞതല്ല; അവർ അംഗുലീപരിമിതമായിരുന്നു. ഇപ്പോൾ മൂന്നുലക്ഷത്തിലും കുറച്ചധികം എനിക്ക് ബയ്അത്ത് ചെയ്തുകഴിഞ്ഞിരിക്കുന്നു. സാമ്പത്തികബുദ്ധിമുട്ട് എത്രയായിരുന്നുവെന്നാൽ, മാസം 20 രൂപപോലും വരുമാനമുണ്ടായിരുന്നില്ല. കടം വാങ്ങേണ്ടി വന്നിരുന്നു. ഇപ്പോൾ എന്റെ ജമാഅത്തിന്റെ എല്ലാ ശാഖകളിൽനിന്നും 3000 രൂപ മാസവരുമാനമുണ്ട്. അല്ലാഹു അതിനുശേഷം വലിയ വലിയ ശക്തമായ അടയാളം കാണിച്ചു. പോരാടിയ ആൾ നാശമടഞ്ഞു. മാതൃകയെന്നോണം ഇവിടെ എഴുതിയ ദൃഷ്ടാന്തങ്ങൾ കണ്ടാൽ എങ്ങനെയാണ് അല്ലാഹു എന്നെ സഹായിച്ചതെന്ന് വ്യക്തമാകും. ഇപ്രകാരംതന്നെ ദൈവസഹായവുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് അടയാളങ്ങൾ വെളിപ്പെടുകയുണ്ടായി. മാതൃകയെന്നോണമാണ് ചിലത് ഇവിടെ എഴുതീട്ടുള്ളത്. നാണവും നീതിയുമുള്ള ആൾക്ക് ഈ ദൃഷ്ടാന്തം എന്നെ സത്യപ്പെടുത്താൻ മതിയായതാണ്.

(ഹഖീഖത്തുവഹ്‌യ്, റൂഹാനീ ഖസായിൻ, വാല്യം 22, പേജ് 248)

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**2017 ആഗസ്ത് 26 (ശനിയാഴ്ച)**

**(തുടർച്ച.........)** അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഐഎസ് ഐഎസിന്റെ ഖിലാഫത്തിലേക്ക് നോക്കുകയാണെങ്കിൽ അവർ ഇതുവരെ എന്താണ് സമ്പാദിച്ചത്? അവരുടെ ഖലീഫയുടെ അവസ്ഥ എന്തായി? അയാളെ കുറിച്ച് പറയുന്നത് അയാൾ വധിക്കപ്പെട്ടു എന്നാണ്. പിന്നെ സ്ഥലത്തിന്റെ കാര്യമാണ്. ആ പ്രദേശവും അവരുടെ കൈയിൽനിന്നുപോയി. പിന്നെ ഐഎസ്ഐഎസിന്റെ ഖലീഫ ചെയ്തുകൊണ്ടിരുന്നതെല്ലാം രഹസ്യമായിട്ടായിരുന്നു. അയാൾ ഒരിക്കലും ജനങ്ങളുടെ മുമ്പിൽ വന്നില്ല. ഐഎസ്ഐഎസിന്റെ ഖലീഫ ഒളിച്ചിരുന്നതുപോലെ ഇസ്ലാമിലെ ഒരു ഖലീഫയും ഒരിക്കലും ഇരുന്നിട്ടില്ല. അയാൾ വെറും ഒരു പ്രാവശ്യമാണ് ജനങ്ങളുടെ മുമ്പിൽ വന്നതെന്ന് പറയപ്പെടുന്നു. ഇപ്പോൾ പറയുന്നു അയാൾ മരിച്ചുകഴിഞ്ഞുവെന്ന്. അപ്പോൾ അവരുടെ ഖിലാഫത്ത് എവിടെപോയി? മറുഭാഗത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ ഖിലാഫത്ത് സമാധാനത്തിന്റേയും പ്രീതിയുടേയും സ്നേഹത്തിന്റേയും പൊതുതാൽപര്യത്തിന്റേയും സന്ദേശമാണ് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. 109 വർഷത്തിനുശേഷം ഇന്നും അത് ജീവിച്ചിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ അംഗസംഖ്യ വർധിച്ചുകൊണ്ടുപോകുന്നു. ഐഎസ്ഐഎസിന്റെ ഖലീഫയെ വിശ്വസിക്കുന്നവരുടെ എണ്ണം ആദ്യത്തെ മൂന്നോ നാലോ വർഷം വർധനയുണ്ടായി. അല്ലെങ്കിൽ കേവലം രണ്ടു വർഷം വർധനയുണ്ടായി. അതിനുശേഷം അവരെ വിശ്വസിക്കുന്നവരുടെ എണ്ണം വളരെ കുറഞ്ഞു. ഈ ഐഎസ് ഐഎസിന്റെ തുടക്കത്തിൽ 2013ലാണെന്ന് തോന്നുന്നു സ്വീഡനിലും 'താങ്കൾ ഈ ഖിലാഫത്തിനെ ഏതെങ്കിലും തരത്തിൽ ഭയക്കുന്നുണ്ടോ' എന്ന് ആരോ എന്നോട് ചോദിച്ചിരുന്നു. ഐഎസ് ഐഎസ് ഭീകരവാദികളുടെ ഒരു സംഘമാണെന്നും അവർ സ്വയം മരിച്ചുപോകുമെന്നും ഞാൻ അന്ന് അവർക്ക് മറുപടി പറഞ്ഞിരുന്നു. ഇപ്പോൾ നിങ്ങൾ സ്വയം നോക്കുക. ഐഎസിന്റെ അവസ്ഥ എന്തായി? അമേരിക്കയും മറ്റു പാശ്ചാത്യശക്തികളും ഐഎസിന് ആയുധങ്ങൾ നല്കാതിരുന്നാൽ അവർ സ്വയം നശിച്ചൊടുങ്ങും. മറുഭാഗത്ത് ഞങ്ങൾ പാശ്ചാത്യരിൽനിന്ന് ഒന്നും വാങ്ങുന്നില്ല. ഞങ്ങൾ സ്വയം ത്യാഗങ്ങൾ ചെയ്താണ് ഞങ്ങളുടെ സംഘടന മുന്നോട്ടു കൊണ്ടുപോകുന്നത്. ഞങ്ങളിൽ ത്യാഗത്തിന്റെ വികാരമുണ്ട്. അത് മറ്റുള്ളവരുടെ പക്കലില്ല. ഐ എസ് ഐഎസ് ജനങ്ങളെ തങ്ങളോടൊപ്പം വെക്കുന്നതിനുവേണ്ടി മാസത്തിൽ മൂന്ന് മുതൽ നാലായിരം ഡോളർവരെ കൊടുത്തുകൊണ്ടിരിക്കുന്നു. ഞങ്ങളാണെങ്കിൽ അതിനു വിപരീതമായി ജനങ്ങളിൽനിന്ന് പൈസ വാങ്ങുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ജനങ്ങൾ നല്ല ജോലിയുള്ളവരാണെങ്കിലും സാധാരണ ഉദ്യോഗസ്ഥരാണെങ്കിലും അവർ ധനത്യാഗം ചെയ്യുന്നു. അവർ തങ്ങളുടെ വരുമാനത്തിൽനിന്ന് ഒരു പ്രത്യേക തുക നല്കുന്നു. അതുകൊണ്ട് ഇതുതന്നെയാണ് യഥാർഥ ഖിലാഫത്ത്.

* പത്രപ്രവർത്തകൻ: ഈ മീറ്റിംഗിൽ താങ്കൾ ഇസ്ലാമിന്റെ വളരെ മനോഹരമായ സന്ദേശം ഞങ്ങൾക്ക് നൽകി. താങ്കൾ ഈ മീറ്റിംഗിലൂടെ ജർമനിക്കും മറ്റു ലോകർക്കും എന്ത് സന്ദേശമാണ് നല്കാൻ ആഗ്രഹിക്കുന്നത്.

അമീറുൽ മുഅ്മിനീൻ : ഞാൻ സന്ദേശം നല്കിയല്ലോ. ഈ സന്ദേശം പോരേ?

* ഒരു പത്രപ്രവർത്തക ചോദിച്ചു: താങ്കൾ ഏതൊരു സമാധാനഭരിതമായ ഇസ്ലാമിനെക്കുറിച്ചാണോ പറഞ്ഞത് അത് ഇസ്ലാമിന്റെ മറ്റു ശാഖകളിൽ എങ്ങനെയാണ് പ്രതിഫലിക്കുന്നത്?

അമീറുൽ മുഅ്മിനീൻ: ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ ഞങ്ങളുടെ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു. അവരിൽ ഭൂരിഭാഗവും മുസ്ലിംകളിൽനിന്നുള്ളവരാണ്. ഞങ്ങളുടെ ജമാഅത്തിൽ ചേരുന്ന മുസ്ലിംകൾക്ക്, ഇതാണ് നബി(സ)തിരുമേനി കൊണ്ടുവന്ന യഥാർഥ ഇസ്ലാമെന്നും ഇതനുസരിച്ചാണ് നബി(സ)തിരുമേനി പ്രവർത്തിച്ചിരുന്നതെന്നും അതേ ഇസ്ലാം തന്നെയാണ് എന്നെന്നും നിലനില്ക്കേണ്ടതെന്നും ബോധമുണ്ട്. ഞങ്ങളുടെ അംഗസംഖ്യയിൽ നിരന്തരം വർധനയുണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് ഇതേ ഇസ്ലാം എന്നെന്നും ജീവിച്ചിരിക്കുമെന്നാണ്. ഇൻശാഅല്ലാഹ്.

ഈ അഭിമുഖം 5.20 വരെ നീണ്ടുനിന്നു. അതിനുശേഷം അമീറുൽ മുഅ്മിനീൻ തന്റെ താമസസ്ഥലത്തേക്ക് പോയി.

**അതിഥികളുമായുള്ള കൂടിക്കാഴ്ച:**

ഇന്ന് പ്രോഗ്രാമനുസരിച്ച് ലിഥ്വാനിയ, അൽജീരിയ, അതുപോലെതന്നെ അറേബ്യൻരാജ്യങ്ങളുമായി ബന്ധംവെക്കുന്ന അതിഥികളുടേയും സംഘമായി വന്നവരുടേയും കൂടിക്കാഴ്ചയ്ക്കുള്ള പ്രോഗ്രാമായിരുന്നു. 8 മണിക്ക് അമീറുൽ മുഅ്മിനീൻ തന്റെ ഓഫീസിൽ വരികയും കൂടിക്കാഴ്ച പരിപാടി തുടങ്ങുകയും ചെയ്തു.

* ഏറ്റവുമാദ്യം അൽജീരിയായിൽനിന്ന് വന്ന ഒരു അതിഥി അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. വിവിധ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. അദ്ദേഹം ഈ കൂടിക്കാഴ്ചയിലൂടെ എത്രമാത്രം ആകർഷിതനായെന്നാൽ അവസാനം അമീറുൽ മുഅ്മിനീനുമൊത്ത് ഫോട്ടോയെടുക്കാനുള്ള ഭാഗ്യം കിട്ടിയപ്പോൾ തന്റെ സ്നേഹവും പ്രേമവും പ്രകടിപ്പിച്ചുകൊണ്ട് അമീറുൽ മുഅ്മിനീന്റെ തലപ്പാവിൽ ചുംബിച്ചു. അദ്ദേഹം തന്റെ അനുഭവം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: എന്റെ കണ്ണീർ വറ്റിപോയിട്ട് ഒരു കാലം കഴിഞ്ഞിരുന്നു. ഇന്ന് ളുഹ്റിനുശേഷം എന്റെ വികാരങ്ങൾ എനിക്ക് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഞാൻ വളരെ ആകർഷിതനായിക്കഴിഞ്ഞിരിക്കുന്നു. എനിക്ക് എന്റെ അതായത് അറബികളിൽനിന്നുണ്ടായ കഠിനമായ വീഴ്ചയെ സംബന്ധിച്ച് ബോധമുണ്ടായി. നമ്മുടെ അലസതയുടെയും അലംഭാവത്തിന്റേയും നേരത്ത് നമ്മുടെ ഉർദു സംസാരിക്കുന്ന സഹോദരങ്ങൾ നമ്മെ കവച്ചുവച്ച്മുമ്പിൽപ്പോയി. അവർ അങ്ങേയറ്റം അത്യാധ്വാനംചെയ്ത് പാശ്ചാത്യദേശങ്ങളിൽ ഇസ്ലാം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ ദൃശ്യം കണ്ട് എന്റെ മനസ്സിൽ ഇസ്ലാമിന്റെ മഹത്ത്വം ആഴ്ന്നിറങ്ങിയിരിക്കുന്നു." ഈ കൂടിക്കാഴ്ച 8.22 വരെ നീണ്ടുനിന്നു.

* അതിനുശേഷം ലിഥ്വാനിയായിൽനിന്ന് വന്ന സംഘം അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തി. 27 പേരടങ്ങുന്ന സംഘമായിരുന്നു അത്. അതിൽ 14 അനഹ്മദികളും ബാക്കി അഹ്മദികളുമായിരുന്നു. അമീറുൽ മുഅ്മിനീൻ അതിഥികളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: നിങ്ങൾ എല്ലാവരും ഇവിടെ ജൽസ കണ്ടു. ഇവിടെ ജൽസയിൽ പങ്കെടുത്ത് നിങ്ങൾക്ക് ആർക്കെങ്കിലും ഇസ്ലാമിനെക്കുറിച്ച് എന്തെങ്കിലും ഭയം തോന്നിയോ? അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഏതൊരു ഇസ്ലാമനുസരിച്ചാണോ ഞങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഏതൊരു ഇസ്ലാമിനെയാണോ ഞങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് ഇതുതന്നെയാണ് യഥാർഥവും സത്യവുമായ ഇസ്ലാം. നിങ്ങൾക്ക് വീടുകളിൽ കുറച്ച് അംഗങ്ങളെയാണ് കൺട്രോൾ ചെയ്യേണ്ടിവരുന്നത്. എന്നിട്ടും വീടുകളിൽ കലഹങ്ങളും മറ്റും ഉണ്ടാകുന്നു. ഇവിടെ മുപ്പത്,നാൽപതിനായിരമാളുകൾ പുരുഷന്മാരും സ്ത്രീകളും കുട്ടികളും വന്നിട്ടുണ്ട്. പക്ഷേ, ഒരു കലഹമോ വഴക്കോ ഇല്ല. എല്ലാവരും സന്തോഷത്തോടും സ്നേഹത്തോടും സമാധാനത്തോടുംകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതുതന്നെയാണ് ഇസ്ലാമിന്റെ സത്യമായ അധ്യാപനങ്ങൾ.

* ഇതിനുശേഷം ഒരു സുഹൃത്ത് ചോദിച്ചു: ഞാൻ 2013ൽ നോർവെയിലുള്ള കാലത്ത് ബയ്അത്ത് ചെയ്തിരുന്നു. അവിടെത്തെ മുബല്ലിഗുമായി തബ്ലീഗുപരമായ കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് റഷ്യൻഭാഷ അറിയാമായിരുന്നു. ആ തബ്ലീഗ് പ്രോഗ്രാമുകൾക്കുശേഷമാണ് ഞാൻ ബയ്അത്ത് ചെയ്തത്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'താങ്കൾ ഇപ്പോൾ ഇസ്ലാമിന്റെ സത്യമായ അധ്യാപനങ്ങൾ സ്വീകരിച്ചിരിക്കുന്നു. ഇപ്പോൾ താങ്കൾ സമാധാനത്തിന്റേയും പ്രീതിയുടേയും ഐക്യത്തിന്റേയും അംബാസിഡറാണ്. ഇനി താങ്കൾ ഇസ്ലാമിന്റെ അധ്യാപനങ്ങൾ പ്രചരിപ്പിക്കണം.' ഒരു ചോദ്യത്തിന് മറുപടിയായി അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'നിങ്ങൾക്ക് നിങ്ങളുടെ ബലഹീനതകളും കുറവുകളും മറ്റുള്ളവരിൽനിന്ന് മറച്ചുവെക്കാൻ കഴിയും. പക്ഷേ, ദൈവത്തിൽനിന്ന് മറച്ചുവെക്കാൻ കഴിയില്ല. അവസാനം എല്ലാ ഓരോരുത്തരും ദൈവസന്നിധിയിൽ പോകേണ്ടവരാണ്. അതുകൊണ്ട് അല്ലാഹുവിനോടുള്ള കടമകളും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റാൻ പൂർണമായും പരിശ്രമിക്കുക. അല്ലാഹുവിന്റെ ദാസരോടുള്ള കടമ നിർവഹിക്കുക. എപ്പോഴും മറ്റുള്ളവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. മറ്റുള്ളവരുടെ ഗുണം ആഗ്രഹിക്കുക.'

## കലാമുൽ ഇമാം:-

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊളളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊളളുക."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:-

**"ആരെയെണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

* ഈ സംഘത്തിൽ ഉണ്ടായിരുന്ന ഇന്ത്യയുമായി ബന്ധപ്പെട്ട ഒരു അതിഥിയോട് അമീറുൽ മുഅ്മിനീൻ പറഞ്ഞു: താങ്കൾ ഇന്ത്യയിൽ പോകുമ്പോൾ ഖാദിയാനിലും പോയിവരിക.

* ഒരു അതിഥി അഗസ്തിനാസ് സുലൈജ (Augustinas Sulija) തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഞാൻ എന്റെ വീട്ടിലിരിക്കുന്നതുപോലെയാണ് എനിക്ക് തോന്നിയത്. നിങ്ങളുടെ ജമാഅത്ത് ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽനിന്ന് ചുരുങ്ങിയ സമയത്തേക്ക് ഇവിടെ സംഘടിച്ചിരിക്കുന്നത്. എല്ലാ ഭാഗത്തും അർപണമനോഭാവത്തിന്റെ ഒരു ആത്മാവ് കാണാൻ കഴിയുന്നു. എന്നെപ്പോലുള്ള അജ്ഞാതനെ ഇത് വളരെ അത്ഭുതപ്പെടുത്തുന്നതാണ്. ഇത് തികച്ചും പുതിയൊരു ലോകമാണ്. എനിക്ക് വിവിധ സംസ്കാരങ്ങളും പരിഷ്ക്കാരങ്ങളും മതങ്ങളും സ്വത്വവും അശനപാനീയവും പാരമ്പര്യങ്ങൾപോലുള്ള ഒരുപാട് കാര്യങ്ങൾ കാണാനുള്ള അവസരം കിട്ടിയിരിക്കുന്നു. നിങ്ങൾ അഹ്മദികളായതുകൊണ്ട് നിത്യവും ഒരു മഹത്തായ ഉദ്ദേശ്യത്തിനുവേണ്ടി ബുദ്ധിമുട്ടുകളെ നേരിടുകയും പിന്നീട് പരിശ്രമിക്കുകയും ചെയ്യുന്നത് അനുമോദനമർഹിക്കുന്നു. ഞാൻ ആഗ്രഹിക്കുന്നത് ഈ പാരമ്പര്യം നിത്യവുമുള്ളതായിത്തീരട്ടെ എന്നാണ്. നിങ്ങളുടെ ചിന്താഗതികളും മൂല്യങ്ങളും തികച്ചും ശരിയാണ്. അതിൽ ആഗോളവൽക്കരണം കാണാം.

* മറ്റൊരു അതിഥി Eimis Vengrauskas പറയുന്നു: ജമാഅത്തിനെ ഇത്ര അടുത്തുനിന്നു നോക്കുക എന്നത് എനിക്ക് സന്തോഷത്തിന് നിമിത്തമായി. കാരണം ഇതിനുമുമ്പേ എനിക്ക് മുസ്‌ലിംകളെ കുറിച്ച് ഒന്നും അറിയില്ലായിരുന്നു. ഈ ജൽസയിലൂടെ എനിക്ക് ഒരുപാട് പഠിക്കാനുള്ള അവസരം കിട്ടി. ഇനി ഞാൻ ഒരു നല്ല മനുഷ്യനായി ജീവിക്കുന്നതാണ്. ഈ മതത്തിന്റെ അധ്യാപനങ്ങൾ ഒരു നല്ല മനുഷ്യനാകുന്നതിന് എന്റെ സഹായിയും സഹകാരിയുമായി സ്ഥാപിതമാകും. എന്നോട് ഇവിടെ വളരെ നല്ലരീതിയിലാണ് പെരുമാറിയത്. ഞാൻ മാത്രമാണ് ഒരു അതിഥി എന്നാണ് എനിക്ക് തോന്നിയത്. എല്ലാ ഓരോരുത്തരും എന്റെ സുഖത്തെക്കുറിച്ച് ചിന്തിക്കുന്നവരായിരുന്നു. ഞാൻ ഇക്കാര്യത്തെ വളരെയധികം ശ്ലാഘിക്കുകയാണ്. എനിക്ക് ഖലീഫയെ കാണാനും അദ്ദേഹത്തിന് കൈ കൊടുക്കുനുമുള്ള ഭാഗ്യം കിട്ടി. അദ്ദേഹത്തോട് ചോദിക്കാനുള്ള അവസരം കിട്ടി. ഞാൻ നന്ദിയുടെ വികാരത്താൽ ഭരിതനാണ്. ഇത്രയധികം തിരക്കുണ്ടായിട്ടും ഞങ്ങൾക്ക് കൂടിക്കാഴ്ചയ്ക്കുള്ള സമയം നല്കപ്പെട്ടു.

* ഒരു അതിഥി Thomas Rachmanovas പറഞ്ഞു: ഞാൻ ലിഥ്വാനിയായിൽനിന്ന് എന്റെ ഭാര്യയും രണ്ട് മക്കളുമൊപ്പം ജൽസയിൽ പങ്കെടുത്തു. ഞാൻ ഈ ജൽസ യൂട്യൂബിൽ കണ്ടിരുന്നു. പക്ഷേ, ഞാൻ ഇവിടെ നേരിട്ടുവന്ന് എന്തെല്ലാം എന്റെ കണ്ണുകൾകൊണ്ട് കണ്ടുവോ അത് വിവരിക്കുന്നതിന് എന്റെ പക്കൽ വാക്കുകളില്ല. ഈ ജമാഅത്ത് വളരെ നല്ലതും പ്രിയപ്പെട്ടതും സമാധാനഭരിതവുമാണ്. ഞാൻ എന്റെ കുടുംബത്തോടൊപ്പം അത് കണ്ടുവെന്നതാണ് സന്തോഷകരമായ കാര്യം. ഈ ജൽസയിൽ പങ്കെടുത്ത ഏവർക്കും ഞാൻ നന്മകൾ നേരുന്നു. തോമസ് സാഹിബ് 2003ൽ ബയ്അത്ത് ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും തന്റെ രണ്ടു മക്കളോടൊപ്പം അമീറുൽ മുഅ്മിനീന്റെ കൂടിക്കാഴ്ചയ്ക്കുശേഷം അഹ്മദിയ്യത്ത് സ്വീകരിക്കാൻ തീരുമാനിക്കുകയും ബയ്അത്ത് ചെയ്ത് ദൈവകൃപയാൽ ജമാഅത്തിൽ ചേരുകയും ചെയ്തു. തോമസ് സാഹിബിന്റെ ഭാര്യ പറഞ്ഞു: ഞാൻ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് എന്റെ ഭർത്താവിനോടും മക്കളോടുമൊപ്പം ഒരു നല്ല ജീവിതത്തിന് തുടക്കം കുറിക്കുകയാണ്.

* ഒരു അതിഥി മേഗോളസ് കംതീസ് സാഹിബ് പറഞ്ഞു: എനിക്ക് എന്റെ ലിഥ്വാനിയൻ സുഹൃത്ത് മിസ്റ്റർ തോമസ് മുഖേന ജമാഅത്തിനെ പരിചയപ്പെടാൻ കഴിഞ്ഞു. ഞാൻ ഇവിടെ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയെ കാണാനാണ് വന്നത്. എന്റെ ബന്ധം ക്രൈസ്തവമതവുമായിട്ടായിരുന്നു. എനിക്ക് എങ്ങനെയാണ് എന്റെ മുസ്‌ലിം സഹോദരരെ മറക്കാൻ കഴിയുക? കാരണം നമ്മൾ എല്ലാവരും ഏകദൈവ വിശ്വാസികളാണ്. ഞാൻ മടങ്ങിപ്പോയി സർവമതസമ്മേളനം സംഘടിപ്പിക്കാൻ ശ്രമിക്കുന്നതായിരിക്കും. അതിൽ പാതിരിമാരേയും ക്ഷണിക്കുന്നതാണ്; നിങ്ങളേയും. നമ്മൾ വിവിധ മതക്കാർ ചേർന്നുകൊണ്ട് ഒരു കൂട്ടർ മറ്റൊരുകൂട്ടരെ അറിയാൻ ശ്രമിക്കുന്നതാണ്. ലിഥ്വാനിയായുടെ ഭാവിക്കുവേണ്ടി അത്തരം സർവ്വമതസമ്മേളനം ഉണ്ടാകുന്നത് വളരെ ഫലപ്രദമാണ്. അവിടെ മുസ്‌ലിംകളുടെ പ്രാതിനിധ്യവുമുണ്ടാകണം. നിങ്ങളെ കുറിച്ച് ജനങ്ങൾ അറിയണം. ഞാൻ ഇവിടെ താമസിച്ച് വളരെ ആകർഷിതനാണ്. മടങ്ങിപ്പോയി എന്റെ സുഹൃത്തുക്കളേയും ചേരുന്നതിനുവേണ്ടി തയ്യാറാക്കുന്നതാണ്.

* ഒരു അതിഥി ഇങ്കരീതാ സാഹിബ പറഞ്ഞു: ഈ പരിപാടിയിൽ ആദ്യമായിട്ടാണ് ഞാൻ പങ്കെടുക്കുന്നത്. പക്ഷേ ഇത്ര വലിയ സംഖ്യയിൽ ജനങ്ങളുടെ പങ്കുചേരൽ എന്നെ അത്ഭുതപ്പെടുത്തുന്നു. ഇവിടെ ധാരാളം മതങ്ങളിലും സംസ്കാരങ്ങളിലുമുള്ള ആളുകൾ സംഘടിച്ചിരിക്കുന്നു. എല്ലാവരും പരസ്പരം സഹായിക്കുന്നവരാണ്. രണ്ടാമത്തേത് ഈ പരിപാടിയുടെ മനോഹരമായ ഏർപാടുകളും അത്ഭുതപ്പെടുത്തുന്നതും ആകർഷിക്കപ്പെടുന്നതുമാണ്. പ്രസംഗങ്ങൾ കേട്ടും ഖലീഫയുമായി കൂടിക്കാഴ്ച നടത്തിയതിനും ശേഷം ജമാഅത്തിനെ കുറിച്ച് അറിയാനുള്ള ആകാംക്ഷ വർധിച്ചു. ഞാൻ നിങ്ങളുടെ ഗ്രന്ഥങ്ങൾ തീർച്ചയായും വായിക്കുന്നതാണ്. കാരണം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങളിൽ ഏതൊരു കാര്യമാണോ പറയപ്പെട്ടത് അത് ബുദ്ധിയോട് അടുത്ത കാര്യമാണെന്ന് മനസ്സിലാക്കാൻ കഴിയുന്നു. എന്റെ ഈ അനുഭവം വളരെ നല്ലതായിരുന്നു. ഞാൻ ഇനി അടുത്ത വർഷത്തെ ജൽസ പ്രതീക്ഷിച്ചുകൊണ്ടിരിക്കും. ഇടവേളകളിലും വിവിധ പ്രദർശനങ്ങളും പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നുണ്ട്. അതിൽ കൂടുതൽ കൂടുതൽ കാര്യങ്ങൾ ലഭ്യമാക്കി കൂടുതൽ നിലവാരമുള്ളതാക്കാവുന്നതാണെന്ന് ഞാൻ കരുതുന്നു.

ലിഥ്വാനിയായിൽനിന്ന് വന്ന സംഘത്തിന്റെ കൂടിക്കാഴ്ച 8.40വരെ നീണ്ടുനിന്നു. പിന്നീട് സംഘത്തിലെ അംഗങ്ങൾ അമീറുൽ മുഅ്മിനീനുമൊത്ത് ഫോട്ടോ എടുത്തു.

* അതിനുശേഷം അറേബ്യൻ രാജ്യങ്ങളിൽനിന്നു വന്ന അതിഥികൾ അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. അറബികളുമായുള്ള കൂടിക്കാഴ്ചയ്ക്കുള്ള ഏർപാട് ഒരു വലിയ ഹാളിലാണ് ചെയ്തിരുന്നത്. അറേബ്യൻപുരുഷന്മാരുടെയും സ്ത്രീകളുടെയും എണ്ണം 275 ആയിരുന്നു. ഇതിൽ 200നോട് അടുത്ത് അനഹ്മദി അറബ് അതിഥികളായിരുന്നു. അമീറുൽ മുഅ്മിനീൻ അനഹ്മദി അറബി സഹോദരങ്ങളോട് അന്വേഷിച്ചു: 'ഇവിടെ ഇസ്‌ലാമിന് വിരുദ്ധമായ എന്തെങ്കിലും കാര്യം നിങ്ങൾ കണ്ടിരുന്നുവോ? എന്തെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ ഞങ്ങൾ അത് തിരുത്തുന്നതിനുവേണ്ടി ഞങ്ങൾക്ക് പറഞ്ഞുതരിക.'

* അപ്പോൾ ഒരു അറേബ്യൻ സുഹൃത്ത് പറഞ്ഞു: ഞാൻ ഇവിടെ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമായി ഒരു കാര്യവും കണ്ടില്ല. ഞാൻ എം.ടി.എയും കാണാറുണ്ട്. മൂന്നുനാലു വർഷമായി ജമാഅത്തുമായി എനിക്ക് ബന്ധമുണ്ട്. ഞാൻ അമീറുൽ മുഅ്മിനീന് ദുആയ്ക്കുവേണ്ടി കത്തുകളും എഴുതിയിരുന്നു. ഒരു കത്തിന്റെ മറുപടി യും എനിക്ക് കിട്ടി. ഞാൻ അമീറുൽമുഅ്മിനീനോട് ദുആക്ക് അപേക്ഷിക്കുകയാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അഹ്മദിയാകുക അല്ലെങ്കിൽ ആകാതിരിക്കുക എന്നത് ഓരോരുത്തരുടേയും മനസ്സിന്റെ കാര്യമാണ്. എന്നാൽ, മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അവരിൽ ഐക്യമുണ്ടാകേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് മുസ്‌ലിംകളിൽ പരസ്പരം പ്രീതിയും സ്നേഹവും വർധിപ്പിക്കേണ്ടതാണ്.

* അതിനുശേഷം മറ്റൊരു അനഹ്മദി അറേബ്യൻ സുഹൃത്ത് പറഞ്ഞു: ഞാൻ ജർമനിയിൽതന്നെയാണ് അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെട്ടത്. ഞാൻ അഹ്മദികളെ സത്യസന്ധരായി കണ്ടു. നമുക്കിപ്പോൾ വേണ്ടത് സത്യസന്ധത തന്നെയാണ്. ഞങ്ങൾ ജമാഅത്തിനെ വിളിച്ചപ്പോഴെല്ലാം ജമാഅത്ത് ഞങ്ങളെ സഹായിക്കുന്നതിന് വന്നിട്ടുണ്ട്. ഇസ്‌ലാം ഇക്കാലത്ത് കക്ഷികളായി പിരിഞ്ഞിരിക്കുകയാണ്. നമുക്കിപ്പോൾ ഐക്യവും സംഘടനയുമാണ് ആവശ്യമുള്ളത്. ദീനിന് അതിന്റേതായ പ്രാധാന്യമുണ്ട്. പക്ഷേ, ഞാൻ പറയുന്നത് ആദ്യം മനുഷ്യത്വമാണെന്നാണ്. പിന്നീടാണ് ദേശീയതയും മറ്റു കാര്യങ്ങളും വരുന്നത്. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: മാനുഷികമായ മൂല്യങ്ങളാണ് ആദ്യത്തേതെന്ന അടിസ്ഥാനപരമായ കാര്യം തിരിച്ചറിയുകയാണെങ്കിൽ, അല്ലാഹു പറഞ്ഞിട്ടുള്ളതും അതു തന്നെയാണ്. തന്നോടുള്ള കടമകൾ നിറവേറ്റാത്തവരിൽ ചിലർക്ക് മാപ്പ് നല്കുന്നതാണെന്നും എന്നാൽ, നിങ്ങളുടെ അവകാശങ്ങൾ പിടിച്ചെടുക്കുന്നവർക്ക് മാപ്പ് നല്കുന്നതല്ലെന്നും അല്ലാഹു പറയുന്നു. അതുകൊണ്ട് നമ്മൾ മനുഷ്യത്വമെന്തെന്ന് തിരിച്ചറിയണം. പരസ്പരമുള്ള കടമകൾ ശ്രദ്ധിക്കുകയും വേണം.

* ഒരു സുഹൃത്ത് ചോദിച്ചു. അഹ്മദിപെൺകുട്ടിയുടെ വിവാഹം അഹ്മദിയ്യത്തിനെ നിഷേധിക്കാത്ത അനഹ്മദിക്ക് സാധ്യമാണോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിർബന്ധമായ ഘട്ടമാണെങ്കിൽ ഞാൻ ചിലപ്പോൾ വിവാഹം കഴിക്കാൻ അനുവാദം നല്കാറുമുണ്ട്. പക്ഷേ, പൊതുവെ ഏതുപോലെ ഇസ്‌ലാമിൽ വിലായത്തിന്റെ അവകാശം പിതാവിന് നല്ക

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

പ്പെട്ടിരിക്കുന്നുവോ അതുപോലെ ഇസ്‌ലാമിലെ ഖിലാഫത്തിന്റെ സ്ഥാനത്തിനും വിലായത്തിന്റെ അവകാശങ്ങൾ ലഭിക്കുന്നുണ്ട്. നിർബന്ധിത ബന്ധങ്ങളിൽ ഞാൻ അനുവാദവും നല്കാറുണ്ട്. പക്ഷേ, അതിനുള്ള നിബന്ധന നിക്കാഹ് അഹ്മദി നിർവ്വഹിക്കണമെന്നാണ്. കാരണം നിഷേധികളും കളവാക്കുന്നവരുമായ ഇമാമിന്റെ നേതൃത്വത്തെ ഞങ്ങൾ അംഗീകരിക്കുന്നില്ല. പ്രത്യേക അവസ്ഥകളിലാണ് ഈ അനുവാദം കൊടുക്കുന്നത്. പക്ഷേ തങ്ങളുടെ അടുത്ത തലമുറയും സുരക്ഷിതമായിരിക്കാനും പരസ്പരം വീടുകളിൽ അസ്വസ്ഥതയുണ്ടാകാതിരിക്കാനും ഒരാളുടെ ഖിബ്‌ല ഒരുഭാഗത്തേക്കും മറ്റേയാളുടെ ഖിബ്‌ല മറുഭാഗത്തേക്കും ആകുന്നതിന് പകരം പൊതുവെ ഇരുവരും അഹ്മദിയായിരിക്കാൻ ശ്രമിക്കേണ്ടതാണ്. അടുത്തതലമുറകളെ ജമാഅത്തിനെകുറിച്ച് പരിചയപ്പെടുത്താനും അവരെ ജമാഅത്തിൽ നിലനിറുത്താനും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞിരുന്നു. അതുകൊണ്ട് സംഘടനാപരമായ അടിസ്ഥാനത്തിൽ അഹ്മദികൾ ശ്രമിക്കുന്നത് അഹ്മദികളെതന്നെ വിവാഹം കഴിക്കാനാണ്. കാരണം പുരുഷന്റെ സ്വാധീനം അധികമാണ്. അതുകൊണ്ട് അഹ്മദി പെൺകുട്ടി അനഹ്മദി പുരുഷനെ വിവാഹം കഴിക്കുമ്പോൾ മക്കളിൽ കൂടുതൽ സ്വാധീനമുണ്ടാകുന്നത് അയാളുടേതായിരിക്കും. സ്ത്രീ ആഗ്രഹിച്ചാലും അവരുടെ മക്കൾ അഹ്മദിയ്യത്തിനടുത്തുവരുന്നില്ല. സ്ത്രീ ഇക്കാര്യത്തിൽ തികച്ചും സ്വതന്ത്രയാണെന്നും അങ്ങനെയാണ് വേണ്ടതെന്നും ആരെങ്കിലും ജാമ്യം തരികയാണെങ്കിൽ പിന്നെ അതിന് കുഴപ്പമൊന്നുമില്ല. നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് കാലത്തിന്റെ ഏത് ഇമാമാണോ വരേണ്ടത് അദ്ദേഹം വന്നുവെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അദ്ദേഹത്തെ വിശ്വസിക്കുന്നതിനാണ് മുൻഗണന. ഇതേ മുൻഗണനയുടെ അടിസ്ഥാനത്തിൽ ഞങ്ങൾ പറയുന്നു. അഹ്മദി ഒരു ദീനിൽ നിലകൊള്ളുന്നതിന് അഹ്മദികളുടെയുള്ളിൽനിന്നുതന്നെ വിവാഹം കഴിക്കേണ്ടതാണ്.

**2017 ആഗസ്ത് 26**

**അതിഥികളുടെ കൂടിക്കാഴ്ച:**

അതിനുശേഷം ഒരു അറേബ്യൻസ്ത്രീ പറഞ്ഞു: ഞാൻ സിറിയയിൽനിന്നു വന്നതാണ്. ഇവിടെ ജർമനിയിൽ വന്നപ്പോഴാണ് ജമാഅത്തിനെക്കുറിച്ച് അറിഞ്ഞത്. ഞാൻ ഇവിടെ അഹ്മദികളുടെ മസ്ജിദിൽ പോകുന്നു. അഹ്മദി ഇമാമിന്റെ പിന്നിൽ നമസ്കരിക്കുന്നു. അഹ്മദി, അനഹ്മദി ഇമാമിന്റെ പിന്നിൽ നമസ്കരിക്കാത്തതെന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. അനഹ്മദിയും അതേ അല്ലാഹുവിലും റസൂലിലും ഖുർആനിലും വിശ്വസിക്കുന്നവരാണല്ലോ? അഹ്മദി, അനഹ്മദിയുടെ പിന്നിൽ നമസ്കരിച്ചാൽ എന്താ കുഴപ്പം?

അമീറുൽ മുഅ്മിനീൻ: നമസ്കാരത്തെ സംബന്ധിച്ചിടത്തോളം ഒരു വ്യത്യാസവും ഉണ്ടാകുകയില്ല. പക്ഷേ, വാസ്തവമെന്താണെന്നുവെച്ചാൽ മസീഹ് മഹ്ദി വരുമെന്നുള്ള നബി(സ) തിരുമേനിയുടെ പ്രവചനം സത്യമാണെന്നും പുലർന്നെന്നും വിശ്വസിക്കുന്നവരാണ് ഞങ്ങൾ. വരേണ്ടുന്ന മഹ്ദിയെ നബി(സ)തിരുമേനി ഇമാം എന്നും പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തെ ആരെങ്കിലും നമസ്കരിപ്പിക്കുന്ന ഇമാമായി മനസ്സിലാക്കുന്നില്ലെങ്കിൽ അയാളുടെ ഇമാമത്ത് ഞങ്ങൾ അംഗീകരിക്കുകയില്ല. എന്തുകൊണ്ടാണ് ഞങ്ങൾ അനഹ്മദിയുടെ ഇമാമത്ത് അംഗീകരിക്കാത്തത്? ഏതൊരു ഇമാമിനെയാണോ ഞങ്ങൾ വിശ്വസിക്കുന്നത്, ആരെയാണോ അല്ലാഹുവും അവന്റെ റസൂലും(സ) ഇമാം എന്നു പറഞ്ഞിട്ടുള്ളത് ആ ഇമാമിനെ അയാൾ നിഷേധിക്കുന്നയാളാണ്. അപ്പോൾ ആ ഇമാമിനെ നിഷേധിക്കുന്നയാൾക്ക് ഞങ്ങളെങ്ങനെയാണ് പ്രാമുഖ്യം നല്കുകയും അയാളുടെ പിന്നിൽ നമസ്കരിക്കുകയും ചെയ്യുക.? ഇതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും അഹ്മദി അനഹ്മദിയുടെ പിന്നിൽ നമസ്കരിച്ചിരുന്ന ഒരു നേരമുണ്ടായിരുന്നു. പക്ഷേ, അനഹ്മദി ഉലമാ സ്വയം അഹ്മദികൾക്കെതിരെ ഫത്‌വ നല്കി തങ്ങളുടെ ഊറ്റത്തിൽ അഹ്മദികളെ ഇസ്‌ലാമിൽനിന്ന് പുറത്താക്കി. അവരെ മസ്ജിദിൽ വരുന്നതിൽനിന്ന് തടഞ്ഞു. അവരുടെമേൽ ബലപ്രയോഗം നടത്തി. അപ്പോൾ, ഇക്കൂട്ടർ വിവേചനം കാണിച്ചതുകൊണ്ടും താൻ അല്ലാഹുവിൽനിന്ന് ഇമാമായി വന്നിരിക്കുന്നതുകൊണ്ടും തന്നെ നബി(സ)തിരുമേനിയും ഇമാമെന്ന് പറഞ്ഞതുകൊണ്ടും നിങ്ങൾ അത്തരം വ്യക്തിയുടെ ഇമാമത്ത് അംഗീകരിക്കരുതെന്നും അയാളുടെ പിന്നിൽ നമസ്കരിക്കരുതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു. ബാക്കിയെല്ലാം തികച്ചും ശരിയാണ്. അല്ലാഹുവും അതുതന്നെ! റസൂലും അതുതന്നെ! ഖുർആനും അതുതന്നെ! അതെല്ലാം ഞങ്ങളും അംഗീകരിക്കുന്നു. ഇമാമത്തിനു പുറമെ മറ്റു മാനുഷികമായ മൂല്യങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഒന്നിച്ച് ചേർന്ന് പരസ്പരം കൂടിച്ചേർന്ന് സാമൂഹികമായ ബന്ധങ്ങളെല്ലാം നിറവേറ്റാൻ ശ്രമിക്കുന്നുണ്ട്.

അതിനുശേഷം മറ്റൊരു അഹ്മദി അറേബ്യൻ സ്ത്രീ പറഞ്ഞു: ‘എന്റേതു ചോദ്യമൊന്നുമല്ല. എന്നാൽ, എന്റെ പിതാവ് സിറിയയിൽ താമസിക്കുന്ന മുഹമ്മദ് അസ്സോരി സാഹിബിന്റെ അമാനത്ത് എന്റെ കൈയിലുണ്ട്. നീ എപ്പോൾ ഹുദൂറിനെ കണ്ടാലും എന്റെ സലാം ഹുദൂറിന്റെ തിരുസന്നിധിയിലെത്തിക്കണമെന്ന് എന്റെ പിതാവ് പറഞ്ഞിരുന്നു. അതുകേട്ട് ഹുദൂർ പറഞ്ഞു. ശരി! വ അലയ്ക്കുമുസ്സലാം.

ഒരു അറബിസുഹൃത്ത് ചോദിച്ചു: അങ്ങയുടെ പക്കൽ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിന് എന്തെങ്കിലും പ്രത്യേക മാർഗമുണ്ടോ? അല്ലെങ്കിൽ കേവലം ദുആ കൊണ്ട് ബന്ധം സ്ഥാപിക്കാൻ കഴിയുമോ?

അമീറുൽ മുഅ്മിനീൻ: പ്രത്യേകമായ മാർഗം എന്തുണ്ടാകാനാണ്? ദുആ തന്നെയാണ്! ദുആ ചെയ്യുക, ഞാൻ സ്വീകരിക്കുമെന്ന മാർഗമാണ് അല്ലാഹുവും പറഞ്ഞിട്ടുള്ളത്. പീർമാരെപോലെ, അല്ലെങ്കിൽ അനഹ്മദി മൗലവിമാരെപോലെ അല്ലാഹുവിന് ഡയരക്ട് കോൾ ചെയ്തെന്നും നിങ്ങളുടെ ഇന്നയിന്ന കാര്യങ്ങൾക്ക് മറുപടി കിട്ടിയെന്നും പറയാൻ ഞാൻ ആളല്ല. ഏതൊരു കാര്യമാണോ നബി(സ) തിരുമേനിയുടെ സുന്നത്തുകൊണ്ട് സ്ഥാപിതമായിട്ടുള്ളത് അതുതന്നെയാണ് അല്ലാഹുവുമായി ബന്ധപ്പെടാനുള്ള മാർഗം.

ഒരു അറബി അഹ്മദിയുവാവ് ചോദിച്ചു: ചെറിയ കുട്ടികൾക്കെങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം അറിയാൻ കഴിയുന്നത്?

അമീറുൽ മുഅ്മിനീൻ: ഇത് ശിക്ഷണം കൊണ്ടാണുണ്ടാകുന്നത്. നബി(സ) തിരുമേനി പറഞ്ഞു. എല്ലാ കുട്ടികളും സൽപ്രകൃതിയുമായാണ് ജനിക്കുന്നത്. അതിനുശേഷം അവന്റെ മാതാപിതാക്കൾ അവനെ ക്രിസ്ത്യാനിയോ, യഹൂദിയോ, അഗ്നി ആരാധകനോ ആക്കുന്നു. മാതാവിന്റെ മടിത്തട്ടിലാണ് കുട്ടി വളരുന്നത്. മാതാവ് ദീനീ നിഷ്ഠയുള്ളവളും ദീൻ അറിയുന്നവളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത മനസ്സിലാക്കുന്നവളും നബി(സ) തിരുമേനിയുടെ സ്ഥാനം മനസ്സിലാക്കുന്നവളുമാണെങ്കിൽ സ്വയമേവ കുട്ടിയുടെ മനസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം ഉണ്ടാകുന്നതാണ്. ഏതൊരു മാതാക്കളാണോ തങ്ങളുടെ കുട്ടികൾക്ക് ഈ രീതിയിൽ ശിക്ഷണം നല്കുന്നത് അവരുടെ മനസ്സിൽ ചെറുപ്പം മുതലേ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം നല്ലനിലയിൽ തറയ്ക്കുന്നതാണ്. അതുകൊണ്ടാണ് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാൻ ഞാൻ സ്ത്രീകളോടു പറയുന്നത്. ഇന്നത്തെ എന്റെ പ്രസംഗത്തിന്റെ ചുരുക്കവും അതുതന്നെയായിരുന്നു.

അപ്പോൾ അറബി ആൺകുട്ടി ചോദിച്ചു: കുട്ടി അനഹ്മദിയാണെങ്കിൽ അവനിൽ എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം സ്ഥാപിക്കാൻ കഴിയുക?

അമീറുൽ മുഅ്മിനീൻ: കുട്ടി അനഹ്മദിയാണെങ്കിൽ, കുട്ടികൾക്ക് ദീൻ മനസ്സിലാക്കാനുള്ള ബുദ്ധി ഉണ്ടാകുകയില്ല. അതുകൊണ്ട് അവന് കുറ്റമൊന്നുമില്ല. അവന് ബോധവും വിവരവും ഉണ്ടാകുകയുംദീൻ മനസ്സിലാക്കാൻ കഴിവുണ്ടാകുകയും ചെയ്യുന്നതുവരെ അവനെ ബലാൽക്കാരമായി ദീൻ മനസ്സിലാക്കിക്കൊടുക്കാൻ മുതിരുന്നത് അവനോടു ചെയ്യുന്ന അക്രമമാണ്. അനഹ്മദി മൗലവിമാരെപോലെ ചെയ്യാൻ സാധിക്കുകയില്ല. അവർ വടികൊണ്ട് അടിച്ചടിച്ച് ഖുർആനോ ഖാഇദയോ പഠിപ്പിക്കുന്നു. കുട്ടികൾ കരയുന്നുണ്ടാകും. മൗലവി ഒരായത്ത് കാണാതെ പഠിപ്പിച്ച് താൻ കഴിവ് തെളിയിച്ചു എന്നു പറയുന്നു. അത് വടിയുടെ ആയത്താണ്. കാണാതെ പഠിച്ചത് മനസ്സുകൊണ്ട് പഠിച്ചതല്ല. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ബുദ്ധിവികാസത്തിന്റെ പ്രായവും വിഭിന്നങ്ങളായിരിക്കും. ഹദ്റത്ത് അലി(റ)യുടെ പ്രായം എത്ര ചെറുതായിരുന്നു. അദ്ദേഹത്തിന് മനസ്സിലായി. അബൂജഹ്‌ലിന്റെ പ്രായം എത്രയായിരുന്നു. അയാൾക്ക് മനസ്സിലായില്ല.

കൂടിക്കാഴ്ചയ്ക്കിടയിൽ ഒരു അഹ്മദി സുഹൃത്ത് പറഞ്ഞു: ഞാൻ കുറേകാലമായി അഹ്മദിയാണ്. ഹുദൂറിന്റെ കൈയിൽ മുത്തണം എന്നത് എന്റെ ചിരകാല ആഗ്രഹമായിരുന്നു. അങ്ങനെ കൂടിക്കാഴ്ചയുടെ അവസാനം ഹുദൂർ അൻവർ ആ സുഹൃത്തിനെ തന്റെയടുത്തു വിളിച്ചു. ഇപ്രകാരം ആ സുഹൃത്തിന് ഹുദൂർ അൻവറിന്റെ കൈയിൽ മുത്താൻ സൗഭാഗ്യം കിട്ടി.

അറബ് സഹോദരങ്ങളുമായുള്ള ഹുദൂർ അൻവറിന്റെ ഈ കൂടിക്കാഴ്ച 9.15വരെ നീണ്ടുനിന്നു. അതിനുശേഷം ഹുദൂർ അൻവർ പുരുഷജൽസാഗാഹിലെത്തി. മഗ്‌രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരം നിർവഹിച്ചതിനുശേഷം ഹുദൂർ തന്റെ താമസ സ്ഥലത്തേക്കു പോയി.

**അതിഥികളുടെ പ്രതികരണങ്ങൾ:**

അമീറുൽ മുഅ്മിനീന്റെ ഇന്നത്തെ ഇംഗ്ലീഷ് പ്ര

**കലാമുൽ ഇമാം:-**

“വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്.”
(മൽഫൂദാത്ത്, വാല്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

“ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു.”(മൽഫൂദാത്ത്, വാല്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 16 November 2017 Issue-46

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

സംഗം അതിഥികളിൽ അഗാധമായ സ്വാധീന മുണ്ടാക്കി. തങ്ങളുടെ ചിന്താഗതികൾ ഖലീഫ ത്തുൽ മസീഹിന്റെ പ്രസംഗം മാറ്റിമറിച്ചുവെന്ന് ധാരാളം അതിഥികൾ പരസ്യമായി പറഞ്ഞു. തങ്ങൾക്ക് ഇന്ന് ഇസ്‌ലാമിന്റെ അടിസ്ഥാനപ രവും യഥാർഥവുമായ അധ്യാപനത്തെക്കുറിച്ച് അറിയാൻ കഴിഞ്ഞു. ആ അതിഥികളിൽ ചില രുടെ പ്രതികരണങ്ങൾ താഴെ രേഖപ്പെടുത്തുക യാണ്.

സ്പെയിനിലെ യൂണിവേഴ്സിറ്റിയിലെ പ്രൊ ഫസർ Jesus അമീറുൽ മുഅ്മിനീന്റെ രണ്ടാം ദിവസത്തെ അതിഥികളോടുള്ള പ്രഭാഷണത്തെ ക്കുറിച്ച് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഇത് വളരെ മഹത്തായ പ്രഭാഷണമാ യിരുന്നു. ഇതിലെ ഓരോ വാക്കും അഗാധമായ അർഥം ഉൾക്കൊള്ളുന്നതായിരുന്നു. ഇത് രാഷ്ട്രീ യക്കാർ ശ്രോതാക്കളെ സന്തോഷിപ്പിക്കുന്നതി നുവേണ്ടി ചെയ്യുന്ന വാചാലമായ പ്രസംഗം പോ ലെയായിരുന്നില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വളരെ തന്റേടത്തോടും ധീരതയോടും കൂടി ലോകത്തിന്റെ ഇന്നത്തെ അവസ്ഥയെക്കു റിച്ച് നമുക്ക് പറഞ്ഞുതന്നു. ലോകം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുപോലെ നടക്കുകയാ ണെങ്കിൽ വലിയ അപകടത്തെ നേരിടേണ്ടി വരു മെന്ന് പരസ്യമായി പ്രകടിപ്പിക്കുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം കേവലം പ്ര ശ്നങ്ങളെ കുറിച്ചല്ല പറഞ്ഞത്. മറിച്ച്, അതിനു ള്ള പരിഹാരവും പറയുകയുണ്ടായി. അവിടന്ന് അമുസ്‌ലിംകളിൽനിന്നുണ്ടാകുന്ന പ്രശ്നങ്ങളെ കുറിച്ചും പറഞ്ഞു. അതിന് വിശുദ്ധഖുർആനെ അടിസ്ഥാനമാക്കിയുള്ള പരിഹാരവും നിർദ്ദേശി ച്ചു. എങ്ങനെ സമാധാനം സ്ഥാപിക്കാൻ കഴിയു മെന്നും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ന മുക്ക് പറഞ്ഞുതന്നു. അദ്ദേഹം വിശുദ്ധഖുർആനി ലെ ഏതു വചനങ്ങൾ ഉദ്ധരിച്ചാണോ സംസാരി ച്ചത്, അതിൽനിന്ന് ഇസ്‌ലാം എല്ലാതരത്തിലുള്ള ഭീകരവാദത്തേയും ഭീകരപ്രവർത്തനങ്ങളേയും നിഷേധിക്കുന്നുവെന്നും അതൊരു സമാധാനപൂ ർണമായ മതമാണെന്നും വ്യക്തമായും പ്രകടമാ യിരുന്നു.

ഒരു അതിഥി Christian Schoop സാഹിബ് അഭിപ്രായം പ്രകടിപ്പിച്ചതിങ്ങനെയാണ്: അഹ്മ ദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം കേട്ട് ഞാൻ വികാരഭരിതനായിപ്പോയിരുന്നു. കാരണം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമം മനസ്സുകൊണ്ട് സംസാരിക്കുകയായിരുന്നു; അതെനിക്ക് ഗ്രഹി ക്കാൻ കഴിയുമായിരുന്നു. അതിലെ വാക്കുകൾ വളരെ അഗാധവും, യുക്തിനിർഭരവും അങ്ങേ യറ്റം പണ്ഡിതോചിതവുമായിരുന്നു. അഹ്മ ദിയ്യാ ജമാഅത്തിന്റെ ഇമാമുമായി ചേർന്ന് പ്ര വർത്തിക്കണമെന്നും അദ്ദേഹത്തെ സഹായി ക്കണമെന്നും എന്റെ മനസ്സാഗ്രഹിക്കുന്നു. കാ രണം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ജന ങ്ങളെ ഒരു കൈയിൽ സംഘടിപ്പിക്കുകയാണ്. അവർക്ക് സത്യം കാണിച്ചുകൊടുത്തുകൊണ്ടിരി ക്കുകയാണ്. നമ്മൾ ഒരേ ശരീരത്തിന്റെ അവയ വങ്ങളായിത്തീരണമെന്നാണ് ഞാൻ പറയുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ ഈ മിഷനെ സഹാ യിക്കുന്നതുകൊണ്ട് എനിക്കുതന്നെയാണ് നേട്ടം.

ദീർഘകാലമായി പോളണ്ടിൽ താമസിക്കുന്ന ഒരു സിറിയൻ സുഹൃത്തായ മഹ്മൂദ് സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാ ഷണം വളരെ മനോഹരമായിരുന്നു. ഈ പ്രഭാ ഷണംകേട്ട് എന്റെ മനസ്സ് സന്തോഷഭരിതമായി ത്തീർന്നു. ഒരേയൊരു പ്രഭാഷണത്തിൽ അവിടന്ന് ലോകത്തിലെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പ രിഹാരം പറഞ്ഞുതന്നു. വിവിധ രാജ്യങ്ങൾക്കി ടയിൽ എങ്ങനെ സമാധാനം സ്ഥാപിക്കാമെന്ന് അദ്ദേഹം പറഞ്ഞു. ഇസ്‌ലാമികാധ്യാപനങ്ങ ളുടെ വെളിച്ചത്തിലാണ് അദ്ദേഹം ഈ പരിഹാരം വിശദീകരിച്ചത്. അക്കാരണത്താൽ ഞാൻ മുസ്‌ലി മായതിൽ അഭിമാനിക്കുന്നു. അഹ്മദിയ്യാ ജമാഅ ത്തിന്റെ ഇമാം വളരെ സുന്ദരമായ രീതിയിലാണ് വിശുദ്ധഖുർആനിന്റെ വചനങ്ങൾ തിരഞ്ഞെടു ത്തത്. ഓരോ വചനങ്ങളുടേയും ക്രമീകരണം തികച്ചും ബുദ്ധിപരമായിരുന്നു. അത് ഹുദൂറി ന്റെ വാദത്തെ അതായത് ഇസ്‌ലാം സമാധാന ത്തിന്റെ മതമാണെന്നതിന് കരുത്തുപകരുന്നു. ഞാൻ മുസ്‌ലിമാണെങ്കിലും ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിൽനിന്ന് ഞാനെന്റെ വിശ്വാസാദർശങ്ങളെ കുറിച്ച് പുതിയ തായ പല കാര്യങ്ങളും പഠിച്ചു. അദ്ദേഹം റബ്ബുൽ ആലമീന്റെ യഥാർഥ അർഥം പറഞ്ഞു: അല്ലാഹു മുസ്‌ലിംകളുടേയും ദൈവമാണ്; ക്രിസ്ത്യാനിക ളുടേയും ദൈവമാണ്; യഹൂദികളുടേയും ദൈവ മാണ്; ഏതുവരെയെന്നാൽ നിരീശ്വരവാദികളുടേ യും ദൈവമാണ്. ഇതു വളരെ അഗാധമായ പോ യന്റാണ്. ഇതുമുഖേന സമാധാനം സ്ഥാപിത മാകുന്നില്ലായെങ്കിൽപിന്നെ മറ്റൊന്നുകൊണ്ടും സമാധാനം സ്ഥാപിതമാകുകയില്ല.

ഒരു അതിഥി Grunniger സാഹിബ് പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പരസ്പരം മനസ്സിലാക്കുന്നതിനേയും പരസ്പരം അഭിപ്രാ യ വിനിമയം നടക്കേണ്ടതിനേയും കുറിച്ചാണ് സംസാരിച്ചത്. ഇക്കാര്യമാണ് ഇന്ന് ലോകത്തിന് ആവശ്യമായിട്ടുള്ളത്. അവിടത്തെ വാക്കുകൾ ഇന്ന് എന്നെ ലോകത്തിന്റെ വർത്തമാനകാലാവ സ്ഥയെക്കുറിച്ച് ചിന്തിക്കാൻ നിർബന്ധിച്ചിരിക്കു ന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വിശു ദ്ധഖുർആനിലെ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട്, ഇസ്‌ലാം ഒരിക്കലും ഭീകരപ്രവർത്തനങ്ങളുടെ മതമല്ലെന്ന് വ്യക്തമാക്കുകയുണ്ടായി. ശത്രു ക്കൾക്കുപോലും മാപ്പുകൊടുത്ത മനുഷ്യനായി രുന്നു നബി(സ) തിരുമേനിയെന്ന് അദ്ദേഹം പ റഞ്ഞു. ഖലീഫയുടെ പ്രസംഗം കേട്ട് ആദ്യമായി എനിക്ക് ഇസ്‌ലാമെന്താണെന്ന് മനസ്സിലായി. ഇസ്‌ലാം സ്നേഹത്തിന്റേയും പ്രീതിയുടേയും മതമാണ്. മാധ്യമങ്ങൾ കാണിച്ചുകൊണ്ടിരിക്കു ന്നതുപോലുള്ള മതമല്ല ഇസ്‌ലാം. മനുഷ്യകു ലത്തെ തന്നിലേക്ക് വശീകരിക്കുന്ന എന്തോ ഒന്ന് നിങ്ങളുടെ ഖലീഫയിലുണ്ട്. നിങ്ങളുടെ ഖലീഫ കാന്തംപോലെയാണ്.

ഒരു അതിഥി Mr.Jounas പറഞ്ഞു: അഹ്മ ദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗത്തിന്റെ കേന്ദ്രബിന്ദു സമാധാനം തന്നെയായിരുന്നു; അദ്ദേഹം എന്തൊന്നു പറഞ്ഞുവോ അതെല്ലാം സത്യമാണെന്നതാണ് ഏറ്റവും ഉത്തമമായ കാ ര്യം. ജനിക്കുന്നത് എല്ലാവരും സമന്മാരായി ട്ടാണെന്ന് അവിടന്ന് പറഞ്ഞു. അതിൽ ഒരു വ്യത്യാസവുമില്ല. ചിലർ കറുത്തവരാണ്. ചിലർ വെളുത്തവരാണ്. പക്ഷേ, എല്ലാവർക്കും ഒരേ കഴിവുകളാണുള്ളത്. അല്ലാഹു എല്ലാവർക്കും ഒരേരീതിയിലുള്ള കഴിവുകൾ നല്കിയിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ഈസന്ദേശത്തിന്റെ ആവശ്യ മാണുള്ളത്. കഴിഞ്ഞ കാലത്ത് ചെയ്തുപോയ തെറ്റുകൾ നമ്മൾ ആവർത്തിക്കാതിരിക്കേണ്ടതാ ണ്. ആയുധങ്ങളുടെ ശക്തികൊണ്ട് സമാധാനം സ്ഥാപിക്കരുത്. മറിച്ച് സ്നേഹംകൊണ്ടും പ്രീതി കൊണ്ടും സമാധാനംകൊണ്ടും സ്ഥാപിക്കുക. അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ ഓരോ പോ യന്റും ന്യായശാസ്ത്രപരമായതും എല്ലാ കാര്യ ങ്ങളും അടങ്ങുന്നതുമായിരുന്നു.

ഒരു അതിഥി Mr.Simon സാഹിബ് പറഞ്ഞു: അഹ്മദിയ്യാ മജാഅത്തിന്റെ ഇമാം എന്തൊന്ന് വിവരിച്ചുവോ അതെല്ലാം സത്യവും യുക്തിനിർഭ രവുമാണ്. വളരെ തന്റേടത്തോടുകൂടി തന്റെ നി ലപാട് അവതരിപ്പിച്ചു. നിർഭയമായും ഭീഷണി ഒന്നു വകവെക്കാതെയും തന്റെ നിലപാട് സ്ഥാപി ച്ചു. അദ്ദേഹം തന്റെ പ്രസംഗത്തിൽ വർത്തമാന കാലത്തെ വംശീയവിവേചനം, ഭീകരപ്രവർത്തനം തുടങ്ങിയവപോലുള്ള എല്ലാ കാര്യങ്ങളേയും വലയം ചെയ്യുകയും അവയെ കുറിച്ചുള്ള ഇസ് ലാമിന്റെ യഥാർഥമായ അധ്യാപനങ്ങൾ അവത രിപ്പിക്കുകയും ചെയ്തു. താങ്കൾ ഒറ്റയ്ക്കല്ലെന്നും ഞാനും അങ്ങയുടെ സന്ദേശം പ്രചരിപ്പിക്കുന്ന തിൽ അങ്ങയോടൊപ്പമുണ്ടെന്നും പറയാനാഗ്ര ഹിക്കുന്നു. കാരണ ഖലീഫയുടെ വാക്കുകളിൽ നന്മ മാത്രമെ കാണാൻ കഴിയുന്നുള്ളൂ.

*

## 123-ാമത്
## ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീ ഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്ത ആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസ സാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതി കളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാ അത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടു കൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാ വർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെ ടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ്-ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin